2022 സെപ്റ്റംബർ പുസ്തകം 14 ലക്കം 9 പേജ് 40 ISSN 0970 - 0579 വില: 4 രൂപ

# ഇന്ത്യൻ നാളികേര ജേണൽ






കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള രാജഭാഷാ കീർത്തി പുരസ്കാരം രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ ശ്രീ. ഹരിവൻഷ് നാരായൻ സിങ്ങിൽ നിന്ന് നാളികേര വികസന ബോർഡ് മുഖ്യ നാളികേര വികസന ഓഫീസർ ഡോ. ഹനുമന്ത് ഗൗഡ ഏറ്റുവാങ്ങുന്നു.





## വർണാഭവും വ്യത്യസ്തവുമായ പരിപാടികളോടെ ലോക നാളികേര ദിനാഘോഷം 3 വേദികളിൽ



# ഇന്ത്യൻ നാളികേര ജേണൽ

പുസ്തകം 14 ലക്കം 09

2022 സെപ്റ്റംബർ

കൊച്ചി – 11


## നാളികേര വികസന ബോർഡ്


### ഉപദേശകസമിതി

**ചെയർമാൻ**

ഡോ. എൻ വിജയലക്ഷ്മി ഐഎഎസ്

**അംഗങ്ങൾ**

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്

ഡോ. ജിജു പി അലക്സ്

ശ്രീ. പി.ആർ. മുരളീധരൻ

**പത്രാധിപസമിതി**

ഡോ. സി. തമ്പാൻ

ശ്രീ. മുരളീധരൻ തഴക്കര

**ചീഫ് എഡിറ്റർ**

ഡോ. ബി ഹനുമന്ത് ഗൗഡ

**എഡിറ്റർ**

ശ്രീമതി. ദീപ്തി നായർ എസ്

**അസിസ്റ്റന്റ് ഡയറക്ടർ**

ശ്രീമതി. മിനി മാത്യു

**പബ്ലിസിറ്റി ഓഫീസർ**

ശ്രീമതി. സോന ജോൺ

**ഡെപ്യൂട്ടി എഡിറ്റർ**

ആബെ ജേക്കബ്



### നാളികേര വികസന ബോർഡ്

(കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രാലയം, ഭാരത സർക്കാർ)

കേര ഭവൻ, എറണാകുളം, കൊച്ചി – 682 011.

ഫോൺ : 0484 – 2377266, 2377267, 2376553, 2375266, 2376265

ഫാക്സ് : 91-0484-2377902

Grams : KERABOARD

E-mail : kochi.cdb@gov.in

Website : www.coconutboard.gov.in

**വരിസംഖ്യ**

പ്രതിവർഷം 40 രൂപ, ഒറ്റപ്രതി 4 രൂപ

തെങ്ങുകൃഷിയുടെയും വ്യവസായത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സിപിഎസ്, ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും നൂതന നിരീക്ഷണങ്ങളും ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിലും പരസ്യങ്ങളിലും മറ്റും പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ ബോർഡിന്റേതായി പരിഗണിക്കപ്പെടാവുന്നതല്ല. മണി ഓർഡറും കത്തുകളും ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-682 011 എന്ന വിലാസത്തിൽ അയക്കുക. അപേക്ഷകന്റെ വിലാസം വ്യക്തമായി പിൻകോഡ് സഹിതം എഴുതേണ്ടതാണ്.


കേരകൃഷിയുടേയും വ്യവസായത്തിന്റേയും സർവ്വതോന്മുഖമായ വികസനത്തിനുവേണ്ടി 1979 – ലെ പാർലമെന്റ് നിയമമനുസരിച്ച് രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണാധികാര സ്ഥാപനമായ നാളികേര വികസനബോർഡ് 1981 ജനുവരി 12ന് നിലവിൽ വന്നു. കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബോർഡിന്റെ ആസ്ഥാനം കൊച്ചിയിലാണ്. ബാംഗ്ലൂർ, ഗോഹട്ടി, ചെന്നൈ, പാറ്റ്ന എന്നിവിടങ്ങളിലായി പ്രാദേശിക കാര്യാലയങ്ങളും ഭുവനേശ്വർ, കൽക്കട്ട, പോർട്ട് ബ്ലെയർ, ഹൈദരാബാദ്, താനെ, ഡൽഹി എന്നിവിടങ്ങളിലായി സംസ്ഥാനതല കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

### ചുമതലകൾ

• കേര വ്യവസായത്തിന്റെ വളർച്ചയ്ക്കും, വികസനത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക. • നാളികേരത്തിന്റെയും നാളികേരോത്പന്നങ്ങളുടേയും വിപണനം മെച്ചപ്പെടുത്തുന്നതിനു വേണ്ടതായ മാർഗ്ഗ നിർദ്ദേശങ്ങൾ ശുപാർശ ചെയ്യുക • കേര കൃഷി, സംസ്കരണം, വിപണനം എന്നീ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന വ്യക്തികൾക്ക് ആവശ്യമായ സാങ്കേതികോപദേശം നൽകുക. • ഉൽപാദന ശേഷി കൂടിയ സങ്കരയിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും, ആധുനിക കൃഷിമുറകൾ പ്രചരിപ്പിക്കുന്നതിനും, നാളികേര സംസ്കരണത്തിന് ആധുനിക സാങ്കേതിക വിദ്യ അവലംബിക്കുന്നതിനും പുനഃകൃഷിയടക്കമുള്ള മാർഗ്ഗങ്ങൾ വഴി കൂടുതൽ സ്ഥലത്തേക്ക് തെങ്ങു കൃഷി വ്യാപിപ്പിക്കുന്നതിനും സാമ്പത്തിക സഹായങ്ങളും മറ്റു സഹായങ്ങളും നൽകുക. • നാളികേരത്തിനും കേരോത്പന്നങ്ങൾക്കും ഏറ്റവും കുറഞ്ഞതും കൂടിയതുമായ വിലകൾ ശുപാർശ ചെയ്യുന്നതടക്കം കേര കർഷകന് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് പ്രായോഗിക നടപടികൾ ശുപാർശ ചെയ്യുക. • കേര കർഷകർ, വ്യാപാരികൾ, വ്യവസായികൾ മുതലായവരിൽ നിന്നും കേരവ്യവസായവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളേയും കുറിച്ച് സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക. • നാളികേരത്തിനും, നാളികേരോൽപന്നങ്ങൾക്കും വിവിധ ഗ്രേഡുകൾ, വ്യവസ്ഥകൾ, പ്രമാണങ്ങൾ എന്നിവ നിശ്ചയിക്കുക. • കേന്ദ്ര ഗവൺമെന്റുമായും, വ്യാപകമായി തെങ്ങു കൃഷിയുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായും കൂടിയാലോചിച്ച് നാളികേരോൽപാദനം വർദ്ധിപ്പിക്കുന്നതിനും തെങ്ങിന്റെ വർഗ്ഗ ഗുണവും, വിളവും വർദ്ധിപ്പിക്കുന്നതിനും പര്യാപ്തമായ പദ്ധതികൾക്ക് ധനസഹായം നൽകുക. • ഇതിനായി കേര കർഷകർഷകർക്കും, നാളികേരോത്പന്നങ്ങൾക്കും വിപണന സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക. • നിലവിലുള്ള സ്ഥാപനങ്ങൾ മുഖേന നാളികേരത്തേയും, നാളികേരോത്പന്നങ്ങളെയും പറ്റിയുള്ള ഗവേഷണങ്ങളെ സഹായിക്കുകയും, പ്രോത്സാഹിപ്പിക്കുകയും, സാമ്പത്തികമായി സഹായിക്കുകയും ചെയ്യുക. • നാളികേരത്തേയും, നാളികേരോത്പന്നങ്ങളേയും കുറിച്ചുള്ള ഗവേഷണം, വികസനം എന്നിവ സംബന്ധിച്ച പുസ്തകങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും പ്രസിദ്ധപ്പെടുത്തുന്നതടക്കമുള്ള പ്രചാരണ പരിപാടികൾ നടത്തുക. • തെങ്ങ് വളരുന്ന സംസ്ഥാനങ്ങളിലും, കേന്ദ്ര ഭരണ പ്രദേശങ്ങളിലും നാളികേരത്തിന്റേയും നാളികേരോത്പന്നങ്ങളുടേയും ഉല്പാദനം, ഗ്രേഡിംഗ്, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി പ്രാദേശിക കാര്യാലങ്ങളും മറ്റ് ഏജൻസികളും സ്ഥാപിക്കുക. • വ്യാപകമായ തോതിൽ കേര കൃഷിയുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായി കൂടിയാലോചിച്ച് കേന്ദ്ര ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുള്ള മറ്റു നടപടികൾ സ്വീകരിക്കുക.


*Printed and published by Mini Mathew, Publicity Officer on behalf of Coconut Development Board, Kochi-682 011 Printed at M/s KBPS, Kakkanad, Kochi-30*




# ഉള്ളടക്കം


05  **സന്ദേശം**

06  **വർണാഭവും വ്യത്യസ്തവുമായ പരിപാടികളോടെ ലോക നാളികേര ദിനാഘോഷം 3 വേദികളിൽ**
സിഡിബി ന്യൂസ് ബ്യൂറോ

08  **പ്രധാന മന്ത്രി ശ്രീ. മോദി ഗ്രാമീണ കർഷകരെ മറന്നിട്ടില്ല: കേന്ദ്ര മന്ത്രി ശ്രീ. തോമർ**
സിഡിബി ന്യൂസ് ബ്യൂറോ

09  **ദേശീയ പുരസ്കാര സമർപ്പണം, രാജ്യാന്തര പ്രദർശനം**
ആബെ ജേക്കബ്

12  **കേരകൃഷിയിൽ പുതിയ അറിവുകളുമായി ശിൽപ്പശാല: നേർസാക്ഷ്യമായി കൃഷിയിടക്കാഴ്ച്ചകൾ**
എസ് കുമാരവേൽ

29  **കുരുത്തോലപ്പന്തൽ**

32  **വാർത്തകൾ**

34  **തെങ്ങിൻ തോപ്പിൽ ഒക്ടോബറിലെ കൃഷിപ്പണികൾ**
സി. തമ്പാൻ, പി. സുബ്രഹ്മണ്യൻ, ജോസഫ് രാജ്കുമാർ

36  **കമ്പോളം**

# സന്ദേശം

പ്രിയ നാളികേര കർഷകരെ,

ലോക നാളികേര ദിനാഘോഷത്തിനായി ആഗോള നാളികേര സമൂഹം നേരിട്ടും അല്ലാതെയും ഇന്ത്യയിൽ കേന്ദ്രീകരിച്ചതിന് ഇക്കഴിഞ്ഞ സെപ്റ്റംബർ മാസം സാക്ഷ്യം വഹിച്ചു. നാളികേരത്തിന്റെ നല്ല കൃഷി രീതികൾ വികസിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന രൂപരേഖ, ഈ സമ്മേളനത്തിൽ ക്രോഡീകരിക്കപ്പെട്ടു എന്നതാണ് മറ്റൊരു സുപ്രധാന സംഭവം.

ലോകമെമ്പാടുമുള്ള കൃഷി സമ്പ്രദായം കൂടുതൽ കാര്യക്ഷമവും, സമഗ്രവും, സുസ്ഥിരവും, കാർഷിക ഭക്ഷ്യ ക്രമത്തിലേയ്ക്ക് ഉള്ള മാറ്റത്തിനായി ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്ത സമയത്താണ് നല്ല കൃഷി രീതികളെ കുറിച്ചുള്ള അന്താരാഷ്ട്ര ശിൽപശാല ഇന്ത്യയിൽ നടത്തപ്പെട്ടത്. മെച്ചപ്പെട്ട ഉൽപാദനം, പോഷകാഹാരം, പരിസ്ഥിതി, എല്ലാവർക്കും നല്ല ജീവിതം എന്നതാണ് അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെ ലക്ഷ്യം. ഭക്ഷ്യസുരക്ഷയിലേയ്ക്കും പോഷകാഹാരത്തിലേയ്ക്കും ഭക്ഷ്യഗുണമേന്മയിലേയ്ക്കും ഭക്ഷ്യസുരക്ഷിതത്വത്തിലേയ്ക്കുമുള്ള പ്രയാണത്തിൽ നാം ആഹരിക്കുന്ന ഭക്ഷണത്തിനു മാത്രമല്ല, ജീവിക്കുന്ന പരിസ്ഥിതിക്കും, നമ്മെ തീറ്റി പോറ്റുന്ന കർഷകനും പരമമായ പ്രാധാന്യം കൈവരുന്നു. ഏകോപിത സൽകൃഷി രീതികൾ, ഉൽപാദനം, ശുചിത്വം തുടങ്ങിയവ വികസിപ്പിക്കുന്നതിന് അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെ നേതൃത്വത്തിനു കീഴിൽ ഉചിത സമിതിയായി ശിൽപശാല മാറുകയായിരുന്നു.

മുഖ്യ നാളികേര ഉൽപാദക രാജ്യങ്ങളായ ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ഇന്ത്യ, ശ്രീലങ്ക, മലേഷ്യ, തായ്‌ലാൻഡ്, വിയറ്റ്നാം എന്നീ രാജ്യങ്ങളിലെ വിദഗ്ധർ അവരുടെ രാജ്യങ്ങളിൽ നിലവിലുള്ള നല്ല കൃഷി രീതികൾ ശിൽപശാലയിൽ അവതരിപ്പിച്ചു. ദ്വീപ്‌രാജ്യങ്ങളിലെയും ഭൂഖണ്ഡരാജ്യങ്ങളിലെയും കൃഷി രീതികളിലെ വൈജാത്യം വ്യക്തവും, അതിനാൽതന്നെ ഏകീകൃത നിലവാരത്തിന്റെ ആവശ്യകതയിലേയ്ക്കു വിരൽ ചൂണ്ടുന്നതും ആയിരുന്നു. സൂര്യപ്രകാശം, ജലം, വായു, പോഷകങ്ങൾ, മൃഗ-സസ്യ ജാലങ്ങൾ എന്നിവയുടെ വിവേകപൂർവമായ ഉപയോഗം വഴി സുസ്ഥിര നാളികേര ഉൽപാദനത്തിനുള്ള സാങ്കേതിക വിദ്യകളുടെ വികസനം, പ്രദർശനം, കൈമാറ്റം എന്നിവ ഊർജ്ജസ്വലമായ നാളികേര മേഖലയുടെ പുരോഗതി ഉറപ്പാക്കുകയും, കോടിക്കണക്കിന് നാളികേര കർഷകരെ ഭക്ഷ്യ സുരക്ഷ, ഉപജീവന സുരക്ഷ, സാമൂഹിക സുരക്ഷ എന്നിവയിലേയ്ക്കു നയിക്കുകയും ചെയ്യും.

തദ്ദേശീയവും വിദേശീയവുമായ ജനിതകശേഖര സംരക്ഷണം, വ്യാപനം , ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനത്തിനാവശ്യമായ സാങ്കേതികവിദ്യ വികസനം, ടിഷ്യു കൾച്ചർ തുടങ്ങിയവ തെങ്ങിൻ തോപ്പുകളിൽ നിന്നുള്ള ലാഭത്തോടൊപ്പം ചെറുകിട നാളികേരകർഷരുടെ ആദായവും ഉയർത്തും. താഴെ തട്ടിൽ നിന്നു തന്നെ സംസ്കരണത്തിനും മൂല്യവർധനവിനുമുള്ള സൗകര്യങ്ങൾ, വിളവെടുപ്പാനന്തര പ്രവർത്തനങ്ങൾ, ലഘുസംസ്കരണം, ഉപഭോക്താക്കളുടെ മാറുന്ന ആരോഗ്യ, ജീവിതശൈലീ അഭിരുചികൾക്ക് അനുസൃതമായി നൂതന ഉൽപ്പന്നങ്ങളിലേയ്ക്കുള്ള ചുവടുമാറ്റം എന്നിവ കർഷകരിൽ സംരംഭകത്വം വികസിപ്പിക്കുകയും അവരെ വ്യത്യസ്തമായി ചിന്തിക്കുന്നവരും, കാര്യക്ഷമതയുള്ളവരും, അപ്രാപ്യലക്ഷ്യങ്ങൾ പോലും നേടുന്നതിന് ശക്തിയുള്ളവരുമാക്കും.

ചെറുകിട, ഇടത്തരം നാളികേര കർഷകരുടെ പ്രാധാന്യം ഗ്രൂപ്പ് സാക്ഷ്യപത്രത്തിനുള്ള സാധ്യതയും തുറക്കുന്നു. ബോർഡിന്റെ കീഴിലുള്ള കർഷകകൂട്ടായ്മകൾ വഴി ഇതു സാധ്യമാണ്. ഭക്ഷ്യസുരക്ഷ, നല്ല കൃഷി രീതികൾ ഉൾപ്പെടെ ഭക്ഷ്യ വ്യവസായം, സമഗ്രസംവിധാനം, എച്ച്എസിസിസപി(ഹസാർഡ് അനാലിസിസ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ്), നയങ്ങൾ, നിർവഹണ സംവിധാനങ്ങൾ തുടങ്ങിയവ നാളികേര മേഖലയ്ക്കു നല്ല രീതിയിൽ പ്രയോജനകരമാകും.

മെച്ചപ്പെട്ട കൃഷി രീതികൾ അനുവർത്തിച്ചാൽ എപ്പോഴും മുന്തിയ വില ലഭ്യമാകണമെന്നില്ല. പക്ഷെ, ആഗോള വിപണിയിൽ ഇതുവരെ അപ്രാപ്യമെന്നു കരുതിപ്പോന്ന അവസരങ്ങൾ നമുക്കു തുറന്നു കിട്ടും. ഈ വസ്തുത കർഷകരെ ബോധ്യപ്പെടുത്തണം.

അതിനാൽ, ലക്ഷക്കണക്കിനു ചെറുകിട നാളികേര കർഷകർക്കും, ജീവന്റെ വൃക്ഷമായി ദൈവം വരമായി നൽകിയ ഈ അത്ഭുത വിളയ്ക്ക് വസതിയായ ഭൂമിമാതാവിനും, പ്രയോജനകരമാകുന്ന തരത്തിൽ നാളികേര മേഖലയെ സമഗ്രമായി വികസിപ്പിക്കാൻ നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം.

എഡിറ്റർ



# വർണ്ണാഭവും വ്യത്യസ്തവുമായ പരിപാടികളോടെ ലോക നാളികേര ദിനാഘോഷം 3 വേദികളിൽ

**സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി**




**ഗുജറാത്തിലെ ജുനഗഡിലും കൊച്ചിയിലുമായി മൂന്ന് ദിനം നീണ്ട ലോക നാളികേര ദിനാഘോഷം**

24-ാമത് ലോക നാളികേര ദിനത്തോടനുബന്ധിച്ച് 2022 സെപ്റ്റംബർ 2 ന് രാജ്യത്ത് ഇക്കുറി വിപുലമായ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ഇന്ത്യയിലെ രണ്ടു സംസ്ഥാനങ്ങളിൽ മൂന്നു വേദികളിലായി നടന്ന വൈവിധ്യമാർന്ന പരിപാടികൾക്ക് രാജ്യത്തിനകത്തും പുറത്തും നിന്നുള്ള കർഷക പ്രതിനിധികളും ഉദ്യോഗസ്ഥരും സാക്ഷ്യം വഹിച്ചു.

ഗുജറാത്തിലെ ജുനഗഡിൽ രണ്ടു വേദികളിൽ നടന്ന പരിപാടികളിൽ കേന്ദ്ര സംസ്ഥാന മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും ആയിരത്തോളം നാളികേര കർഷകരും പങ്കെടുത്തു. ജുനഗഡിലെ ബഹുമാലി ഭവനിൽ നാളികേര വികസന ബോർഡിന്റെ ആറാമത്തെ സംസ്ഥാന തല ഓഫീസിന്റെയും, ലോക നാളികേര ദിനത്തിന്റെയും ഉദ്ഘാടനം നാട മുറിച്ചും നിലവിളക്കു തെളിച്ചും കേന്ദ്ര കൃഷി കർഷക ക്ഷേമ വകുപ്പു മന്ത്രി ശ്രീ. നരേന്ദ്ര സിംങ് തോമർ നിർവഹിച്ചു. നാളികേര വികസന ബോർഡ് അവർഡു ജോതാക്കളെയും അദ്ദേഹം തദവസരത്തിൽ പ്രഖ്യാപിച്ചു. തുടർന്ന് ജുനഗഡ് കാർഷിക സർവകലാശാലയിൽ എത്തിയ മന്ത്രി അവിടെ സമ്മേളിച്ചിരുന്ന ആയിരത്തോളം നാളികേര കർഷകരെ അഭിസംബാധന ചെയ്തു. പിന്നീട് വിദഗ്ധർ പങ്കെടുത്ത നാളികേര ശിൽപശാലയും നടന്നു.

ഇതെ സമയം തന്നെ, കൊച്ചി മരടിലുള്ള ലെ മെറിഡിയൻ ഹോട്ടലിൽ നാളികേര വികസന ബോർഡിന്റെയും അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെയും (ഐസിസി) സംയുക്താഭിമുഖ്യത്തിൽ നാളികേര ദിനാഘോഷ പരിപാടികൾ നടന്നു. നാളികേര കൃഷി - വ്യവസായ, അനുബന്ധ മേഖലകളിൽ മികവു പുലർത്തിയവർക്കും, നാളികേരം, നാളികേര ഉൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി രംഗത്ത് നേട്ടങ്ങൾ കൈവരിച്ചവർക്കുമുള്ള പുരസ്കാര സമർപ്പണം, നാളികേരത്തിന്റെ മെച്ചപ്പെട്ട കൃഷി രീതികളെ കുറിച്ച് രാജ്യത്തിനകത്തും പുറത്തും നിന്നുള്ള വിദഗ്ധർ പങ്കെടുത്ത ദ്വിദിന ശിൽപശാല, പൊള്ളാച്ചിയിലെ മാതൃകാ നാളികേര തോട്ടങ്ങളിലേയ്ക്ക് പഠനയാത്ര എന്നിവയും നടന്നു. രാജ്യത്തെ വിവിധ നാളികേര ഉൽപാദക സംസ്ഥാനങ്ങളിൽ നിന്ന് 500 കർഷക പ്രതിനിധികൾ, കൃഷിവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

മെച്ചപ്പെട്ട ഭാവിക്കും ജീവിതത്തിനുമായി നാളികേരം കൃഷി ചെയ്യൂ എന്നതായിരുന്നു ഈ വർഷത്തെ നാളികേര ദിനത്തിന്റെ പ്രമേയം. ലോകമെമ്പാടുമുള്ള എല്ലാ നാളികേര ഉൽപാദക രാജ്യങ്ങളിലും നാളികേര ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു.

# നാളികേര മേഖലയിൽ ഇന്ത്യ മുന്നേറുന്നു: കേന്ദ്ര കൃഷി മന്ത്രി ശ്രീ. തോമർ

സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി




നാളികേര കൃഷിക്കൊപ്പം സംസ്കരണ വിപണന മേഖലകളിലും രാജ്യം മുന്നേറുകയാണ് എന്ന് കൃഷി കർഷക ക്ഷേമ മന്ത്രി ശ്രീ.നരേന്ദ്ര സിംങ് തോമർ പ്രസ്താവിച്ചു. നാളികേര കയറ്റുമതിയുടെ കാര്യത്തിലും ഇന്ത്യ മുൻനിരയിലാണ് എന്നും മന്ത്രി തുടർന്നു. നാളികേര വികസന ബോർഡിന്റെ ആറാമത്തെ സംസ്ഥാന കേന്ദ്രം ഗുജറാത്തിലെ ജുനഗഡിൽ 2022 സെപ്റ്റംബർ 2 ന് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. 24-ാമത് ലോക നാളികേര ദിനാഘോഷങ്ങളുടെ ഉദ്ഘാടനവും തദവസരത്തിൽ മന്ത്രി നിർവഹിക്കുകയുണ്ടായി.

നാളികേര വികസന ബോർഡിലൂടെ നാളികേര കർഷകർക്ക് കേന്ദ്ര ഗവൺമെന്റിന്റെ വിവിധ ക്ഷേമപദ്ധതികളിൽ നിന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. കാർഷികാദായം വർധിപ്പിക്കുന്നതിനൊപ്പം രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്കും അവർ വലിയ സംഭാവനകളാണ് നൽകുന്നത് എന്നും മന്ത്രി ശ്രീ. തോമർ ചൂണ്ടിക്കാട്ടി.

അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെ സ്ഥാപക ദിനം അനുസ്മരിക്കുന്നതിനാണ് എല്ലാ വർഷവും സെപ്റ്റംബർ 2 ലോക നാളികേര ദിനമായി ആചരിക്കുന്നത്. മെച്ചപ്പെട്ട ജീവിതത്തിനും ഭാവിക്കും നാളികേരം കൃഷി ചെയ്യൂ എന്നതാണ് ഈ വർഷത്തെ നാളികേര ദിന പ്രമേയം. നാളികേര വികസന ബോർഡിന്റെ ദേശീയ പുരസ്കാരങ്ങളും കയറ്റുമതിയിൽ മികവിന്റെ പുരസ്കാരങ്ങളും കരസ്ഥമാക്കിയവരെ തദവസരത്തിൽ മന്ത്രി ശ്രീ. തോമർ അഭിനന്ദിക്കുകയും ചെയ്തു. നാളികേര കർഷകരുടെ കൊച്ചിയിലെ സമ്മേളനത്തിൽ മന്ത്രിയുടെ പ്രസംഗവും മറ്റു ചടങ്ങുകളും വിഡിയോ കോൺഫറൺസിലൂടെ പ്രദർശിപ്പിച്ചു

ചരിത്രാതീത കാലം മുതൽ ആരാധനകൾക്കും വെളിച്ചെണ്ണ ഉൽപാദനത്തിനുമാണ് നാളികേരം പ്രധാനമായും ഉപയോഗിച്ചിരുന്നത്. എന്നാൽ ഇപ്പോൾ സംസ്കരണത്തിലൂടെ നിരവധി ഉൽപ്പന്നങ്ങൾ നാളികേരത്തിൽ നിന്നു നിർമ്മിക്കുന്നുണ്ട് എന്ന് മന്ത്രി തന്റെ പ്രസംഗത്തിൽ വിശദീകരിച്ചു. ഇത്തരം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണി ഇന്ത്യക്ക് അകത്തും പുറത്തും വികസിക്കുകയാണ്. ലോകവിപണിയിൽ നാളികേര കയറ്റുമതിയുടെ കാര്യത്തിൽ ഇന്ത്യ ഇന്ന് മുൻ നിരയിൽ എത്തിയിരിക്കുന്നു. സംസ്ഥാനങ്ങളുമായി സഹകരിച്ച് കേന്ദ്ര ഗവൺമെന്റ് നാളികേര കൃഷിയും സംസ്കരണവും വർധിപ്പിക്കുന്നതിന് തുടർച്ചയായി ശ്രമിച്ചു വരുന്നു. അതിനായി നാളികേര വികസന ബോർഡു വഴി നിരവധി കർഷക ക്ഷേമ പദ്ധതികൾ അതീവ ശ്രദ്ധാപൂർവം നടപ്പാക്കുന്നു. തെങ്ങു കൃഷി വളരെ നല്ല കാർഷിക പ്രവൃത്തനമാണ് എന്നും മന്ത്രി അഭിപ്രായപ്പെട്ടു. അത് എത്രത്തോളം വർധിക്കുന്നുവോ അതനുസരിച്ച് കർഷകരും രാജ്യവും സാമ്പത്തികമായി മുന്നേറുമെന്നും മന്ത്രി തുടർന്നു.

നാളികേര വികസന ബോർഡ് ഗുജറാത്തിൽ ആരംഭിച്ചിരിക്കുന്ന പുതിയ സ്റ്റേറ്റ് സെന്റർ കൃഷിക്കാർക്ക് വളരെ പ്രയോജനകരമാകും, ഈ ഓഫീസിന്റെ നേതൃത്വത്തിൽ ഗുജറാത്തിൽ നാളികേര കൃഷിമേഖല കൂടുതൽ വിസ്തൃതമാകുകയും അതിലൂടെ നാളികേര കർഷകരുടെ വരുമാനം വർധിക്കുകയും ചെയ്യും - മന്ത്രി പ്രതീക്ഷ പ്രകടിപ്പിച്ചു.

മുഖ്യമന്ത്രി ശ്രീ. ഭൂപേന്ദ്ര പട്ടേലിന്റെ നേതൃത്വത്തിലുള്ള ഗുജറാത്ത് ഗവൺമെന്റ് കാർഷിക രംഗത്ത് നടത്തുന്ന ആത്മാർത്ഥ ശ്രമങ്ങളെ മന്ത്രി ശ്രീ. നരേന്ദ്രസിംങ് തോമർ പ്രശംസിച്ചു. സംസ്ഥാനത്ത് നല്ല മഴ ലഭിക്കുന്നു. കാർഷിക വികസനവുമായി ബന്ധപ്പെട്ട പദ്ധതികളിൽ കൃഷിക്കാരും സന്തുഷ്ടരാണ്. അദ്ദേഹം പറഞ്ഞു.

തുടർന്ന് ജുനഗഡ് കാർഷിക സർവകലാശാലയിൽ എത്തിയ മന്ത്രി അവിടെ കർഷക സമ്മേളനത്തെ അഭിസംബോധന ചെയ്തു. സംസ്ഥാന കൃഷി , മൃഗ സംരക്ഷണ, പശു പരിപാലന വകുപ്പു മന്ത്രി ശ്രീ. രാഘവ്ജിഭായി പട്ടേൽ, ജുനഗഡ് എംപി ശ്രീ രാജേഷ് ഭായി ചൗഡസമ, ജുനഗഡ് എം എൽ എ മറ്റ് ജനപ്രതിനിധികൾ, കേന്ദ്ര ഹോർട്ടിക്കൾച്ചർ കമ്മിഷണർ ഡോ. പ്രഭാത് കുമാർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. ജുനഗഡ് ഭരണാധികാരികളും നാളികേര വികസന ബോർഡും സംയുക്തമായാണ് ചടങ്ങ് സംഘടിപ്പിച്ചത്. കൃഷി കർഷക ക്ഷേമ മന്ത്രാലയം ജോയിന്റ് സെക്രട്ടറിയും നാളികേര വികസന ബോർഡ് ചെയർമാനുമായ ഡോ. വിജയലക്ഷ്മി നദേൻ്ല ഐ.എ.എസ് സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു.

രാവിലെ 9 ന് ആരംഭിച്ച രജിസ്ട്രേഷനു ശേഷം 9.30 മുതൽ നാളികേരത്തിന്റെ നല്ല കൃഷിരീതികൾ എന്ന വിഷയത്തെ കുറിച്ച് സർവകലാശാലയിൽ ശിൽപശാല നടന്നു. ഗുജറാത്തിൽ നിന്ന് ആയിരത്തിലധികം കർഷകർ സമ്മേളനത്തിലും ശിൽപശാലയിലും പങ്കെടുത്തു. കടപ്പാട്: പ്രസ് ഇൻഫർമേഷൻ ബ്യൂറോ. ■

# പ്രധാന മന്ത്രി ശ്രീ. മോദി ഗ്രാമീണ കർഷകരെ മറന്നിട്ടില്ല

## കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രി ശ്രീ. തോമറിന്റെ പ്രസംഗം

**സിഡിബി ന്യൂസ് ബ്യൂറോ**, കൊച്ചി

രാജ്യത്തെ പാവപ്പെട്ട ഗ്രാമീണ കർഷകരെ മറക്കാതെ തന്നെ ഇന്ത്യയുടെ ശക്തി ലോകത്തെ ബോധ്യപ്പെടുത്തിയ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ആഗോളതലത്തിൽ രാജ്യത്തിന്റെ യശസ് ഉയർത്തി എന്ന് കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രി ശ്രീ. നരേന്ദ്ര സിംങ തോമർ പ്രസ്താവിച്ചു. പാവപ്പെട്ടവർ ശാക്തീകരിക്കപ്പെട്ടാൽ രാജ്യത്തിന്റെ ശേഷി വർധിക്കും. ഗ്രാമങ്ങൾ വികസിച്ചാൽ രാജ്യം വികസിക്കും. കർഷകരുടെ കുടുംബങ്ങൾ സമ്പന്നമായാൽ മാതൃഭാരതം സമ്പന്നമാകും. ഈ സ്വപ്നം യാഥാർത്ഥ്യമാകുന്നതിന് സ്ഥായിയായ പ്രവർത്തനങ്ങളാണ് പ്രധാനമന്ത്രി നടത്തുന്നത് എന്ന് മന്ത്രി ശ്രീ. തോമർ തുടർന്നു.

ലോക നാളികേര ദിനാഘോഷത്തോടനുബന്ധിച്ച് ഗുജറാത്തിലെ ജുനഗഡ് കാർഷിക സർവകലാശാലയിൽ നടന്ന നാളികേര കർഷകരുടെ സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു മന്ത്രി. ഗുജറാത്തിലെ ഭൂമി നല്ല വളക്കൂറുള്ളതാണ്. രാഷ്ട്രപിതാവ് മഹാത്മ ഗാന്ധിയുടെയും ഇന്ത്യയുടെ ഉരുക്കു മനുഷ്യൻ സർദാർ വല്ലഭായി പട്ടേലിന്റെയും, മുൻ പ്രധാനമന്ത്രി ശ്രീ. മൊറാർജി ദേശായിയുടെയും ജന്മദേശമാണ്. ഗുജറാത്തിനെയും ഈ രാജ്യത്തെയും അനേകം വിഷമഘട്ടങ്ങളിൽ നിന്നും പ്രതിസന്ധികളിൽ നിന്നും ഉദ്ധരിച്ച് ഉയരങ്ങളിലെത്തിച്ച ഇപ്പോഴത്തെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയും ഈ സംസ്ഥാനത്തുകാരനാണ്. ഇതിനു പിന്നിൽ ശ്രീ.നരേന്ദ്ര മോദിയുടെ ത്യാഗവും, തപസും, കഠിനാധ്വാനവും ഉണ്ട്. പ്രധാനമന്ത്രി പദത്തിൽ എത്തുന്നതിനു മുമ്പ് ഗുജറാത്ത് മുഖ്യമന്ത്രി ആയിരിക്കെ നേതൃത്വത്തിലേയ്ക്കുള്ള ശ്രീ. മോദിയുടെ വളർച്ച എല്ലാവരിലും മതിപ്പുളവാക്കിയിരുന്നു. ശ്രീ.മോദി മുഖ്യമന്ത്രി ആയിരിക്കവെയാണ് ഗുജറാത്തിൽ വൻ ഭൂകമ്പം ഉണ്ടായത്. ആ പ്രതിസന്ധിയിലും പതറാതെ നിന്ന അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും, കഠിനാധ്വാനവും, ഭരണ







പാടവവും കൊണ്ട് സംസ്ഥാനം ആ ദുരന്തത്തെ വളരെ ഫലപ്രദമായി നേരിടുകയും ചുരുങ്ങിയ സമയത്തിനുള്ളിൽ വിപത്തിനെ അതിജീവിക്കുകയും ചെയ്തു. രാജ്യം മാത്രമല്ല ലോകമാസകലം ശ്രീ.മോദിയുടെ കാര്യക്ഷമതയെ പുകഴ്ത്തി. നർമദയിലെ ജലം ഗുജറാത്തിന്റെ വരണ്ടുണങ്ങിയ വിദൂര ഗ്രാമങ്ങളിൽ എത്തിച്ച് ആ മേഖലയെ മോദി സമ്പദ് സമൃദ്ധമാക്കി. ഇന്ന് സംസ്ഥാനത്ത് കുടിക്കാനും കൃഷിയിടങ്ങൾ നനയ്ക്കാനും വേണ്ടത്ര വെള്ളം ഉണ്ട്. പണ്ട് ഗുജറാത്ത് അറിയപ്പെട്ടിരുന്നത് വരൾച്ചയുടെ പേരിലാണ്. ഇന്ന പച്ചപ്പിന്റെ പേരിലും.

ഗുജറാത്തിന്റെ വിനോദസഞ്ചാര ഭൂപട വികസനം, തൊഴിലവസര സൃഷ്ടി, വ്യവസായവത്ക്കരണം, നിക്ഷേപ സൗഹൃദ പരിസരം, സദ്ഭരണം തുടങ്ങി എല്ലാ രംഗങ്ങളിലും മോദി ആവിഷ്കരിച്ച് നടപ്പാക്കിയ പരിഷ്കാരങ്ങൾ ഇന്ത്യയിൽ മാത്രമല്ല വിദേശ രാജ്യങ്ങളിലും ഇന്ന് ചർച്ച ചെയ്യപ്പെടുന്ന വികസന മാതൃകയാണ്.

മോദിക്ക് പ്രവർത്തിക്കാനുള്ള ഉത്സാഹമുണ്ട്, നിശ്ചയ ദാർഢ്യമുണ്ട്, ആത്മാർത്ഥതയുണ്ട്, രാജ്യത്തേ മുന്നോട്ടു നയിക്കാനുള്ള പ്രതിബദ്ധതയുണ്ട്. തന്മൂലമാണ് രാജ്യത്ത് ദാരിദ്ര്യ നിർമ്മാർജ്ജനം, അസമത്വ ഉന്മൂലനം, സ്ത്രീ ശാക്തീകരണം, തൊഴിലവസര സൃഷ്ടി, സുസ്ഥിര സമ്പദ് വ്യവസ്ഥ, വർദ്ധിത വ്യവസായവത്ക്കരണം, മെയ്ക്ക് ഇൻ ഇന്ത്യ, സ്റ്റാർട്ട് അപ് ഇന്ത്യ, സ്റ്റാൻഡ് അപ് ഇന്ത്യ, സ്കിൽ ഇന്ത്യ തുടങ്ങിയ പദ്ധതികൾ അതിവേഗം കുതിക്കുന്നത്.

പ്രധാന മന്ത്രി ശ്രീ.മോദിയുടെ കഴിഞ്ഞ എട്ടു വർഷത്തെ ഭരണ കാലയളവിലാണ് രാജ്യത്തിന്റെ അടിത്തറ ബലപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടന്നത്. ഇത് നമുക്ക് എല്ലാവർക്കും അഭിമാനത്തിനും ആദരവിനും വക നൽകുന്നു എന്ന് ശ്രീ.തോമർ ചൂണ്ടിക്കാട്ടി. ലോകത്തിന് മുന്നിൽ ഇന്ത്യയുടെ വിശ്വസ്യത ഉയർത്തുന്ന നടപടികൾ സ്വീകരിക്കാനും വിജയിപ്പിക്കാനും പ്രധാനമന്ത്രിക്ക് സാധിച്ചു. ഇന്ന് ലോകത്തിൽ ഒരു രാഷ്ട്രീയ സമിതിക്കും ഇന്ത്യയെ അവഗണിക്കാനാവില്ല. ഇനി ആരുടെയും മുന്നിൽ മിഴികൾ താഴ്ത്തിയോ ഉയർത്തിയോ നാം സംസാരിക്കേണ്ടതില്ല, മറിച്ച് അന്തസോടെ നേർക്കു നേർ നോക്കാം. കാരണം ഇന്ത്യയുടെ ഉയർന്ന ഔന്നത്യം ഇന്നു ലോകത്തിനു ദൃശ്യമാണ്. ഇന്ത്യയുടെ ശക്തി ലോകമെമ്പാടും അനുഭവിപ്പിക്കുക എന്ന ജോലി വിജയകരമായി പൂർത്തിയാക്കിയത് ശ്രീ. മോദിയുടെ നേതൃത്വത്തിന്റെ കീഴിലാണ്.

രാജ്യത്ത് നാളികേര കൃഷി വ്യാപിപ്പിക്കണം എന്നത് ശ്രീ.നരേന്ദ്ര മോദിയുടെ വലിയ ആഗ്രഹമാണ് എന്ന് ശ്രീ. തോമർ വ്യക്തമാക്കി. അത് അദ്ദേഹം ഇടയ്ക്കിടെ ചോദിക്കാറുമുണ്ട്. രാജ്യത്ത് നാളികേര സംസ്കരണ യൂണിറ്റുകളുടെ എണ്ണം വർധിപ്പിക്കണം, നാളികേരത്തിന്റെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് കയറ്റുമതി ചെയ്യണം. സാധാരണ കൃഷിക്കാർക്ക് ഇതിനുള്ള സാമ്പത്തിക സഹായം പ്രധാൻ മന്ത്രി ഫസൽ ബീമ യോജനയിൽ നിന്നും മറ്റും ലഭ്യമാണ്. അതുപോലെ നാളികേര കർഷകർക്ക് ഇൻഷുറൻസ് പരിരക്ഷയും ഉണ്ട്. 50: 25: 25 എന്ന നിരക്കിൽ അതിന്റെ വലിയ വിഹിതം കേന്ദ്ര ഗവൺമെന്റാണ് നൽകുന്നത്. ബാക്കിയിൽ ഒരോ വിഹിതം വീതം സംസ്ഥാന ഗവൺമെന്റും കൃഷിക്കാരും. എല്ലാവർക്കും ഇതിന്റെ പ്രയോജനം ലഭിക്കും. രാജ്യത്തെ ലക്ഷക്കണക്കിനു കൃഷിക്കാരുടെ വരുമാനം ഇന്ന് പത്ത് ഇരട്ടി വരെ വർധിച്ചിട്ടുണ്ട് എന്ന് ശ്രീ. തോമർ ചൂണ്ടിക്കാട്ടി. ഉദാഹരണമായി കാഷ്മീരിലെ കുങ്കുമ പൂ കർഷകരെ അദ്ദേഹം ചൂണ്ടിക്കാട്ടി പറഞ്ഞു. അവിടെ സ്ഥാപിച്ചിരിക്കുന്ന കുങ്കുമ പാർക്ക് മൂലം, കിലോഗ്രാമിന്റെ വില ഒരു ലക്ഷത്തിൽ നിന്നു രണ്ടു ലക്ഷം രൂപയായി ഉയർന്നു. ആസാദി കാ അമൃത മഹോത്സവത്തിന്റെ ഭാഗമായി ഐസിഎആർ ഇത്തരം 75000 കർഷകരുമായി അഭിമുഖം നടത്തി അവരുടെ വിജയകഥകൾ രേഖകളാക്കി.

പ്രധാനമന്ത്രി വാഗ്ദാനം ചെയ്യുക മാത്രമല്ല അതിനുള്ള സഹായം കർഷകർക്കു നല്കുകയും ചെയ്തു എന്ന് ശ്രീ.തോമർ വ്യക്തമാക്കി. പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധി പ്രകാരം 61.43 ലക്ഷം കർഷകർക്കായി 11,395,38 കോടി രൂപയാണ് ഇതിനോടകം വിതരണം ചെയ്തത്. രാജ്യത്തെ 11.5 കോടി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മൊത്തം 2 ലക്ഷം കോടി രൂപ നേരിട്ടു നൽകി. കുറഞ്ഞ താങ്ങുവില ഒന്നര ഇരട്ടിയാക്കി ഉയർത്തിയ കേന്ദ്ര ഗവൺമെന്റ് എണ്ണക്കുരുക്കളെയും പരിപ്പു വർഗ്ഗങ്ങളുടെയും സംഭരണം ആരംഭിക്കുകയും ചെയ്തു.

കാർഷിക മേഖലയിൽ പുതിയ നിക്ഷേപത്തിനുള്ള അവസരങ്ങൾ ഒരുക്കി കൊണ്ട്, ഒരു ലക്ഷം കോടിയുടെ കാർഷിക അടിസ്ഥാന സൗകര്യ നിധി ആരംഭിച്ചു കഴിഞ്ഞു. മറ്റൊരു 50000 കോടി രൂപ കൃഷി അനുബന്ധ മേഖലകൾക്ക് മാറ്റി വച്ചിരിക്കുന്നു. ചെറുകിട കർഷകരുടെ അഭിവൃദ്ധി ലക്ഷ്യമാക്കി പുതിയ 10,000 കർഷക ഉൽപാദക സംഘങ്ങൾ ആരംഭിക്കുന്നതിന് 6850 കോടിയും നീക്കി വച്ചിട്ടുണ്ട്. ഇതിൽ 3000 സംഘങ്ങൾ തുടങ്ങി കഴിഞ്ഞു. ഭക്ഷ്യ എണ്ണയുടെ ഉൽപാദനം വർധിപ്പിക്കുന്നതിന് 11,000 കോടി നീക്കി വച്ച് എണ്ണപ്പന ദൗത്യത്തിനും തുടക്കമായി.

കാർഷിക മേഖലയെ നവീകരിക്കുന്നതിനും, ഗ്രാമങ്ങളിലെ പാവപ്പെട്ട കർഷകരെ ശാക്തീകരിക്കുന്നതിനുമായി പ്രധാന മന്ത്രി ശ്രീ. നരേന്ദ്ര മോദി ബഹുമുഖ ചിന്തകളിലൂടെ സംസ്ഥാന ഗവൺമെന്റുകൾ വഴി നടപ്പിലാക്കുന്ന കൃഷി പ്രോത്സാഹന പരിശ്രമങ്ങളുടെ ഫലമാണ് ഇതെല്ലാം.ഗുജറാത്ത് ഗവൺമെൻറ് ഈ ദിശയിൽ നടത്തുന്ന പ്രവർത്തനങ്ങളെയും മന്ത്രി ശ്രീ. തോമർ വാഴ്ത്തി.

*കടപ്പാട് : പ്രസ് ഇൻഫർമേഷൻ ബ്യൂറോ*

# ദേശീയ പുരസ്കാര സമർപ്പണം, രാജ്യാന്തര പ്രദർശനം

## കൊച്ചിയിലെ നാളികേര ദിനാചരണം വർണാഭമായി

**ആബെ ജേക്കബ്,**
ഡെപ്യൂട്ടി എഡിറ്റർ, നാളികേര വികസന ബോർഡ്, കൊച്ചി -11

അന്താരാഷ്ട്ര നാളികേര ദിനത്തോടനുബന്ധിച്ച്, നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ കൊച്ചി, മരടിലെ ലെ മെറിഡിയൻ ഹോട്ടലിൽ 2022 സെപ്റ്റംബർ 2 ന് പരിപാടികൾ നടന്നു.രാവിലെ 9.30 ന് ഗുജറാത്തിലെ ജുനഗഡിൽ കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രി ശ്രീ. നരേന്ദ്ര സിംങ് തോമർ പങ്കെടുത്ത പരിപാടികൾക്കു സമാന്തരമായി കൊച്ചിയിൽ നടന്ന കർഷക സമ്മേളനത്തിൽ നാളികേര വികസന ബോർഡ് ചെയർമാൻ ഡോ. എൻ. വിജയലക്ഷ്മി ഐഎ.എസ് സ്വാഗതം ആശംസിച്ചു. രാജ്യത്തെ നാളികേര കൃഷിയുടേയും സംസ്ക്കരണത്തിന്റേയും ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചും ചെയർമാൻ സംസാരിച്ചു. നാളികേര കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിന് ബോർഡ് ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചും, നീര ടെക്നീഷ്യൻ, എഫ് ഒസി.ടി. തുടങ്ങിയ നൈപുണ്യ വികസന പരിശീലനങ്ങളെക്കുറിച്ചും ടെക്നോളജി മിഷൻ ഓൺ കോക്കനട്ടിന്റെ ആഭിമുഖ്യത്തിൽ നാളികേര സംസ്ക്കരണ മേഖലയിലെ പദ്ധതികളെക്കുറിച്ചും ചെയർമാൻ വിശദീകരിച്ചു.

തുടർന്ന് ഐസി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജെൽഫീന സി അലൗവ് അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച ഹ്രസ്വ അവതരണം നടത്തി. കർണ്ണാടക ഹോർട്ടികൾച്ചർ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. രാജേന്ദ്രകുമാർ കഠാരിയ ഐ.എ.എസ്., തൃപ്പൂണിത്തുറ എം. എൽ.എ. ശ്രീ. കെ. ബാബു എന്നിവരും കർഷകരെ അഭിസംബോധന ചെയ്തു. സംസ്ഥാനത്തെ നാളികേര കൃഷിയെ






ക്കുറിച്ചും പച്ചത്തേങ്ങ സംഭരണത്തെക്കുറിച്ചും നാളികേരത്തിന്റെ മൂല്യ വർദ്ധനവിലൂടെ പുതിയ ഉൽപന്നങ്ങൾ നിർമ്മിച്ച് കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ശ്രീ. ബാബു തന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. മരട് മുൻസിപ്പൽ ചെയർമാൻ ശ്രീ. ആന്റണി ആശാൻ പറമ്പിൽ, മരട് മുനിസിപ്പാലിറ്റി കൗൺസിലർ ശ്രീ. സിബി സേവ്യർ, ബോർഡ് വൈസ് ചെയർമാൻ ശ്രീ. നാരായണൻ മാസ്റ്റർ, ബോർഡ് മെമ്പർ ശ്രീ. രഘുനാഥ്, വിദേശ പ്രതിനിധികൾ, അവാർഡ് ജേതാക്കൾ ശാസ്ത്രജ്ഞർ എന്നിവരെക്കൂടാതെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 500 ഓളം മാതൃകാ കർഷകരും പരിപാടിയിൽ സംബന്ധിച്ചു. മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ. രാജീവ് ഭൂഷൺ പ്രസാദ് നന്ദി പറഞ്ഞു.

## അവാർഡു സമർപ്പണം

യോഗത്തിൽ ബോർഡിന്റെ വിവിധ ദേശീയ അവാർഡുകളുടെ വിതരണവും നടന്നു. തൃപ്പൂണിത്തുറ എംഎൽഎ കെ. ബാബു, ചെയർമാൻ ഡോ. എൻ വിജയലക്ഷ്മി ഐഎഎസ്, കർണ്ണാടക ഹോർട്ടികൾച്ചർ – സെറി കൾച്ചർ പ്രിൻസിപ്പൽ സെക്രട്ടറി രാജേന്ദ്രകുമാർ കഠാരിയ ഐ.എ.എസ്, ഐ.സി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജെൽഫീന സി അലൗവ് എന്നിവർ അവാർഡുകളുടെ വിതരണം നിർവ്വഹിച്ചു. മൊത്തം 33 അവാർഡുകളാണ് വിതരണം ചെയ്തത്. ഇതിൽ ഒൻപത് അവാർഡുകൾ നാളികേര ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്ത് മികവു തെളിയിച്ചവർക്കാണ്. ഫലകവും, സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും അടങ്ങുന്നതായിരുന്നു പുരസ്കാരം.

മികച്ച നാളികേര കർഷകർക്കുള്ള പുരസ്കാരം നേടിയത് കോഴിക്കോട് മരുതോങ്കര സ്വദേശി ശ്രീ. കെ.ടി ഫ്രാൻസിസ്, ആന്ധ്ര വിജയനഗരം സ്വദേശിനി ശ്രീമതി വൈ പദ്മാവതി, നാഗാലാന്റ് ദിമാപ്പൂർ സ്വദേശി ശ്രീ. കിക്കാറ്റോ കിനിമി, ആൻഡമാൻ നിക്കോബാറിൽ നിന്നുള്ള ശ്രീമതി കാമാച്ചി ചെല്ലമ്മാൾ, അസാമിലെ പാനിപാറ സ്വദേശി പങ്കജ് ദാസ് എന്നിവരാണ്.

മികച്ച ഉൽപ്പന്ന നിർമ്മാണത്തിനുള്ള അവാർഡിന് അർഹരായത് ചിരട്ട കൊണ്ട് ഐസ്ക്രീം കപ്പ് , ബേർഡ് ഫീഡർ





തുടങ്ങിയവ നിർമ്മിക്കുന്ന, കൊച്ചിയിലെ ലാലാ അഗ്രോയുടെ ഡയറക്ടർ ശ്രീമതി ദീപ അനിൽ, വെളിച്ചെണ്ണ, തേങ്ങാപ്പാൽ തുടങ്ങിയ ഭക്ഷ്യ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സേലം സ്വദേശി ശ്രീ നിരഞ്ജൻ കനി എന്നിവരാണ്. മികച്ച ഉൽപ്പന്ന ഗവേഷണത്തിനുള്ള പുരസ്കാരം നേടിയത് കാസറഗോഡ് സിപിസിആർഐയിലെ ശാസ്ത്രജ്ഞനായ ഡോ. എം. ആർ മണികണ്ഠനാണ്.നാളികേരവുമായി ബന്ധപ്പെട്ട 12 സാങ്കേതിക വിദ്യകൾ ഇദ്ദേഹം വികസിപ്പിച്ചിട്ടുണ്ട്. മികച്ച സാങ്കേതിക ഉപകരണം കണ്ടുപിടിച്ചതിന് കൊച്ചി നവ ഡിസൈനിലെ യുവ എൻജിനിയറായ ശ്രീ ചാൾസ് വിജയ് വർഗീസും സംഘവും അവാർഡിന് അർഹരായി. നീര ടാപ്പു ചെയ്യുന്ന റൊബോട്ടാണ് ചാൾസ് വികസിപ്പിച്ചത്.

ചിരട്ടയിൽ മിഴിവാർന്ന ശിൽപ്പങ്ങൾ നിർമ്മിക്കുന്ന കൊച്ചി വരാപ്പുഴ സ്വദേശി ശ്രീ. കെഡി ദയാലുവാണ് മിച്ച ശിൽപിക്കുള്ള പുരസ്കാരം നേടിയത്. 500 മുതൽ 25000 രൂപ വരെ വിലയുള്ള ശിൽപങ്ങളാണ് ദയാലുവിന്റെ ശേഖരത്തിലുണ്ട്. കരകൗശല നിർമ്മാണ മേഖലയിലെ മറ്റു പുരസ്കാര ജേതാക്കൾ പശ്ചിമബംഗാൾ സക്കാൽ സ്വദേശി ശ്രീ. രതീന്ദ്രനാഥ് മല്ലിക്, ബിഹാർ മുങ്കർ ജില്ലയിലെ ശ്രീമതി മാല കുമാരി വർമ്മ, മഹാരാഷ്ട്ര രത്നഗിരി ജില്ലയിൽ നിന്നുള്ള ശ്രീ. അക്ഷയ് പരമാനന്ദ്, അസമിലെ ലിച്ചുബാരി സ്വദേശി സഗീർ അഹമ്മദ് എന്നിവരാണ്. എല്ലാവരും ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കളും ആഭരണങ്ങളും നിർമ്മിക്കുന്നു. മികച്ച ശിൽപ്പിക്കുള്ള പ്രോത്സാഹന പുരസ്കാരത്തിന് മഹാരാഷ്ട്ര രത്നഗിരി സ്വദേ









ശി അക്ഷയ പരമാനന്ദും, അസം ജോർഹട്ട് സ്വദേശി സഗീർ അഹമ്മദും അർഹരായി. മികച്ച വിജ്ഞാന വ്യാപന പുരസ്കാരം ലഭിച്ചത് ആലപ്പുഴ കെവികെ യിലെ സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ് ഡോ.ടി ശിവകുമാറിനാണ്. എഴുത്തുകാരൻ കൂടിയായ ഇദ്ദേഹം കഴിഞ്ഞ മൂന്നു വർഷം കൊണ്ട് നാളികേര മേഖലയിൽ 564 കാർഷിക ക്ലിനിക്കുകൾ നടത്തി.

കണ്ണൂർ അഞ്ചരക്കണ്ടി സഹകരണസംഘത്തെ നാളികേര മേഖലയിൽ പ്രവർത്തിക്കുന്ന മികച്ച സഹകരണ സ്ഥാപനമായി തെരഞ്ഞടുത്തു. യന്ത്രമുപയോഗിച്ച് തെങ്ങുകയറുന്നവരിൽ മികച്ച തെങ്ങിന്റെ ചങ്ങാതിമാരായി തെരഞ്ഞെടുക്കപ്പെട്ടത് ആന്ധ്രപ്രദേശ് ഈസ്റ്റ് ഗോദാവരിയിൽ നിന്നുള്ള ശ്രീ. ഗിഡുഗു ശേഷഗിരി, തിരുവനന്തപുരം സ്വദേശിനി ശ്രീമതി സുനി ലീ എന്നിവരാണ്. പരമ്പരാഗത തെങ്ങു കയറ്റ തൊഴിലാളികളിൽ നിന്ന് അവാർഡിന് അർഹനായത് എറണാകുളം സ്വദേശി ശ്രീ. വിഐ കുര്യൻ, അസം നൽബാരി സ്വദേശി ശ്രീ. പരീഷ് ബൈഷ്യ എന്നിവരാണ്. മികച്ച നീര ടെക്നീഷ്യനുളള അവാർഡ് കാസർഗോഡ് ചെറുവട്ടൂർ സ്വദേശി ശ്രീ. ദിലീപ് കുമാർ നേടി. മികച്ച നാളികേര ഉൽപാദക ഫെഡറേഷനായി തെരഞ്ഞെടുക്കപ്പെട്ടത് മലപ്പുറം തിരൂരിലുള്ള മംഗളം ഫെഡറേഷനാണ്. നാളികേര വികസന ബോർഡിന്റെ കീഴിലുള്ള മികച്ച ഫാമുകളായി തെരഞ്ഞെടുക്കപ്പെട്ടത് മഹാരാഷ്ട്രയിലെ പാൽഗർ ഫാമും ആന്ധ്രാപ്രദേശിലെ വെഗിവാഡ ഫാമും ആണ്.

കയറ്റുമതി രംഗത്തെ മികവിനുള്ള അവാർഡുകൾക്ക് ഉത്തേജിത കരി കയറ്റുമതി രംഗത്തു പ്രവർത്തിക്കുന്ന കാങ്കയത്തുള്ള യുണൈറ്റഡ് കാർബൺ സൊലൂഷൻസ്, കോയമ്പത്തൂരിലെ ജെക്കോബി കാർബൺസ് ഇന്ത്യ, തൂത്തുകുടിയിലുള്ള രാജ് കാർബൺസ്, ബിനാനിപുരത്തുള്ള സർഫക്റ്റന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവർ അർഹരായി. നാളികേര കയറ്റുമതി മേഖലയിലെ മികച്ച കയറ്റുമതിക്കാർ ലുലു ഗ്രൂപ്പിന്റെ ഫെയർ എക്സ്പോർട്സ് ഇന്ത്യ ലിമിറ്റഡ്, കൊച്ചിയിലെ ഗോൾഡൻ ഗ്ലോബ് ഏജൻസീസ് എന്നിവരാണ്. ചിരട്ടയിൽ പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് കയറ്റി അയക്കുന്ന എറണാകുളം ലാലാഗ്രൂപ്പ് ആ വിഭാഗത്തിലെ അവാർഡിന് അർഹരായപ്പോൾ, വടകര നാളികേര ഉൽപാദക കമ്പനി വൈവിധ്യമാർന്ന നാളികേര ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്കുള്ള അവാർഡ് നേടി അർഹരായി. ഡി കൊക്കോസ് എന്ന വ്യാപാര നാമത്തിലാണ് ഇവരുടെ ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തുന്നത്.

## പ്രദർശനം

നാളികേര ദിനത്തോടനുബന്ധിച്ച് ലെ മെറിഡിയനിൽ സംഘടിപ്പിച്ച എക്സിബിഷനിൽ നാളികേരത്തിന്റെ വിവിധ മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ പ്രദർശനവും ഉണ്ടായിരുന്നു. നാളികേര വികസന ബോർഡ്, ഇന്റർ നാഷണൽ കോക്കനട്ട് കമ്യൂണിറ്റി, സി.പി.സി.ആർ.ഐ കാസറഗോഡ്, തമിഴ്നാട്, കേരള കാർഷിക സർവ്വകലാശാലകൾ, ലാക്കൂൺ, ഇൻഡോസെർട്ട് സർട്ടിഫിക്കേഷൻ ഏജൻസികൾ, കെ. എൽ.എഫ്. നിർമ്മൽ, മെഴുക്കാട്ടിൽ മിൽസ്, തെൻനീര, കൊക്കോ ക്രാഫ്റ്റേഴ്സ്, ഹോളിസ്റ്റ് എന്നീ സ്ഥാപനങ്ങൾ പ്രദർശനത്തിൽ പങ്കെടുത്തു. ■

# കേരകൃഷിയിൽ പുതിയ അറിവുകളുമായി ശിൽപ്പശാല: നേർസാക്ഷ്യമായി കൃഷിയിടക്കാഴ്ച്ചകൾ

**എസ് കുമാരവേൽ**
ഡവലപ്മെന്റ് ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി -11



ലോക നാളികേര ദിനത്തോടനുബന്ധിച്ച് ജക്കാർത്ത ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെയും നാളികേര വികസന ബോർഡിന്റെയും ആഭിമുഖ്യത്തിൽ കൊച്ചിയിലെ ലെ മെറിഡിയൻ ഹോട്ടലിൽ ദ്വിദിന നാളികേര ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. നാളികേരത്തിന്റെ നല്ല കൃഷിരീതികൾ എന്ന വിഷയത്തെ കുറിച്ച് ഏഴു രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധരാണ് ശിൽപശാല നയിച്ചത്. നല്ല കൃഷി രീതികളിലൂടെ നാളികേര ഉൽപാദന ക്ഷമതയും ഉൽപ്പന്ന ഗുണമേന്മയും ഉയർത്തുക, കാലാവസ്ഥാ വ്യതിയാനവുമായി നാളികേര വിള പരിപാലത്തെ  ഇണക്കിച്ചേർക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കായി മാതൃകാ കർഷകർ  അനുവർത്തിക്കുന്ന മികച്ച കൃഷി സമ്പ്രദായങ്ങളെ സംബന്ധിച്ചായിരുന്ന ശിൽപശാല.

സെപ്റ്റംബർ രണ്ടിന് നാളികേര ദിനാഘോഷപരിപാടികൾ സമാപിച്ചയുടനെ  അതേ വേദിയിൽ ആരംഭിച്ച് ശിൽപശാലയുടെ പ്രഥമ  സെഷനിൽ കാസറഗോഡ് തോട്ടവിള ഗവേഷണ സ്ഥാപനത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. പി. സുബ്രഹ്മണ്യൻ ഇന്ത്യയിൽ നാളികേര കർഷകർ അനുവർത്തിച്ചുവരുന്ന നല്ല കൃഷി രീതികളെ കുറിച്ച് ആദ്യ അവതരണം നടത്തി.  തായ്‌ലന്റ് കൃഷി വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ ഡോ. സോംബത് ടൊങ്ടാവോ തായ്‌ലന്റിലെ നാളികേര മേഖലയിൽ പിന്തുടരുന്ന നല്ല കൃഷി രീതികൾ അവതരിപ്പിച്ചു. സാം റതുലാംഗി സർവകലാശാലയിലെ കൃഷി വിഭാഗം ഫാക്കൽറ്റി ഡോ. ജോക്കോ പുർബോപുഷ്പിതോ ഇന്തോനേഷ്യയിലെ  മികച്ച തെങ്ങു കൃഷിരീതികളെ കുറിച്ച് വിഷയാവതരണം നടത്തി. തുടർന്ന് ഫിലിപ്പീൻസ് കോക്കനട്ട് അതോറിറ്റിയിലെ ഡോ. ലിബർട്ടി കാൻജ ഫിലിപ്പീൻസിൽ നാളികേര കർഷകർ നടപ്പിലാക്കുന്ന  നല്ല കൃഷിരീതികളെ സംബന്ധിച്ച് വിവരിച്ചു.പിന്നീട് ചർച്ചകളും കലാസാംസ്കാരിക പരിപാടികളും അരങ്ങേറി.

സെപ്റ്റംബർ മൂന്നിന് രാവിലെ ശ്രീലങ്കൻ കോക്കനെട്ട്  റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ അഗ്രോണമി വിഭാഗം സീനിയർ ഓഫീസർ ഡോ. അടപട്ടു, മലേഷ്യയിലെ കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി സെറീന ജാഫർ, വിയറ്റ്നാമിലെ ഡോ.ബുയി ത്രോംങ് എന്നിവർ അവരുടെ മാതൃരാജ്യങ്ങളിലെ നാളികേര കൃഷിയെക്കുറിച്ച് വിവരണങ്ങൾ നൽകി.

11 ന് ആരംഭിച്ച രണ്ടാം സെഷനിൽ ലോക ഭക്ഷ്യ കാർഷിക സംഘടന (എഫ് എ ഒ) യുടെ സാങ്കേതിക ഉപദേഷ്ടാവ് ഡോ. ഹാഫിസ് മുമിൻജനോവ് സംഘടനയുടെ സുസ്ഥിര വിള ഉൽപാദന നയങ്ങളെ സംബന്ധിച്ചും  തുടർന്ന് ഇന്ത്യൻ ക്വാളിറ്റി കൺട്രോൾ കൗൺസിൽ ഡയറക്ടർ ഡോ.മനീഷ് പാണ്ടെ, ജിഎ പി സർട്ടിഫിക്കേഷൻ നടപടികളെ സംബന്ധിച്ചും വിവരിച്ചു.

മൂന്നാം സെഷനിൽ ഇന്തോനേഷ്യയിലെ ഗൊരോന്താലോ റീജൻസിയുടെ കൃഷി വിഭാഗം മേധാവി ഡോ. റഹ്മത്ത് പോമലിംഗോയും, തിരുപ്പൂരിലെ ഉമാപതി ഫാം ഉടമ ശ്രീ റാം മോഹനും സ്വന്തം നാളികേര തോട്ടങ്ങളിൽ  ഉൽപാദന ക്ഷമതയും നാളികേര ഗുണമേന്മയും ഉയർത്തുന്നതിന് നടപ്പിലാക്കി വിജയിച്ച പരിപാലന മുറകളെ കുറിച്ച് അനുഭവങ്ങൾ പങ്കുവച്ചു. പിന്നീട്  ചർച്ചകൾക്കു ശേഷം സമാപന സമ്മേളനവും നടന്നു. അതോടെ 2022 ലെ ലോക നാളികേര ദിനാഘോഷങ്ങൾക്കു ഔദ്യോഗികമായി തിരശീല വീണു.

നാളികേര ദനാഘോഷങ്ങളോടനുബന്ധിച്ച്  ഐസിസിയും നാളികേര വികസന ബോർഡും സംയുക്തമായി ക്രമീകരിച്ച  രാജ്യാന്തര ശിൽപ്പശാലയുടെ തുടർച്ചയായി  സെപ്റ്റംബർ നാലിന് ഏകദിന കൃഷിയിട സന്ദർശന പരിപാടിയും ഒരുക്കിയിരുന്നു. മുൻകൂട്ടി നിശ്ച

# ഡോ. ബി ഹനുമന്ത് ഗൗഡ
# മുഖ്യ നാളികേര വികസന ഓഫീസർ



നാളികേര വികസന ബോർഡിൽ മുഖ്യനാളികേര വികസന ഓഫീസറായി ഡോ. ബി ഹനുമന്ത് ഗൗഡ ചാർജെടുത്തു. ബംഗളൂരു കാർഷിക സർവകലാശാലയിൽ നിന്ന് പാതോളജിയിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. നാളികേര മേഖലയിൽ കൃഷിക്കാർക്ക് സാങ്കേതിക വിദ്യകൾ കൈമാറുന്നതിൽ ദീർഘകാല അനുഭവ പരിജ്ഞാനം ഉണ്ട്. 25 ഗവേഷണ പ്രബന്ധങ്ങൾ, മൂന്നു പുസ്തകങ്ങൾ 20 ലഘുലേഖകൾ എന്നിവ പ്രസിദ്ധികരിച്ചു. കൃഷിക്കാരുടെ ഉൽപാദക സംഘങ്ങളുടെ രൂപീകരണം, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവഹണം എന്നിവയിൽ സജീവമായിരുന്നു. മികച്ച വിജ്ഞാന വ്യാപന ശാസ്ത്രജ്ഞനുള്ള പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടിക്കൾച്ചർ റിസെർച്ചിന്റെ കീഴിൽ കർണാടകത്തിലെ തുങ്കൂർ ജില്ലയിലുള്ള ഹിരെഹള്ളി കൃഷി വിജഞാൻ കേന്ദ്രത്തിൽ ശാസ്ത്രജ്ഞനായി പ്രവർത്തിച്ചു വരികയായിരുന്നു.

# നാളികേര വികസന ബോർഡിന്റെ 143–ാമത് ബോർഡ് യോഗം നടത്തി





നാളികേര വികസന ബോർഡിന്റെ 143-ാമത് ബോർഡ് യോഗം 2022 സെപ്റ്റംബർ 2 നു കൊച്ചി മരടിലുള്ള ലെ മെറിഡിയൻ ഹോട്ടലിൽ ചേർന്നു. ചെയർമാൻ ഡോ. വിജയലക്ഷ്മി നദേന്ദ്‌ല ഐഎഎസ് അധ്യക്ഷയായിരുന്നു.

വൈസ് ചെയർമാൻ ശ്രീ.കെ നാരായണൻ മാസ്റ്റർ, സിപിസിആർഐ ഡയറക്ടർ ഡോ. അനിത കരുൺ, കയർബോർഡ് ചെയർമാൻ ശ്രീ. ഡി. കുപ്പുരാമു, കർണാടക ഹോർട്ടിക്കൾച്ചർ ഡയറക്ടർ ശ്രീ. കെ നാഗേന്ദ്രപ്രസാദ് ഐഎഎസ്, ബോർഡ് മെമ്പമാരായ ശ്രീ. പി രഘുനാഥ്, ശ്രീ. ബി എച്ച് രേണുകുമാർ, ശ്രീ.എസ് വി മുത്തുരാമലിംഗം, ശ്രീ.എച്ച് എൽ അശ്വത് നാരായണ, ശ്രീ.ഡി ഗുരുസ്വാമി എന്നിവർ പങ്കെടുത്തു.





യിച്ചിരുന്നതനുസരിച്ച് തമിഴ് നാട്ടിലെ തിരുപ്പൂർ ജില്ലയിലെ ഉമാപതിയുടെയും, ഒവിആർന്റെയും തെങ്ങിൻ തോപ്പുകളിലേയ്ക്കായിരുന്നു പഠന യാത്ര.

ഐസിസി എക്സിക്കുട്ടിവ് ഡയറക്ടർ ഡോ.ജെൽഫിന അലൊവ്, സിപിസിആർഐ, നാഷണൽ ബ്യൂറോ ഓഫ് അഗ്രിക്കൾച്ചർ ഇൻസെക്ട് റിസോഴ്സസ് ബാംഗളൂർ, നാളികേര വികസന ബോർഡിലെയും മറ്റ് കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളിലെയും സംസ്ഥാന കൃഷി വകുപ്പിലെയും ഉദ്യോഗസ്ഥർ, വിദേശ രാജ്യങ്ങളിൽ നിന്നു വന്ന പ്രതിനിധികൾ എന്നിവരാണ് യാത്രാസംഘത്തിൽ ഉണ്ടായിരുന്നത്.

ആദ്യം സന്ദർശിച്ചത് ഉമാപതി ഫാമിന്റെ കാങ്കയും പല്ലടം എന്നിവിടങ്ങളിലെ അമ്മത്തെങ്ങിൻ തോട്ടങ്ങളും നഴ്സറിയുമായിരുന്നു. ഫാം ഉടമ കൂടിയായ ശ്രീ.എൻവി റാംമോഹൻ, ഉമാപതിയുടെ തോട്ടങ്ങളിൽ തെങ്ങിൻ തൈ നടുന്ന രീതികളും മറ്റ് കാർഷിക പ്രവർത്തനങ്ങളും വിശദീകരിച്ചു. സന്ദർശനം വളരെ ഉപകാരപ്രദമായിരുന്നു. ഉച്ചകഴിഞ്ഞ് പൊള്ളാച്ചിക്കു സമീപം വേട്ടൈക്കാരൻപുദൂരിലുള്ള ശ്രീ ഒവിആർ സോമസുന്ദരത്തിന്റെ ഫാമിലാണ് സംഘം എത്തിയത്. നാളികേരതോപ്പിൽ ഇടവിളകളുടെ ബഹുതല കൃഷി രീതി എങ്ങിനെ വിജയകരമായി നടപ്പിലാക്കാം എന്ന വിഷയത്തിൽ തന്റെ അതിവിപുലമായ അനുഭവങ്ങളാണ് ശ്രീ. സോമസുന്ദരം പങ്കുവച്ചത്.ശിൽപശാലയിൽ പങ്കു വയ്ക്കപ്പെട്ട ആശയങ്ങൾ പലതും പ്രാവർത്തികമായി നടപ്പിലാക്കിയ കൃഷിയിടങ്ങളായിരുന്നു ഉമാപതിയും ഒവിആറും. *ഫോൺ: 04842377266*

# നാളികേര വികസന ബോർഡിന്റെ 2016 – 18 ലെ ദേശീയ അവാർഡ് ജേതാക്കൾ

സിഡിബി ന്യൂസ് ബ്യൂറോ

നാളികേര കൃഷിയിലും അനുബന്ധ മേഖലകളിലും മാതൃകാപരമായ മുന്നേറ്റങ്ങൾ നടത്തിയ കർഷകരെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് നാളികേര വികസന ബോർഡ് മികവിന്റെ പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. 2016 – 2018 ലെ ദേശീയ അവർഡിന് അർഹരായ മികച്ച കർഷകർ, സംരംഭകർ, കലാകാരന്മാർ, ഗവേഷകൻ, ശാസ്ത്രജ്ഞൻ, വിജ്ഞാന വ്യാപന പ്രവർത്തകൻ, സഹകാരി, തെങ്ങുകയറ്റ തൊഴിലാളികൾ, ഉൽപാദക സംഘം, വിത്തുൽപാദന പ്രദർശന തോട്ടം എന്നിവരെക്കുറിച്ച്.

## ശ്രീ. കെ. ടി. ഫ്രാൻസിസ്



കോഴിക്കോട് ജില്ലയിൽ നിന്നുള്ള മാതൃകാ കർഷകനാണ് ശ്രീ. കെ.ടി ഫ്രാൻസിസ് (60). കോട്ടയം ജില്ലയിലെ പാലായിൽ നിന്ന് വർഷങ്ങൾക്ക് മുമ്പ് കുടിയേറിയ കൃഷീവല കുടുംബമാണ് ഇദ്ദേഹത്തിന്റേത്. മരുത്തോങ്കര ഹയർ സെക്കൻഡറി സ്കൂളിൽ കായികാധ്യാപകനായിരുന്നു ദീർഘനാൾ. അദ്ധ്യാപക വൃത്തിയിൽ നിന്നു വിരമിച്ച ശേഷം മുഴുവൻ സമയ കർഷകനായി. തെങ്ങ് അടിസ്ഥാനമാക്കിയുള്ള ബഹുവിള കൃഷി സമ്പ്രദായമാണ് ഫ്രാൻസിസ് സ്വീകരിച്ചിട്ടുള്ളത്. തന്റെ മൂന്ന് ഏക്കർ ഭൂമിയിൽ വിവിധ ഇനം 200 തെങ്ങുകൾ നട്ടു പിടിപ്പിച്ചിരിക്കുന്നു. ഇടവിളകളായി കവുങ്ങ്, സുഗന്ധവ്യഞ്ജനങ്ങൾ, കാപ്പി, കൊക്കോ, കിഴങ്ങു വർഗ്ഗ വിളകൾ, ഔഷധ സസ്യങ്ങൾ, ഫലവർഗ്ഗങ്ങൾ, തീറ്റപ്പുല്ല്, നെല്ല് എന്നിവ കൃഷിചെയ്തു വരുന്നു. സംയോജിത കൃഷിയുടെ ഭാഗമായി ആട്, കോഴി, മീൻ, തേനീച്ച തുടങ്ങിയവയും ഇദ്ദേഹത്തിന്റെ ഫാമിലുണ്ട്. പ്രകൃതി വിഭവങ്ങളെ ഫലപ്രദമായി ഉപയോഗിക്കുന്നതിന് ഉത്തമ ഉദാഹരണമാണ് ശ്രീ. ഫ്രാൻസിസിന്റെ കൃഷിയിടം. സമ്മിശ്രവും, സുസ്ഥിരവുമായ കൃഷി രീതിയിലൂടെ മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഇടവിളകളിൽ നിന്നും സമ്മിശ്ര വിളകളിൽ നിന്നും മികച്ച വരുമാനം നേടുകയും ചെയ്യുന്നു.

ജൈവ കൃഷിരീതിയാണ് ശ്രീ. ഫ്രാൻസിസ് തന്റെ തോട്ടത്തിൽ സ്വീകരിച്ചിട്ടുള്ളത്. പ്രതിവർഷം ഒരു തെങ്ങിൽ നിന്ന് 200 നാളികേരം വരെ ലഭിക്കും. നാളികേര ഉൽപാദനത്തിന്റെ പ്രധാന ഭാഗം നടീൽ വസ്തുക്കൾ തയാറാക്കാനും, കുറച്ച് ഭാഗം ഗാർഹിക ആവശ്യങ്ങൾക്കും ഉപയോഗിച്ചതിനുശേഷം ബാക്കിയുള്ളവ കൊപ്രയും, വെളിച്ചെണ്ണയായുമാക്കി വിൽക്കുകയാണ് ചെയ്യുന്നത്. പ്രതിവർഷം 14 ലക്ഷം മുതൽ 15 ലക്ഷം രൂപ വരെ പ്രധാന വരുമാന മാർഗ്ഗമായ തെങ്ങിൽ നിന്നും, ബാക്കി മറ്റു വിളകളിൽ നിന്നുമായി ഇദ്ദേഹത്തിനു ലഭിക്കുന്നു.

മികച്ച ജൈവ കർഷകനുള്ള സരോജിനി ദാമോദിരൻ ഫൗണ്ടേഷൻ അവാർഡ് (2017, 2018), മികച്ച കേര കർഷകനുള്ള കേരള ഗവൺമെന്റിന്റെ കേര കേസരി അവാർഡ് (2017– 18) കോഴിക്കോട് ജില്ലയിലെ മികച്ച സുഗന്ധ വ്യഞ്ജന കർഷകനുള്ള അവാർഡ് (2016), സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആത്മയുടെ സമ്മിശ്ര കർഷകനുള്ള അവാർഡ് തുടങ്ങി നിരവധി പുരസ്ക്കാരങ്ങൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

## ശ്രീമതി വൈ. പത്മാവതി



ആന്ധ്രാ പ്രദേശിലെ വിജയനഗരം ജില്ലയിൽ നിന്നുള്ള മാതൃകാ കർഷകയായ വൈ. പത്മാവതി (62) 14.24 ഏക്കർ വിസ്തൃതിയുള്ള സ്വന്തം കൃഷിയിടത്തിൽ 900 (വെസ്റ്റ് കോസ്റ്റ് ടോൾ) പശ്ചിമ തീര നെടിയ ഇനം തെങ്ങുകൾ ശാസ്ത്രീയമായി കൃഷി ചെയ്തു വരുന്നു. മണ്ണിനേയും അതിലെ സ്വാഭാവിക നനവിനെയും നിലനിർത്തിക്കൊണ്ടുള്ള സംയോജിത കൃഷി സമ്പ്രദായമാണ് പത്മാവതി അനുവർത്തിക്കുന്നത്.

കൃഷിയിടത്തിൽ ആധുനിക സാങ്കേതിക വിദ്യകൾ പിന്തുടരുന്നതിന്റെ ഭാഗമായി വളപ്രയോഗവും, കണിക ജലസേചന രീതിയും അവലംബിക്കുന്നു. കഴിഞ്ഞ 5 വർഷമായി ജൈവ വളങ്ങൾ മാത്രം ഉപയോഗിച്ചാണ് തോട്ടം പരിപാലിക്കുന്നത്. ഇടവിളയായി 2800 കൊക്കോ ചെടികളും തോട്ടത്തിൽ കൃഷി ചെയ്തിരിക്കുന്നു. കൊക്കോയുടെ ഇലകളും തെങ്ങോലകളും ആണ് കമ്പോസ്റ്റ് നിർമ്മിക്കുവാൻ ഉപയോഗിക്കുന്നത്.

കൃഷിയിടത്തിലെ ഉൽപാദന ചെലവ് കുറക്കുന്നതിന്റെ ഭാഗമായി ചെലവു കുറഞ്ഞ കൃഷി രീതിയാണ് കർഷകർ തിരഞ്ഞെടുത്തിട്ടുള്ളത്. മണ്ണിനെ സമ്പുഷ്ടമാക്കുന്നതിനും, രോഗ കീടങ്ങളെ നിയന്ത്രിക്കുന്നതിനുമായി ജൈവ അവശിഷ്ടങ്ങളിൽ നിന്നുള്ള വെള്ളവും, ജീവാമൃതവും ഉപയോഗിക്കുന്നു. പ്രതിവർഷം തോട്ടത്തിൽ നിന്ന് നാല് ടൺ കൊക്കോയും ഒരു തെങ്ങിൽ നിന്നും ശരാശരി 75 നാളികേരം വീതവും ലഭിക്കുന്നുണ്ട്. ഫാമിൽ നിന്നുള്ള വാർഷിക അറ്റാദായം 7,45000 രൂപയാണ്. കീടനിയന്ത്രണത്തിനായി ശാസ്ത്രീയ മാർഗങ്ങളും അവലംബിക്കുന്നു.

## ശ്രീമതി കാമാച്ചി ചെല്ലമ്മാൾ



ദക്ഷിണ ആൻഡമാനിൽ നിന്നുള്ള ശ്രീമതി കാമാച്ചി ചെല്ലമ്മാൾ (60) 2 ഹെക്ടർ കൃഷിയിടത്തിൽ ആൻഡമാൻ നെടിയ ഇനത്തിൽപ്പെട്ട 465 തെങ്ങുകൾ പരിപാലിച്ചു വരുന്നു. മഴയെ ആശ്രയിച്ചുള്ള കൃഷി രീതിയാണ് ഇവർ അവലംബിക്കുന്നത്. നാളികേരത്തിന് വിപണിയിൽ വിലക്കുറവ് മൂലമുള്ള ബുദ്ധിമുട്ടുകൾ തരണം ചെയ്യാനും, ഉയർന്ന വരുമാനം ലഭിക്കുവാനും തെങ്ങു കൃഷിയോടൊപ്പം ബഹുവിള കൃഷിയും സംയോജിത കൃഷിയും ഗുണം ചെയ്യും എന്നാണ് ചെല്ലമ്മാളിന്റെ അഭിപ്രായം. തെങ്ങ് അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായമായതുകൊണ്ട് തന്നെ തോട്ടത്തിലെ ബാക്കി സ്ഥലങ്ങളിൽ വ്യത്യസ്തമായ ഇടവിളകളും, സമ്മിശ്ര വിളകൾക്കുമൊപ്പം മത്സ്യകൃഷി, മൃഗസംരക്ഷണം, തേനീച്ച വളർത്തൽ എന്നിവയെല്ലാം സംയോജിപ്പിച്ച് സുസ്ഥിരവും ലാഭകരവുമായ കൃഷി രീതിയാണ് ഇവർ പിന്തുടരുന്നത്.

ശ്രീമതി ചെല്ലമ്മാൾ തന്റെ 45 വർഷം പ്രായമുള്ള തെങ്ങിൻ തോപ്പിൽ ഇടവിളകൾ കൃഷി ചെയ്ത് അധികം ആദായം നേടുന്നു. ജൈവവളവും കാലിവളവുമാണ് തെങ്ങിനു നൽകുന്നത്. നാലു വീതം തെങ്ങിൻ തൈകൾക്കിടയിൽ ഗ്രാമ്പൂ, ജാതി, കവുങ്ങ്, കുരുമുളക് എന്നിവയും, മിശ്രവിളകളായി വാഴ, ചേന, മഞ്ഞൾ, ഇഞ്ചി, പൈനാപ്പിൾ, പപ്പായ, മധുരക്കിഴങ്ങ് എന്നിവയും പച്ചക്കറി ഇനത്തിൽ വഴുതന, മുളക്, ഇലവർഗ്ഗങ്ങൾ തുടങ്ങിയവയും കൃഷി ചെയ്തു വരുന്നു.

പശു (2) ആട് (6) താറാവ് (60) കോഴി (50) എന്നിവയെയും കരിമീൻ, രോഹു, കട്‌ല തുടങ്ങിയ മത്സ്യങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മിശ്ര കൃഷിയാണ് ചെല്ലമ്മാൾ പിന്തുടരുന്നത്. തെങ്ങിൽ നിന്നു കൂടുതൽ വരുമാനം ലഭിക്കുന്നതിനായി 15 പെട്ടികളിലായി തേനീച്ചകളെയും പരിപാലിച്ചു വരുന്നു. ഇതിലൂടെയും അധിക വരുമാനം ലഭിക്കുന്നു. കൃഷിയിടത്തിൽ നിന്നുള്ള പ്രതിവർഷ ഉൽപാദനം 27550 നാളികേരമാണ്. വർഷം 2 ലക്ഷം രൂപയോളം വിവിധ മേഖലകളിലേക്കായി ചെലവഴിക്കുന്നുണ്ട്. തെങ്ങിൽ നിന്നു മാത്രമുള്ള വരുമാനം 1.65 ലക്ഷം രൂപയാണ്, മറ്റ് ഇടവിളകളായ ഇഞ്ചി (1.12 ലക്ഷം രൂപ), കരുമുളക് (76800 രൂപ) പഴം (52000 രൂപ) മരച്ചീനി, ചേന (30000 രൂപ) എന്നിവയിൽ നിന്നും വരുമാനവും ലഭിക്കുന്നതിനാൽ നാളികേരകൃഷി ലാഭകരമാണ്. മത്സ്യകൃഷിയിൽ നിന്നുള്ള 40000 രൂപയും ഉൾപ്പെടെ പ്രതിവർഷം 7.75 ലക്ഷം രൂപ തെങ്ങിനെ അടിസ്ഥാനമാക്കിയുള്ള ബഹു വിള കൃഷിയിലൂടെ ചെല്ലമ്മാളിന് ലഭിക്കുന്നു. 2012 ൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഏർപ്പെടുത്തിയ മികച്ച കർഷകയ്ക്കുള്ള അവാർഡ് ശ്രീമതി ചെല്ലമ്മാൾ നേടിയിരുന്നു.

## ശ്രീ. പങ്കജ് ദാസ്



അസമിലെ ഹജോ ഗ്രാമവാസിയായ മാതൃകാ കർഷകനാണ് ശ്രീ. പങ്കജ് ദാസ്. ̆ തന്റെ 1.5 ഹെക്ടർ കൃഷിയിടത്തിൽ 0.75 ഹെക്ടർ സ്ഥലം തെങ്ങ് കൃഷിക്കായി ഇദ്ദേഹം മാറ്റി വച്ചിരിക്കുന്നു. പ്രതിവർഷം 5000 മുതൽ 6000 വരെയാണ് നാളികേര ഉൽപാദനം. ഇടവിളകളായി ദീർഘകാല വിളകളും വാർഷിക വിളകളും കൃഷി ചെയ്തു വരുന്നു. മത്സ്യ കൃഷിയും തെങ്ങുമാണ് പ്രധാന വരുമാന മാർഗ്ഗം. കവുങ്ങ്, ആസ്സാം നാരങ്ങ, വാഴ, ലിച്ചി, മുരിങ്ങ തുടങ്ങിയ ഇടവിളകളും തെങ്ങിനൊപ്പം കൃഷി ചെയ്തുവരുന്നു.

തെങ്ങ് അധിഷ്ഠിത ബഹുവിള സമ്പ്രദായം പിന്തുടരുന്നതിനാൽ മത്സ്യ കൃഷി, പശു, ആട്, കോഴി, താറാവ്, തുടങ്ങിയവയും കൃഷിയിടത്തിലുണ്ട്. ചതുപ്പു നിലങ്ങളിലും കുളങ്ങളിലും കാണപ്പെടുന്ന പായൽ ജൈവവളമായും, വേനൽക്കാലത്ത് തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിന് പുതയായും ഉപയോഗിച്ചു വരുന്നു. നാളികേര വികസന ബോർഡിന്റെ മികച്ച കർഷകനുള്ള അവാർഡ് 2010 ലും ശ്രീ. പങ്കജ് ദാസിനെ തേടിയെത്തിയിരുന്നു. നാളികേര കൃഷിയിലെ മികച്ച നേട്ടങ്ങൾക്കും നൂതന പരിപാലന രീതികൾക്കും 2016 – ൽ സി.പി.സി.ആർ.ഐ അദ്ദേഹത്തെ ആദരിക്കുകയുണ്ടായി.

## ശ്രീ. കിക്കാറ്റോ കിനിമി



നാഗാലാന്റിലെ ദിമാപൂർ ഗ്രാമത്തിൽ നിന്നുള്ള കർഷകനായ കിക്കാറ്റോ കിനിമി സ്വന്തമായുള്ള 70 ഏക്കറിൽ 50 ഏക്കറിലും 6000 തെങ്ങുകളാണ് കൃഷി ചെയ്തിട്ടുള്ളത്. 25 വയസ്സ് പ്രായമുള്ള തെങ്ങിന് ഇടവിളയായി കവുങ്ങും പരിപാലിച്ചു പോരുന്നു. പ്രതിവർഷ ഉൽപാദനം 1,10,000 നാളികേരമാണ്, തെങ്ങ് ഒന്നിന് 200 നാളികേരമാണ് ഉൽപാദനക്ഷമത. ശരിയായ ജലസേചനം ഉറപ്പു വരുത്തുന്നതിനോടൊപ്പം ജൈവവളവും, ചാണകവും, ഉപ്പും തെങ്ങിൻ തടങ്ങളിൽ നൽകി വരുന്നു.

ധനതത്വശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദമുള്ള ശ്രീ കിനിമിയ്ക്ക് നാളികേരത്തിൽ നിന്നും നാളികേര ഉൽപന്നങ്ങളിൽ നിന്നുമുള്ള പ്രതിവർഷ വരുമാനം 9,00,000 രൂപയാണ്. തെങ്ങ് കയറ്റ യന്ത്രം ഉപയോഗിച്ചാണ് ഇദ്ദേഹം വിളവെടുപ്പും, തെങ്ങിന്റെ മണ്ട വൃത്തിയാക്കലും നടത്തുന്നത്.

## ശ്രീമതി ദീപ അനിൽ ലാൽ



കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായ ലാല അഗ്രോ ട്രോപ്പിക്കിന്റെ ഡയറക്ടറാണ് ദീപ അനിൽ ലാൽ. പരിസ്ഥിതി സൗഹൃദ വസ്തുവായ ചിരട്ടയിൽനിന്നു നിരവധി ഉൽപന്നങ്ങൾ ഉണ്ടാക്കുന്നു. സ്പാനിഷ് കമ്പനിയുടെ ഓഹരി കൈവശമുള്ള സ്ഥാപനം 2008 ൽ ആണ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ആയി രജിസ്റ്റർ ചെയ്തത്. പരിസ്ഥിതി സൗഹൃദ വസ്തുക്കളുടെയും ചിരട്ടയിൽ നിന്നുള്ള ഉൽപന്നങ്ങളുടെയും നിർമ്മാണത്തിൽ നിരവധി വർഷത്തെ പരിചയം സ്ഥാപനത്തിനുണ്ട്. ദീപയുടെ ഭർത്താവ് ശ്രീ. അനിൽകുമാർ ലാല അഗ്രോ ട്രോപ്പിക്കിന്റെ മാനേജിംഗ് ഡയറക്ടറാണ്.

ചിരട്ടയിൽ നിർമ്മിക്കുന്ന ഐസ്ക്രീം കപ്പുകൾ, കരകൗശല വസ്തുക്കൾ, പക്ഷിത്തീറ്റ പാത്രങ്ങൾ തുടങ്ങിയവയാണ് കമ്പനിയുടെ പ്രധാന ഉൽപ്പന്നങ്ങൾ. തമിഴ്നാട്ടിൽ നിന്നും വാങ്ങുന്ന അസംസ്കൃത വസ്തുക്കൾ കേരളത്തിൽ എറണാകുളം ജില്ലയിലുള്ള കോടനാട്, കാലടി യൂണിറ്റുകളിൽ സംസ്കരണം നടത്തി ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തുന്നു. അമേരിക്കയിലേക്കും, യൂറോപ്പിലേക്കുമാണ് പ്രധാനമായും ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നത്. കമ്പനിയുടെ വാർഷിക വരുമാനം ഏകദേശം 3.5 കോടി രൂപയാണ്.

## ശ്രീ. ഡി. എൻ. നിരഞ്ജൻ കനി

ഹോളിസ്റ്റ ട്രാൻസ് വേൾഡ് പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകനായ ഡി.എൻ. നിരഞ്ജൻ കനി പ്രശസ്ത ബിസിനസ്സ് ഗ്രൂപ്പായ വി.വി.ഡി കുടുംബത്തിലെ രണ്ടാം തലമുറക്കാരനും, ഉപഭോക്തൃ ഉൽപ്പന്ന വിതരണ രംഗത്തെ ദീർഘ കാല അനുഭവജ്ഞാനത്തിനുടമയാണ്. രാജ്യത്തെ രണ്ടാമത്തെ ബ്രാൻഡഡ് വെളിച്ചെണ്ണ വിപണന സ്ഥാപനത്തിന്റെ ഉടമ കൂടിയാണ് ഇദ്ദേഹം. ബിസിനസ്സിനോടുള്ള ശ്രീ.കനിയുടെ അഭിനിവേശവും, കഠിനാധ്വാനവും ആണ് ഹോളിസ്റ്റ എന്ന സ്ഥാപനത്തെ പ്രശസ്തിയിലേക്കെത്തിച്ചത്. നാളികേരാധിഷ്ഠിത ഭക്ഷണങ്ങൾ, ഭക്ഷ്യ ചേരുവകൾ, പാനീയങ്ങൾ തുടങ്ങിയവയാണ് കമ്പനി നിർമ്മിച്ച് വിപണനം ചെയ്യുന്നത് . 2019 ൽ കമ്പനിയുടെ വിറ്റു വരവ് 13.61 കോടി രൂപയായിരുന്നു.

ഹോളിസ്റ്റയ്ക്ക് തമിഴ്നാട്ടിലെ സേലത്ത് 30000 ചതുരശ്ര അടിയിലുള്ള ഫാക്ടറിയാണുള്ളത്. ഇവിടെ പ്രതിദിനം 20000 നാളികേരം സംസ്കരിക്കുന്നതിനും ലോകോത്തര നിലവാരമുള്ള 15 ഓളം ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനു ശേഷിയുമുണ്ട്.

തേങ്ങാപ്പാൽ വേർതിരിച്ചെടുക്കുന്നതിനും, നാളികേരം ചിരകിയെടുക്കുന്നതിനും അത്യാധുനിക ഉപകരണങ്ങൾ ഉപയോഗിക്കുന്നതോടൊപ്പം, ഭക്ഷ്യ സുരക്ഷയും ഗുണനിലവാരവും ഉറപ്പു വരുത്തുന്നതിനായി GMP, GHP മാനദണ്ഡങ്ങൾ പിന്തുടരുന്നു. ഗുണനിലവാര പരിശോധനാ വകുപ്പുമായി സഹകരിച്ച് ചെറിയ തോതിലുള്ള റിസർച്ച് ആൻഡ് ഡവലപ്മെന്റ് ലാബും ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ട്. GFSI അംഗീകരിച്ച കർശനമായ ഭക്ഷ്യ സുരക്ഷ ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങൾ അനുസരിച്ചാണ് ഹോളിസ്റ്റ പ്രവർത്തിക്കുന്നത്.

ഹലാൽ സർട്ടിഫിക്കേഷനോടൊപ്പം FSSC 22000, BRCGS ഗുണനിലവാരവും ഉറപ്പു വരുത്തുന്ന ഹോളിസ്റ്റ FDA രജിസ്ട്രേഷനുമുള്ള സ്ഥാപനമാണ്.




## ഡോ. എം. ആർ. മണികണ്ഠൻ



ഡോ. എം. ആർ. മണികണ്ഠൻ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്ര തോട്ടവിള സ്ഥാപനത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ആണ്. അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗിൽ 24 വർഷത്തെ അനുഭവ ജ്ഞാനവും ഉണ്ട്. 2000 –2013 വരെ ലുധിയാനയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്

റ്റ് ഹാർവെസ്റ്റ് എൻജിനിയറിംങ് ആൻഡ് ടെക്നോളജിയിൽ ശാസ്ത്രജ്ഞനായി പ്രവർത്തിച്ചിട്ടുണ്ട്.

ഭക്ഷ്യ സംസ്ക്കരണ രംഗത്തെ സാങ്കേതിക വിദ്യകൾ, നാളികേരാധിഷ്ഠിത ഉൽപന്നങ്ങളുടെ ഉപയോഗവും ഗുണനില വാരം ഉറപ്പു വരുത്തൽ, തോട്ടവിളകളിലെ വൈവിദ്ധ്യവൽക്കരണവും യന്ത്രവൽക്കരണവും തുടങ്ങി ഭക്ഷ്യ സംസ്ക്കരണ മേഖലയുമായി ബന്ധപ്പെട്ട മൂന്നു പുസ്തകങ്ങളുടെ കർത്താവും 11 പുസ്തകങ്ങളുടെ സഹരചയിതാവുമാണ്. ദേശീയ അന്തർദേശീയ ജേണലുകളിൽ ഇദ്ദേഹത്തിന്റേതായി 71 ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എഴുപതോളം ദേശീയ അന്തർ ദേശീയ സെമിനാറുകളിലും, കോൺഫറൻസുകളിലും, സിമ്പോസിയങ്ങളിലും ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുമുണ്ട്.

12 സാങ്കേതിക വിദ്യകൾ, നിരവധി ഉപകരണങ്ങൾ, ഭക്ഷ്യധാന്യങ്ങളുടേയും, എണ്ണക്കുരുക്കളുടെയും സംസ്ക്കരണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ, നാനോ കമ്പോസ്റ്റ് സാങ്കേതിക വിദ്യ, മൈക്രോ എൻക്യാപ്സുലേഷൻ, ബയോഗ്യാസ് സാങ്കേതിക വിദ്യ തുടങ്ങി സംവിധാനങ്ങൾ അദ്ദേഹം വികസിപ്പിച്ചിട്ടുണ്ട്.

ബിരുദാനന്തര ബിരുദത്തോടൊപ്പം സിഎസ്ഐആർ ഫെല്ലോഷിപ്പും തമിഴ് നാട് കാർഷിക സർവകലാശാലയുടെ മെറിറ്റ് സ്കോളർഷിപ്പും നേടി. കൂടാതെ ബിരുദാനന്തര ഗവേഷണത്തിനുള്ള 2010 ലെ ജവഹർലാൽ നെഹ്റു പുരസ്കാരവും ഇന്ത്യൻ സൊസൈറ്റി ഓഫ് അഗ്രിക്കൾച്ചർ എൻജിനിയേഴ്സിന്റെ 2013 ലെ വിശിഷ്ട സേവന സാക്ഷ്യപത്രവും ലഭിച്ചു. സിപിസിആർഐയിൽ കോക്കനട്ട് ഡിഷെല്ലിംങ് മെഷീൻ, കൊപ്ര വേർതിരിച്ചെടുക്കുന്ന യന്ത്രം, തേങ്ങാപ്പാൽ, വിർജിൻ കോക്കനട് ഓയിൽ എന്നിവയുടെ അവശിഷ്ടങ്ങളിൽ നിന്നും കൽപ കൃഞ്ച്, മറ്റ് മൂല്യ വർധിത ഉൽപ്പന്നങ്ങൾ, വിസിഒയുടെ അവശിഷ്ടത്തിൽ നിന്ന് മഫിൻസ്, നാളികേര പഞ്ചസാര അധിഷ്ഠിത ചോക്കലേറ്റ്, വെഗാൻ ഐസ്ക്രീം, സ്പ്രേ ഡ്രൈഡ് നീര പൗഡർ, നീര ബോട്ടിലിംങ് ടെക്നോളജി എന്നിവ വികസിപ്പിക്കുന്നതിൽ 2013 മുതൽ സംഭാവനകൾ നൽകിയിട്ടുണ്ട്.

## ശ്രീ. ചാൾസ് വിജയ് വർഗ്ഗീസ്



തെങ്ങിന്റെ വിടരാത്ത പൂങ്കുലയിൽ നിന്നു നീര ടാപ്പ് ചെയ്യുന്നതിനുള്ള നൂതന യന്ത്ര സംവിധാനമായ റോബോട്ടിക് സാപ്പർ കണ്ടുപിടിച്ച യുവ എൻജിനിയറാണ് കൊച്ചി, ആലുവ സ്വദേശിയായ ശ്രീ. ചാൾസ് വിജയ് വർഗ്ഗീസ്. കളമശേരിയിലുള്ള ചാൾസിന്റെ നവ ഡിസൈൻ ആൻഡ് ഇന്നൊവേഷൻസ് എന്ന സ്റ്റാർട്ടപ്പ് കമ്പനി രൂപകൽപന ചെയ്തിരിക്കുന്ന റൊബോട്ടിക് സാപ്പർ തെങ്ങിന്റെ പൂങ്കുലയിൽ ഘടിപ്പിച്ചാൽ അത് സൗരോർജ്ജത്തിൽ തനിയെ പ്രവർത്തിക്കും. സാപ്പറിൽ നിവേശിപ്പിച്ചിരിക്കുന്ന കമാൻഡുകൾ അനുസരിച്ച് കൃത്യ സമയങ്ങളിൽ ദിവസവും ഇതിലെ ബ്ലേഡ് പൂങ്കുല ചെത്തുകയും ഊറി വരുന്ന നീര അഥവ കള്ള് പ്ളാസ്റ്റിക് ട്യൂബ് വഴി താഴെ വച്ചിരിക്കുന്ന ചില്ലറിൽ ശേഖരിക്കപ്പെടുകയും ചെയ്യും. ഇപ്രകാരം ശേഖരിക്കപ്പെടുന്ന നീരയുടെ അളവ് കൃത്യമായി കർഷകന്റെ മൊബൈൽ ഫോണിൽ സന്ദേശമായി വരും.

ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയറിങ്ങിൽ ബിരുദധാരിയായ ചാൾസ് ആണ് കമ്പനി സിഇഒ. അദ്ദേഹത്തിന്റെ, എൻജിനിയറായ ഭാര്യ നീനു, സുഹൃത്തുക്കളും എൻജിനിയർമാരുമായ വിനു, സുജിത്, അനൂപ്, മനു, സൂപ്പർവൈസർ ജിതിൻ, ടാപ്പർ സുകുമാരൻ എന്നിവരടങ്ങുന്നതാണ് ടീം. കളമശേരി കിൻഫ്രയിലെ മെയ്ക്കപ്പ് വില്ലേജിൽ 2017 ജൂലൈയിലാണ് ചാൾസിന്റെ സ്റ്റാർട്ടപ്പ് രജിസ്റ്റർ ചെയ്തത്.

## ശ്രീ. രതീന്ദ്രനാഥ് മല്ലിക്



കൊൽക്കത്തയിൽ നിന്നുള്ള കരകൗശല ശിൽപ്പിയായ രതീന്ദ്രനാഥ് മല്ലിക് (45) 1999 മുതൽ ചിരട്ടയും സ്വർണ്ണവും ചേർത്തുള്ള കരകൗശല വസ്തുക്കൾ നിർമ്മിച്ചു വരുന്നു. സ്വയം വികസിപ്പിച്ച രീതിയാണ് ശ്രീ. മല്ലിക് പിന്തുടരുന്നത്. ചിരട്ട കൊണ്ടുള്ള കര കൗശല വസ്തുക്കൾ, ചിരട്ടയിൽ കൊത്തുപണികൾ, ചിരട്ടയിൽ സ്വർണ്ണം ചേർത്തു വച്ചുള്ള ഫ്യൂഷൻ ആഭരണങ്ങൾ തുടങ്ങിവയാണ് അദ്ദേഹം നിർമ്മിക്കുന്നത്. ഒരു ലക്ഷം രൂപയാണ് അദ്ദേഹത്തിന്റെ കരകൗശല യൂണിറ്റിലെ മൂലധന നിക്ഷേപം. വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയും. 2012 ൽ മിനിസ്ട്രി ഓഫ് ടെക്സ്റ്റൈൽസിന്റെ ദേശീയ അവാർഡ് 2005, 2006, 2010, 2011 വർഷങ്ങളിൽ സംസ്ഥാന അവാർഡ് എന്നിവ ശ്രീ. മല്ലികിന് ലഭിക്കുകയുണ്ടായി. ചിരട്ടയും സ്വർണ്ണവും കൊണ്ടുള്ള ഫ്യൂഷൻ ആഭരണങ്ങളുടെ നിർമ്മാണത്തിന് ലിംക ബുക് ഓഫ് റെക്കോർഡ്സിലും, ഇന്ത്യ ബുക് ഓഫ് റെക്കോർഡ്സിലും ഇദ്ദേഹത്തിന് ഇടം നേടാനായി.



## ശ്രീ. കെഡി ദയാലു

എറണാകുളം ജില്ലയിലെ വരാപ്പുഴ സ്വദേശിയായ ശ്രീ. ദയാലു ചിരട്ട കൊണ്ട് ചാരുതയാർന്ന ശിൽപങ്ങളും വിളക്കുമറകളും മറ്റ് അലങ്കാര വസ്തുക്കളും നിർമ്മിക്കുന്ന കൃതഹസ്തനായ കലാകാരനാണ്. വിവിധ തരത്തിലും ആകൃതിയിലുമുള്ള ലാമ്പ് ഷെയ്ഡുകൾ, ചെടിച്ചട്ടികൾ, പ്രതിമകൾ എന്നിവയാണ് ദയാലു ചിരട്ടകൊണ്ട് നിർമ്മിക്കുന്നത്. ചിരട്ട ചൂടാക്കി നിവർത്തിയെടുക്കുന്നതിനുള്ള സാങ്കേതിക വിദ്യ ദയാലുവിന് വശമുണ്ട്.തൊഴിൽപരമായി അലുമിനിയം ഫാബ്രിക്കേറ്ററാണ് എങ്കിലും പരസ്യ ചിത്രങ്ങളുടെ ഷൂട്ടിങ്ങ്, സിനിമയുടെ സെറ്റ് നിർമ്മാണം എന്നീ മേഖലകളിലും പ്രവർത്തിക്കുന്നു. ദീപക് ഹാൻഡി ക്രാഫ്റ്റസ് എന്ന സ്വന്തം സ്ഥാപനത്തിന്റെ മേൽവിലാസത്തിലാണ് ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മിച്ച് വിപണനം നടത്തുന്നത്. മട്ടാഞ്ചേരിയിലുള്ള ഒരു ഏജൻസി വഴിയാണ് ദയാലു തന്റെ ഉൽപ്പന്നങ്ങൾ വിദേശങ്ങളിലേയ്ക്ക് കയറ്റി അയക്കുന്നത്. ചിരട്ട എന്നും ദയാലുവിന് ആവേശമാണ്.തന്റെ തൊഴിലിന് ആവശ്യമായ ഉപകരണങ്ങൾ ദയാലു തന്നെ രൂപകൽപന ചെയ്തിട്ടുണ്ട്. വലിപ്പമുള്ള നാളികേരം വ്യാപാരികളിൽ നിന്ന് നേരിട്ട് തെരഞ്ഞെടുത്ത് വാങ്ങി കൊണ്ടുവരും. 500 രൂപ മുതൽ 25000 രൂപ വരെ വിലയുള്ള കരകൗശല ഉൽപ്പന്നങ്ങൾ ദയാലുവിന്റെ പക്കലുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വ്യാപാര സ്ഥാപനങ്ങൾ ദയാലുവിന്റെ പക്കൽ നിന്ന് ഉൽപ്പന്നങ്ങൾ സ്ഥിരമായി വാങ്ങുന്നു. പ്രധാന വ്യാപാര മേളകളിൽ ദയാലു പതിവായി പങ്കെടുക്കുന്നു. ഉൽപ്പന്നങ്ങൾ ചൂടപ്പം പോലെ വിറ്റു പോകുകയും ചെയ്യുന്നു. ചിരട്ടയിൽ ദയാലു നിർമ്മിച്ച ശിൽപ്പത്തിന് 2015 -16 ലെ സംസ്ഥാന കരകൗശല പുരസ്കാരം ലഭിക്കുകയുണ്ടായി.

## ശ്രീമതി. മാലാ കുമാരി വർമ്മ



ചിരട്ടയിൽ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന കലാകാരിയാണ് ശ്രീമതി മാല. ബിഹാറിലെ മുങ്കർ ജില്ലയാണ് സ്വദേശം. ഭർത്താവ് ശ്രീ.നികുഞ്ജ് ബിഹാറിയും കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന കലാകാരനാണ്. ചിരട്ടകൊണ്ട് ആഭരണങ്ങളും മറ്റ് മൂല്യ വർധിത ഉൽപ്പന്നങ്ങളുമാണ് ശ്രീമതി മാല രൂപകൽപന ചെയ്യുന്നത്. 2014 മുതൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഇവർക്ക് 2010 -11 ലെ മികച്ച കലാകാരിക്കുള്ള ബിഹാർ ഗവൺമെന്റിന്റെ സംസ്ഥാന പുരസ്കാരം ലഭിച്ചിട്ടുണ്ട്. മാസ്റ്റർ ട്രെയിനറുമാണ്.




## ശ്രീ. അക്ഷയ് പരമാനന്ദ് പിലങ്കർ

മഹാരാഷ്ട്രയിലെ രത്നഗിരി സ്വദേശിയായ ശ്രീ. അക്ഷയ് പരമാനന്ദ് പില്ലങ്കർ തേങ്ങ, ചിരട്ട, തൊണ്ട്, കയർ എന്നിവയിൽ നിന്നും കൊത്തുപണികൾ, അലങ്കാര കലാസൃഷ്ടികൾ എന്നിവ നിർമ്മിച്ചു വരുന്നു. 2011 മുതൽ അദ്ദേഹം ഈ രംഗത്തു പ്രവർത്തിച്ചു വരുന്നു. യൂണിറ്റിൽ നിന്നുള്ള ശരാശരി വാർഷിക വരുമാനം ഒരു ലക്ഷം രൂപയാണ്. ശ്രീ. പിലങ്കറിന് മുംബൈ യൂണിവേഴ്സിറ്റിയിൽ നിന്നു ഫൈൻ ആർട്സിൽ വെള്ളി, വെങ്കല മെഡലുകളും ഭാരതീയ വിദ്യാപീഠത്തിൽ നിന്നും ചിത്ര രചനാ പുരസ്ക്കാരവും ലഭിച്ചിട്ടുണ്ട്.

## ശ്രീ. സഗീർ അഹമ്മദ്



ചിരട്ടകൊണ്ട് ആഭരണങ്ങളും അലങ്കാര വസ്തുക്കളും നിർമ്മിക്കുന്ന ശ്രീ. സഗീർ ഹരിത സംരംഭകനാണ്. അസമിലെ ജോർഹട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡാസിൽ ക്രാഫ്റ്റ് എന്ന സംരംഭത്തിന്റെ ഉടമയായ സഗീർ പാഴ് വസ്തുക്കൾ പ്രത്യേകിച്ച് ചിരട്ട ഉപയോഗിച്ച് മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ഇത് സംബന്ധിച്ച ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾക്ക് ഇത് ഉപജീവനമാർഗ്ഗമാണ്. അദ്ദേഹത്തിന്റെ പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങൾ ഓൺലൈനായി വിറ്റുപോകുന്നു. താൽപര്യമുള്ളവർക്ക് ഈ മേഖലയിൽ അദ്ദേഹം പരിശീലനവും നൽകുന്നു.

## ഡോ. ശിവകുമാർ ടി



ആലപ്പുഴ ഐസിഎആർ കൃഷി വിജ്ഞാന കേന്ദ്രത്തിലെ സബ്ജക്റ്റ് മാറ്റർ സ്പെഷലിസ്റ്റ് (കാർഷിക കീടശാസ്ത്രം) ആയി പ്രവർത്തിക്കുന്ന ഡോ. ശിവകുമാർ 2016 മുതൽ 2018 വരെ നാളികേര കർഷകർക്കായി പരിശീലന പരിപാടികൾ, സോദോഹരണ ക്ലാസുകൾ, സെമിനാറുകൾ, ചർച്ചകൾ എന്നിവ നടത്തിയിട്ടുണ്ട്. ഏകദേശം 750 കൃഷിക്കാർ ഇതിന്റെ ഗുണഭോക്താക്കളായി. കൃഷിയിട പാഠശാലകളിലൂടെ ഡോ.ശിവകുമാർ നിരവധി കർഷക പങ്കാളിത്ത പരിപാടികൾ സംഘടിപ്പിക്കുകയും നാളികേര ഉൽപാദനം വർധിപ്പിക്കുന്നതിനും രോഗ കീടങ്ങളെ നിയന്ത്രിക്കുന്നതിനും വിവിധ സാങ്കേതിക വിദ്യകൾ കൃഷിക്കാരിൽ എത്തിച്ചു. 2016 – 18 കാലയളവിൽ വിവിധ പ്രസിദ്ധീകരണങ്ങളിലായി നാളികേര സംബന്ധിയായ 150 ലേഖനങ്ങൾ ഡോ. ശിവകുമാർ എഴുതി.

ഇതിൽ തന്നെ 17 ലേഖനങ്ങൾ നാളികേര ഉൽപാദന വർധന, കീടനിയന്ത്രണം എന്നിവ സംബന്ധിച്ചുള്ളതാണ്. റേഡിയോ പരിപാടികൾ വഴി നാളികേര മേഖലയിലെ അനേകം പുതിയ കാര്യങ്ങൾ അദ്ദേഹം കൃഷിക്കാരിൽ എത്തിച്ചു. 100 കൃഷിയിട സന്ദർശന പരിപാടികളും 564 അഗ്രോ ക്ലിനിക് സേവനങ്ങളും ഡോ.ശിവകുമാറിന്റെ നേതൃത്വത്തിൽ നടന്നു.

## അഞ്ചരക്കണ്ടി സഹകരണ ബാങ്ക്



മലബാറിന്റെ കിഴക്കൻ മേഖലയിൽ ബ്രിട്ടീഷ് ഭരണ കാലത്ത് 1914 ൽ രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സംഘമാണ് അഞ്ചരക്കണ്ടി സംഹകരണ സംഘം. തുച്ഛമായ മൂലധനവും 11 അംഗങ്ങളുമായി തുടങ്ങിയ സംഘം ഇന്ന് ഈ മേഖലയിലെ ബൃഹത്തായ കാർഷിക സഹകരണ പ്രസ്ഥാനമാണ്.

ബാങ്കിന്റെ ഉടമസ്ഥതയിലുള്ള നാളികേര സംസ്കരണ യൂണിറ്റിൽ നിന്ന് വെളിച്ചെണ്ണ, വിർജിൻ വെളിച്ചെണ്ണ, തേങ്ങാപാൽ, തൂൾ തേങ്ങ, വിളക്കെണ്ണ, ഹെയർ ഓയിൽ, വെളിച്ചണ്ണ സോപ്പ് തുടങ്ങിയ നിരവധി മൂല്യ വർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. ദിവസം 50000 നാളികേരം ഉണക്കി കൊപ്രയാക്കാൻ ശേഷിയുള്ള ഡ്രയർ യൂണിറ്റ്, എട്ടു മണിക്കൂർ കൊണ്ട് 5000 ലിറ്റർ വെളിച്ചെണ്ണ ഉൽപാദിപ്പിക്കുന്ന മില്ല്, കൂടാതെ 300 ലീറ്റർ വിളക്കെണ്ണ, 150 ലിറ്റർ വിർജിൻ ഓയിൽ, 800 ലിറ്റർ തേങ്ങാപ്പാൽ, 100 കിലോ തൂൾ തേങ്ങാ എന്നിവയാണ് യൂണിറ്റിന്റെ പ്രതിദിന ഉൽപാദന ശേഷി. സഹകാരി എന്ന വ്യാപാര നാമത്തിലാണ് ഉൽപ്പന്നങ്ങൾ വിപണിയിലെത്തുന്നത്. കമ്പനിക്ക് ആഗ് മാർക്ക്, എഫ് എസ് എസ് എ ഐ സാക്ഷ്യപത്രങ്ങളും ഉണ്ട്.

## ശ്രീ. വി.ഐ കുര്യൻ

എറണാകുളം ജില്ലയിൽ നിന്നുള്ള വി.ഐ. കുര്യൻ (55) കഴിഞ്ഞ 35 കൊല്ലമായി തെങ്ങു കയറ്റ തൊഴിലാളിയാണ്. പ്രതിദിനം 50–75 തെങ്ങുകളിൽ പരമ്പരാഗത രീതിയിൽ വിളവെടുപ്പ് നടത്തി പ്രതിമാസം 50000 രൂപ വരെ വരുമാനം നേടുന്നു. തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിനും കീടരോഗ നിവാരണത്തിനും ഈ പ്രദേശത്തെ കർഷകർ കുര്യനെയാണ് ആശ്രയിക്കുന്നത്.




## ശ്രീ. പരേഷ് ബൈഷ്യ

പരമ്പരാഗത തെങ്ങുകയറ്റ തൊഴിലാളിയായ ശ്രീ ബൈഷ്യ 2001 മുതൽ ഈ മേഖലയിൽ പ്രവർത്തിക്കുന്നു. അസമിലെ നൽബാരി സ്വദേശിയായ ഇദ്ദേഹം ദിവസം 10 തെങ്ങുകളിൽ വിളവെടുപ്പു നടത്തുന്നു. മാസവരുമാനം 10000 രൂപ.







## ശ്രീ. ഗിഡുഗു ശേഷഗിരി റാവു

ആന്ധ്രയിലെ ഈസ്റ്റ് ഗോദാവരി സ്വദേശിയായ ശ്രീ. ഗിഡുഗു ശേഷഗിരി റാവു തന്റെ തൊഴിലും, ഉപജീവനമാർഗ്ഗവുമായി തെരഞ്ഞെടുത്തിട്ടുള്ളത് തെങ്ങു കയറ്റമാണ്. ബോർഡ് നടത്തി വരുന്ന ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടുള്ള ഇദ്ദേഹത്തിന് ഈ തൊഴിലിലൂടെ പ്രതിദിനം 1000 രൂപ സമ്പാദിക്കാൻ സാധിക്കുന്നു. നിലവിൽ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടികളുടെ മാസ്റ്റർ ട്രെയിനറായും പ്രവർത്തിച്ചു വരുന്നു. ഇതുകൂടാതെ തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിലും രോഗ കീട സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിലും താൽപര്യമുള്ളവരെ പരിശീലിപ്പിക്കുവാൻ ശ്രീ. റാവു മുന്നിലുണ്ട്.

## ശ്രീമതി സുനി ലീ

തിരുവനന്തപുരം ജില്ലയിലെ വർക്കല സ്വദേശിയായ ശ്രീമതി സുനി ലീ (50) ബോർഡിന്റെ കീഴിൽ 2011 ൽ ചങ്ങാതിക്കൂട്ടം പരിശീലനം ലഭിച്ച വ്യക്തിയാണ്. പ്രതിദിനം 25 തെങ്ങുകൾ വരെ കയറുന്ന സുനിലീയുടെ പ്രതിമാസ വരുമാനം ഏകദേശം 35000 രൂപയാണ്. കഴിഞ്ഞ 5 വർഷമായി ബോർഡ് നടത്തി വരുന്ന ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയുടെ മാസ്റ്റർ ട്രെയിനറായും പ്രവർത്തിക്കുന്നു. നാളികേര മേഖലയിലെ കർഷക ഉൽപാദക സംഘടന രൂപീകരണ പ്രവർത്തനങ്ങളിൽ സജീവമാണ്. ഒരു വർഷത്തോളം മലേഷ്യയിൽ തെങ്ങു കയറ്റ മേഖലയിൽ പ്രവർത്തിച്ചിട്ടുണ്ട്.



## ശ്രീ. ദിലീപ് കുമാർ പി.

കാസറഗോഡ് സ്വദേശിയായ ശ്രീ. ദിലീപ് 2010 മുതൽ കേരള കാർഷിക സർവകലാശാലയുടെ പടന്നക്കാട് കാർഷിക കോളജിൽ നീര ടെക്നീഷ്യനായി ജോലി ചെയ്യുന്നു. ദിവസം അഞ്ചു തെങ്ങുകളിൽ നിന്ന് നീര ഉൽപാദിപ്പിക്കുന്നുണ്ട്. കേര പരിപാലന മുറകളിലും നാളികേര വിളവെടുപ്പ് ജോലിയിലും വിദഗ്ധനാണ്. നീര ടെക്നീഷ്യൻ പരിശീലന പരിപാടികളിൽ മാസ്റ്റർ ട്രെയിനറായും പ്രവർത്തിക്കുന്നു.



## പാൽഗർ ഫാം



നാളികേര വികസന ബോർഡിന്റെ കീഴിൽ മഹാരാഷ്ട്രയിലെ പാൽഗറിൽ പ്രവർത്തിക്കുന്ന വിത്തുൽപാദന പ്രദർശന തോട്ടമാണ് ഇത്. 40 ഹെക്ടർ വിസ്തൃതിയുള്ള ഫാമിൽ 21 പ്ലോട്ടുകളിലായി 5867 തെങ്ങുകളുണ്ട്. ഇതിൽ 80 ശതമാനം കുറിയ ഇനങ്ങളും ബാക്കി നെടിയ ഇനങ്ങളുമാണ്. എല്ലാ വർഷവും ഈ ഇനങ്ങളുടെ നടീൽ വസ്തുക്കൾ ഉൽപാദിപ്പിക്കുകയും അവ കർഷകർക്ക് ആവശ്യാനുസരണം വിതരണം ചെയ്യുകയും ചെയ്യുന്നു. ഇതു കൂടാതെ വാഴ, സപ്പോട്ട, ചെറുനാരകം പച്ചക്കറികൾ തുടങ്ങിയ ഇടവിളകളിൽ നിന്നും ഫാമിൽ വരുമാനം ലഭ്യമാക്കുന്നുണ്ട്. കർഷകർ, എഫ് ഒ സി ടികൾ എന്നിവർക്കായി കാലാകാലങ്ങളിൽ പരിശീലന പരിപാടികളും ഫാമിൽ നടത്തിവരുന്നു.

## വെഗിവാഡ ഫാം




നാളികേര വികസന ബോർഡിന്റെ കീഴിൽ ആന്ധ്രാപ്രദേശിലെ വെഗിവാഡയിൽ പ്രവർത്തിക്കുന്ന വിത്തുൽപാദന പ്രദർശന തോട്ടത്തിന്റെ മൊത്തം വിസ്തൃതി 78. 80 ഹെക്ടറാണെങ്കിലും നിലവിൽ 40 ഹെക്ടർ മാത്രമെ കൃഷിയോഗ്യമായിട്ടുള്ളു. വെസ്റ്റ് ഗോദാവരിയിലെ എലൂരുവിൽ നിന്ന് 25 കിലോമീറ്റർ അകലെയാണ് ഫാം സ്ഥിതി ചെയ്യുന്നത്. നിലവിലുള്ള 3892 തെങ്ങുകളിൽ 3593 എണ്ണം ഉൽപാദനക്ഷമമാണ്. ഇതിൽ 2066 അമ്മ തെങ്ങുകളാണ്. കൊക്കോ(4822) പേര(18)നെല്ലി(28) ആത്ത (55) കശുമാവ് ( 110) എന്നിവയാണ് തോട്ടത്തിലെ ഇടവിളകൾ. അഞ്ച് ജൈവ വള നിർമ്മാണ യൂണിറ്റുകളും ഫാമിൽ പ്രവർത്തിക്കുന്നുണ്ട്.



## മംഗളം നാളികേര ഉൽപാദക ഫെഡറേഷൻ, തിരൂർ

മലപ്പുറം ജില്ലയിലെ തിരൂരിനടുത്ത് ചെന്നറയിൽ പ്രവർത്തിക്കുന്ന മംഗളം കേരകർഷക ഫെഡറേഷനിൽ അംഗങ്ങളായി 1445 നാളികേര കർഷകരും പരിധിയിൽ 113344 തെങ്ങുകളും ഉണ്ട്. ഫെഡറേന്റെ കീഴിലുള്ള വാർഷിക ശരാശരി ഉൽപാദനം 54.91 ലക്ഷം നാളികേരമാണ്. സ്വന്തമായി നാളികേര നഴ്സറിയും ഇവർക്കുണ്ട്. ബോർഡിന്റെ വിവിധ പദ്ധതികൾ വിജയകരമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

**നാളികേര മേഖലയിൽ മാതൃകാപരമായ വ്യവസായ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുകയും ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിദേശ രാജ്യങ്ങളിലേയ്ക്കു കയറ്റി അയച്ച് രാജ്യത്തിന് വിദേശ നാണ്യം നേടിത്തരികയും ചെയ്യുന്ന മികച്ച സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാളികേര വികസന ബോർഡ് നടപ്പാക്കി വരുന്ന പദ്ധതിയാണ് മികവിന്റെ പുരസ്കാരങ്ങൾ. മൊത്തം എട്ടു സ്ഥാപനങ്ങൾക്കാണ് ഈക്കുറി അവാർഡുകൾ വിതരണം ചെയ്തിട്ടുള്ളത്. അവാർഡിന് അർഹരായ സ്ഥാപനങ്ങളെയും വ്യക്തികളെയും കുറിച്ച്.**

## യുണൈറ്റഡ് കാർബൺ സൊലൂഷൻസ്, കാങ്കയം.




രാജ്യത്ത് ഏറ്റവുമധികം ചിരട്ടക്കരി ഉൽപാദിപ്പിച്ച് കയറ്റുമതി ചെയ്യുന്ന സ്ഥാപനമാണ് യുണൈറ്റഡ് കാർബൺസ്. തമിഴ്നാട്ടിലെ കാങ്കയത്തിനടുത്തുള്ള വട്ടമലൈ ആണ് മുഖ്യ ഉൽപാദന യൂണിറ്റ്. കൂടാതെ തൂത്തുക്കുടി, പെരുംതുറൈ എന്നിവിടങ്ങളിലും യൂണിറ്റുകൾ പ്രവർത്തിക്കുന്നു. എ കെ ജയന്തനാണ് കമ്പനിയുടെ മാനേജിംങ് ഡയറക്ടർ. 2010 – ൽ ചിരട്ടക്കരി ഉൽപാദിപ്പിച്ച് കൊണ്ട് പ്രവർത്തനം തുടങ്ങിയ യുണൈറ്റഡ് കാർബൺസ് തുടർന്ന് ഉത്തേജിത കരി നിർമ്മാണത്തിലേയ്ക്കു കടക്കുകയായിരുന്നു. 2018 – 19 ലെ കമ്പനിയുടെ കയറ്റുമതി 289.26 കോടി രൂപയിൽ എത്തി. അമേരിക്കയിലെയും യൂറോപ്പിലെയും സ്വർണ ഖനികളിലെ ആവശ്യത്തിനാണ് ഉൽപ്പന്നമത്രയും കയറ്റി അയക്കുന്നത്.




## രാജ് കാർബൺസ്, തൂത്തുക്കുടി

രാജ് ഗ്രൂപ്പിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഉത്തേജിത കരി നിർമ്മാണ യൂണിറ്റാണ് രാജ് കാർബൺസ്. പ്രതിദിനം 50 മെട്രിക് ടൺ ഉൽപാദന ശേഷിയുള്ള ഫാക്ടറിയുടെ മാനേജിംങ് പാർട്ണർമാർ എസ് ടി ഗണരാജ്, എസ് ടി സുന്ദരപാണ്ഡ്യൻ എന്നിവരാണ്. 2018 –19 ലെ കമ്പനിയുടെ വിറ്റുവരവ് 59.66 കോടിയാണ്. അമേരിക്ക, റഷ്യ, സ്പെയിൻ, മെക്സിക്കോ എന്നീ രാജ്യങ്ങളാണ് പ്രധാന വിപണി.




## ജെക്കോബി കാർബൺസ് ഇന്ത്യ, കോയമ്പത്തൂർ

ലോകത്തിലെ തന്നെ ഏറ്റവും വലിയ ചിരട്ടക്കരി ഉൽപാദന യൂണിറ്റിന്റെ ഉടമകളാണ് ജെക്കോബി കാർബൺസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്. വർഷം 16000 മെട്രിക് ടൺ ഉൽപാദന ശേഷിയുള്ള കമ്പനിയുടെ സ്ഥാപക ഡയറക്ടർ ആന്റണി തോമസ് ആണ്. 1916 – ൽ ആരംഭിച്ച കമ്പനി പിന്നീട് ഉത്തേജിത കരി നിർമ്മാണത്തിലേയ്ക്കു കടന്നു. ഇപ്പോൾ ശ്രീലങ്ക, ഫിലിപ്പീൻസ് എന്നീ രാജ്യങ്ങളിലും ശാഖകൾ ഉണ്ട്. 2018 –19 ലെ വിറ്റുവരവ് 129 കോടി രൂപയാണ്.

## സർഫക്റ്റൻസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി.

ഉൽപ്പന്ന നിർമ്മാണം, കയറ്റുമതി എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന സർഫക്റ്റൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമ ചാർട്ടേഡ് എൻജിനിയറായ സജിതാ ബഷീറാണ്. ഡോ.പി മുഹമ്മദലിയുടെ ഉടമസ്ഥതയിലുള്ള എംഫാർ ഗ്രൂപ്പിന്റെ സബ്സിഡിയറിയായ സർഫക്റ്റൻസ് കൊച്ചി കയറ്റുമതി സംസ്കരണ മേഖലയിൽ 2002 ൽ പ്രവർത്തനം ആരംഭിച്ചു. കമ്പനിയുടെ ബിനാനിപുരത്തുള്ള ഉൽപാദക യൂണിറ്റിന് എസ്ഒ 4500: 2018 സാക്ഷ്യപത്രം ഉണ്ട്. ചിരട്ടക്കരിയിൽ നിന്നുള്ള ഉത്തേജിത കരിയുടെ നിർമ്മാണവും കയറ്റുമതിയുമാണ് കമ്പനിയുടെ പ്രധാന പ്രവർത്തനം. 2018 –19 ലെ വിറ്റുവരവ് 10.73 കോടിയാണ്.പ്രതിവർഷം 20000 മെട്രിക് ടൺ ചിരട്ട സംസ്കരിക്കാനുള്ള ശേഷി ഇപ്പോൾ കമ്പനിക്കുണ്ട്.



### ഫെയർ എക്സ്പോർട് ലിമിറ്റഡ് ഇന്ത്യ, അബുദാബി

മലയാളിയായ എം എ യൂസഫലിയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ലുലു ഗ്രൂപ്പിന്റെ മറ്റൊരു സംരംഭമാണ് ഫെയർ എക്സ്പോർട്സ് ലിമിറ്റഡ് ഇന്ത്യ. പച്ച നാളികേരം, പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ കയറ്റുമതിയാണ് മുഖ്യം. ഇന്ത്യയിൽ നിന്ന് ഏറ്റവും കൂടുതൽ നാളികേരം കയറ്റി അയക്കുന്ന കമ്പനിയാണ് ഇത്. 2018 -19 ലെ വിറ്റുവരവ് 35.90 കോടി രൂപയാണ്.




### ഗോൾഡൻ ഗ്ലോബ് ഏജൻസി കൊച്ചി.

ഓട്ടിസം ബാധിച്ച കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പ്രവർത്തിക്കുന്ന റോണ വർഗീസിന്റെ ബിസിനസ് സംരംഭമാണ് 2016 ൽ സ്ഥാപിതമായ ഗോൾഡൻ ഗ്ലോബ് ഏജൻസി. ഗൾഫ് നാടുകളിലേയ്ക്ക് പഴം പച്ചക്കറികൾ എന്നിവയ്ക്കൊപ്പം പച്ചത്തേങ്ങയും കൊട്ടത്തേങ്ങയും കയറ്റി അയക്കുന്ന സ്ഥാപനമാണ് ഇത്. അഞ്ചു വർഷം കൊണ്ട് വിദേശ മാർക്കറ്റിൽ ഗോൾഡൻ ഗ്ലോബ് ഏജൻസിയുടെ ഉണ്ടകൊപ്രബഞ്ച് മാർക്ക് ഉൽപ്പന്നമായി സ്ഥാനം പിടിച്ചു. പച്ചതേങ്ങ തെരെഞ്ഞെടുക്കുമ്പോൾ ഗുണമേന്മയിൽ ഇവർ പുലർത്തുന്ന സത്യസന്ധതയും ജാഗ്രതയുമാണ് ഈ നേട്ടത്തിനു കാരണമായി ചൂണ്ടിക്കാട്ടുന്നത്. 2018 -19 ലെ വിറ്റുവരവ് 2.89 കോടി രൂപയാണ്.



### ലാലാ അഗ്രോ ട്രോപിക്കസ്, പെരുമ്പാവൂർ.

പറക്കാട്ട് നാരായണൻ അനിൽ ലാലും, ദീപ അനിൽ ലാലുമാണ് ലാല അഗ്രോ പ്രൈവറ്റ് ലിമിറ്റഡിന്റെ സാരഥികൾ. ചിരട്ട കൊണ്ടുള്ള പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങളായ ഐസ് ക്രീം കപ്പുകൾ, ബേർഡ് ഫീഡറുകൾ (പക്ഷികൾക്കുള്ള തീറ്റ പാത്രങ്ങൾ) തുടങ്ങിയവയാണ് മുഖ്യമായും ഇവർ നിർമ്മിച്ച് വിപണനം നടത്തുന്നത്. 1992 ൽ നടന്ന ബാഴ്സലോണ ഒളിമ്പികിസിലെ മുഖ്യ താരമായിരുന്നു ചിരട്ടയിൽ ഇവർ നിർമ്മിച്ച ഐസ് ക്രീം കപ്പുകൾ. .യൂറോപ്പ് അമേരിക്ക എന്നീ രാജ്യങ്ങളിലേയ്ക്കാണ് കയറ്റുമതി കൂടുതൽ. ഓസ്ട്രേലിയയിലേയ്ക്കും കയറ്റുമതിക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂവപ്പടിയിലും, കാലടിയിലുമാണ് നിർമ്മാണ യൂണിറ്റുകൾ. കർഷകരിൽ നിന്ന് നേരിട്ട് കൂടുതൽ വില നൽകിയാണ് ഇവർ നാളികേരം ശേഖരിക്കുന്നത്. 2018 -19 ലെ വിറ്റു വരവ് 2. 80 കോടി രൂപയാണ്. ലോകമെമ്പാടും പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഒഴിവാക്കി കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ തികച്ചും പരിസ്ഥിതി സൗഹൃദ ഉൽപ്പന്നമായ ചിരട്ടയ്ക്കും അതിന്റെ മൂല്യവർധിത ഉൽപ്പന്നങ്ങൾക്കും വലിയ സാധ്യതയാണ് ലാലാ അഗ്രോ കാണുന്നത്.




### വടകര നാളികേര കർഷക ഉൽപാദക കമ്പനി

രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ കീഴിൽ 2015 ൽ രജിസ്റ്റർ ചെയ്ത കമ്പനിയാണ് വടകര നാളികേര കർഷക ഉൽപാദക കമ്പനി. 6 കോടി രൂപ അംഗീകൃത മൂലധനവും 4.50 കോടി രൂപ അടച്ചു തീർത്ത മൂലധനവുമായി പ്രവർത്തനം തുടങ്ങിയ കമ്പനിയുടെ കീഴിൽ 152 ഉൽപാദക സംഘങ്ങളും, 12 ഉൽപാദക ഫെഡറേഷനുകളുമാണ് ഉള്ളത്. കോഴിക്കോട് ജില്ലയിലെ വടകര, കൊയിലാണ്ടി താലൂക്കുകളാണ് പ്രവർത്തന മേഖല. 5000 ലിറ്റർ നീരയും 15000 ലിറ്റർ വെളിച്ചെണ്ണയും പ്രതിദിന ഉൽപാദന ശേഷിയുള്ള കമ്പനി നാളികേര മേഖലയിൽ മികച്ച പ്രവർത്തനമാണ് കാഴ്ച്ച വയ്ക്കുന്നത്. തേങ്ങാ വെള്ളത്തിൽ നിന്ന് ശീതളപാനീയം, വിനാഗിരി, നീരയിൽ നിന്നു ശർക്കര, പഞ്ചസാര, ചോക്കലേറ്റ്, പാനി, വിനാഗിരി, വിർജിൻ കോക്കനട്ട് ഓയിൽ, വെഗ്ഗി വാഷ്, ചിപ്സ്, കൊയർപിത്ത് തുടങ്ങിയ ഉൽപ്പന്നങ്ങൾ ഡികൊക്കോസ് എന്ന വ്യാപാര നാമത്തിൽ, കമ്പനി വിപണിയിൽ ഇറക്കിയിട്ടുണ്ട്. കമ്പനിയുടെ 2018 -19 ലെ വിറ്റുവരവ് 12.96 ലക്ഷം രൂപയാണ്.



*തയ്യാറാക്കിയത്: ആബെ ജേക്കബ്*












ലോക നാളികേര ദിനം: ഗുജറാത്തിലെ ജുനഗഡിൽ നടന്ന ചടങ്ങിന്റെ ദൃശ്യങ്ങൾ














ജുനഗഢ് കാർഷിക സർവ്വകലാശാലയിൽ നടന്ന ചടങ്ങിന്റെ ദൃശ്യങ്ങൾ







കൊച്ചിയിലെ ലെ മെറിഡിയനിൽ നടന്ന ചടങ്ങുകളുടെ ദൃശ്യങ്ങൾ












































## ലോക നാളികേര ദിനം: വാർത്തകളിൽ





അവാർഡ് വിതരണം

നാളികേരവും ഭാരതവും

સમગ્ર ગુજરાતમાં સૌ પ્રથમ કોકોનટ ડેવલપમેન્ટ બોર્ડ ઓફિસ જૂનાગઢ શહેરમાં કાર્યરત થ

જૂનાગઢમાં કેન્દ્રીય કૃષિ મંત્રીશ્રી નરેન્દ્રસિંહ તોમર કોકોનટ ડેવલપમેન્ટ બોર્ડ ઓફિસનું ઉદ્ઘાટન

કેન્દ્ર સરકારની જૂનાગઢને ભેટ, ગુજરાતમાં સૌ પ્રથમ કોકોનટ ડેવલપમેન્ટ બોર્ડ ઓફિસ થશે કાર્યરત

નાળિયેરીના વૈશ્વિક ઉત્પાદનમાં ભારતનું ૩૧ ટકા જેટલું યોગદાન

જૂનાગઢમાં 'કોકોનટ' ડેવલપમેન્ટ બોર્ડની ઓફિસ શરૂ થશે

અંબાજી માતાજીનાં દર્શન કરતા કેન્દ્રિય મંત્રી નરેન્દ્રસિંહ તોમર

ગુજરાતમાં સૌ પ્રથમ કોકોનટ ડેવલપમેન્ટ બોર્ડ ઓફિસ કાલથી જૂનાગઢમાં કાર્યરત

જૂનાગઢમાં કોકોનટ ડેવલપમેન્ટ બોર્ડ ઓફિસનું ઉદ્ઘાટન

વિશ્વ કોકોનટ દિવસ નિમિત્તે

જૂનાગઢમાં આગામી તા. ૨ના કોકોનટ ડેવલપમેન્ટ બોર્ડ ઓફિસનું ઉદ્ઘાટન

જૂનાગઢમાં 'કોકોનટ' ડેવલપમેન્ટ બોર્ડની ઓફિસ શરૂ થશે



**മുഖമൊഴി**

## നവരാത്രിയും നാളികേരവും

ദൈവം എവിടെയാണെന്ന അന്വേഷണത്തിന് ദൈവത്തോളം തന്നെ പഴക്കമുണ്ട്. ദൈവം എല്ലായിടത്തും ഉണ്ടെന്നത് ഒരു ഉത്തരം. ഇത്തരമൊരു ദൈവസങ്കല്പത്തിന്റെ ആഘോഷമത്രെ നവരാത്രികാലത്ത് ഒരുക്കുന്ന ബൊമ്മക്കൊലു.

ബൊമ്മക്കൊലു ദൈവത്തെ ജീവനായും ശക്തിയായും കാണുന്നു. തമിഴ് ബ്രാഹ്മണ വീടുകളിലാണ് പ്രധാനമായും ബൊമ്മക്കൊലു ഒരുക്കുന്നത്. ദേവരൂപങ്ങൾ അരി, പരിപ്പ്, വെള്ളം നിറച്ച കുംഭം, അഷ്ടമംഗല്യം, ചന്ദനം, കുങ്കുമം എന്നിവയും ഇവിടെയുണ്ടാവും. ഇവയ്ക്കെല്ലാം സാക്ഷിയായി തെളിയിച്ച നിലവിളക്കും. വീട്ടിലുള്ളവർ പുലർച്ചയ്ക്കു തന്നെ കുളിച്ച് ദേവീപ്രാർത്ഥന നടത്തുന്നു.

ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനുള്ള അവസരം കൂടിയാണ് ബൊമ്മക്കൊലു. നവരാത്രികാലങ്ങളിൽ 'കൊലു' കാണാൻ ബന്ധുക്കളും സുഹൃത്തുക്കളും പരസ്പരം ഗൃഹസന്ദർശനം നടത്താറുണ്ട്. വരുന്നവർക്ക് സമ്മാനമായി നൽകുന്നത് നാളികേരമാണ്. പുതു ജീവന്റെ പ്രതീകമാണ് ഇവിടെ നാളികേരം. വീട്ടിൽ ഓരോ അതിഥിയും ദൈവത്തിന്റെ പ്രതിരൂപങ്ങളാണിവിടെ. തങ്ങളുടെ വീടുകളിൽ നന്മയുടെ തെളിച്ചം പകരാനെത്തുന്നവർ.

വിജയദശമി നാളിൽ ബൊമ്മക്കൊലു പീഠത്തിനു താഴെ കുട്ടികളെ എഴുത്തിനിരുത്തും. വീട്ടുകാരണവർ മടിയിലിരുത്തി കുട്ടികളെ അക്ഷരമെഴുതിക്കുന്നു. മുതിർന്നവർ തങ്ങളുടെ കലാപരിചയവും ഇവിടെ പുതുക്കാറുണ്ട്.

എഡിറ്റർ



നാടകം

# കേര കേരളം

ഡോ. നെത്തല്ലൂർ ഹരികൃഷ്ണൻ

രംഗം 1

സമയം പകൽ

കർട്ടൻ ഉയരുന്നതിന് മുന്നോടിയായി കർഷക വായ്ത്താരികൾ സ്റ്റേജിൽ മുഴങ്ങി കേൾക്കുന്നു. അത് മെല്ലെ ആകുമ്പോൾ കേരത്തെ പ്രകീർത്തിക്കുന്ന ഗാനം, മധുരസ്വരത്തിൽ കേൾക്കാം.

*കേര കേരളം, ചാരു കേരളം*
*കേര സുന്ദര പൂങ്കാവനം (2)*
*കേര കേരളംചാരു കേരളം*
*കേര സുന്ദര പൂങ്കാവനം (2)*

(കർട്ടൻ ഉയരുമ്പോൾ ഒരു പെൺകുട്ടി മൈക്കിലൂടെ ആ ഗാനം പാടുകയാണ്. കേര കർഷകനെ ആദരിക്കുന്നതാണ് സന്ദർഭം. അതറിയിക്കുന്ന ബാനർ സജ്ജീകരിച്ച വേദിയുടെ പശ്ചാത്തലത്തിൽ ഉണ്ടായിരിക്കണം. ഗാനം ആലപിച്ച പെൺകുട്ടി മുന്നിലൂടെ നടന്ന് സദസ്സിലേക്ക് പോയിരിക്കുന്നു. സ്വാഗത പ്രസംഗകൻ എഴുന്നേറ്റ് മൈക്കിനടുത്ത് ചെല്ലുന്നു.

സ്വാഗത പ്രസംഗകൻ : എത്രയും ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, മികച്ച നാളികേര കർഷകനുള്ള അവാർഡ് നൽകാനെത്തിയ നമ്മുടെ കൃഷി ഓഫീസർ സുനിത അവർകൾ, നമ്മുടെ പഞ്ചായത്തിലെ മികച്ച കേര കർഷകനും പുരസ്ക്കാരജേതാവുമായ പ്രിയ വാസുച്ചേട്ടൻ, പ്രിയപ്പെട്ട നാട്ടുകാരെ, കേരം നമ്മുടെ സംസ്ക്കാരത്തിന്റെ ഭാഗമാണ്. കേരം ഇല്ലെങ്കിൽ കേരളം ഇല്ല എന്നുള്ളതാണ് സത്യം.

കുരുത്തോലയും നാടൻ കരിക്കും. കളിമൊച്ചിങ്ങയുമില്ലെങ്കിൽ, എന്തിന് അടുക്കളയിൽ ഒരു മുറി തേങ്ങയെങ്കിലും ഇല്ലെങ്കിൽ നമ്മൾ മലയാളികളാണെന്നു പറയുന്നതിൽ എന്താണർത്ഥം. എന്തായാലും നമ്മുടെ നാട്ടിലെ പ്രശസ്ത കേര കർഷകനായ പ്രിയപ്പെട്ട വാസുച്ചേട്ടനെ ആദരിക്കുക എന്ന ഉദ്ദേശത്തോടെയുള്ള ഈ ചടങ്ങിലേക്ക് ആദരണീയനായ പഞ്ചായത്ത് പ്രസിഡന്റിനേയും, കൃഷി ഓഫീസറേയും സവിനയം സ്വാഗതം ചെയ്യുന്നു.

(സ്വാഗത പ്രസംഗകൻ കസേരയിൽ പോയിരിക്കുന്നു. വേദിയിൽ നിന്ന് പഞ്ചായത്ത് പ്രസിഡന്റ് എഴുന്നേൽക്കുന്നു. മൈക്കിന്റെ അരികിൽ ചെന്ന് സംസാരിക്കുന്നു.)

പഞ്ചായത്ത് പ്രസിഡന്റ് : പ്രിയപ്പെട്ടവരെ, നമ്മുടെ നാട് പാരമ്പര്യ കൃഷികളെ അവഗണിക്കുകയും മറക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. കുറച്ച് കർഷകർ മാത്രമാണ് ഇന്ന് നെല്ല്, തെങ്ങ്, കവുങ്ങ് തുടങ്ങിയവ പരമ്പരാഗത രീതിയിൽ കൃഷി ചെയ്തു വരുന്നത്. അതിൽ നമ്മുടെ പഞ്ചായത്തിന് അഭിമാനമുണ്ട്. അറുപത് പിന്നിട്ട് നമ്മുടെ സ്വന്തം കേര കർഷകൻ വാസുച്ചേട്ടൻ. അറിവായ കാലം മുതൽ അദ്ദേഹം തെങ്ങിനെ സ്നേഹിക്കുന്നു. തന്റെ മക്കളെ നോക്കുന്നതുപോലെയാണ് ഇതെല്ലാം.

(ഇടയ്ക്ക് പ്രസംഗം ഒന്നു നിർത്തിയിട്ട് സദസ്സിലേക്ക് നോക്കുന്നു. ആകെ ഒന്ന് പരതുന്നു)

പഞ്ചായത്ത് പ്രസിഡന്റ് : അല്ല (കൈകൊണ്ട് ആംഗ്യം കാണിച്ചുകൊണ്ട്) ഈ വാസുച്ചേട്ടനെന്താ ദൂരെ മാറിപ്പോയിരിക്കുന്നത്, ഇങ്ങ് കേറിവാ.... ഇതാ ഇവിടെ ഞങ്ങൾക്കൊപ്പം ഇരിക്ക്.

(അപ്പോൾ സദസ്സിൽ നിന്ന് വൃദ്ധനായ വാസുച്ചേട്ടന്റെ സ്വരം മുഴങ്ങി കേൾക്കാം.)

വാസുച്ചേട്ടൻ : അയ്യോ അത് വേണ്ട സാറെ, ഞാനിവിടിരുന്നോളാം. ഇവിടിരുന്ന് കേൾക്കുന്നതുമാ കാണുന്നതുമാ അടിയനിഷ്ടം. അതാ അടിയന്റെ ഏറ്റവും വലിയ സന്തോഷവും.

പഞ്ചായത്ത് പ്രസിഡന്റ് : അങ്ങനല്ല വാസുചേട്ടനയല്ലെ ഞങ്ങൾ ഇന്നാദരിക്കുന്നത്. അപ്പോൾ ചേട്ടൻ ഇവിടെ വന്നിരിക്കണം. ഈ പഞ്ചായത്തുകാർക്കെല്ലാം ചേട്ടനെ അറിയാം. എങ്കിലും ആദരവു മേടിക്കുന്നത് അവരെല്ലാം ഒന്ന് കണ്ടോട്ടെ.

(സദസ്സിൽ നിന്ന് വാസുച്ചേട്ടന്റെ ശബ്ദം വീണ്ടും കേൾക്കുന്നു)

വാസുച്ചേട്ടൻ : എങ്കിൽ ഞാൻ വരാം.

വാസുച്ചേട്ടൻ സദസ്സിന്റെ ഇടയ്ക്ക് നിന്നും വേദിയിലേക്ക് ചെല്ലുന്നു. ഒപ്പം 11 വയസ്സുള്ള കൊച്ചു മകൾ ലക്ഷ്മിക്കുട്ടിയുമുണ്ട്. (ഇവിടെ സദസ്സെന്നത് പ്രേക്ഷകരുടെ ഇടയ്ക്ക് എന്നർത്ഥമാക്കണം.)

അവർ മെല്ലെ സ്റ്റേജിലേക്ക് കയറിച്ചെല്ലുന്നു. അവരെ നോക്കി സ്റ്റേജിലുള്ളവർ കയ്യടിക്കുന്നു. സ്വാഗത പ്രസംഗകനും കൃഷി ഓഫീസറും എഴുന്നേൽക്കുന്നു. സ്റ്റേജിന്റെ നടുക്ക് അവർ വാസുച്ചേട്ടന്റെ അരികിലേക്ക് എത്തുന്നു.

പഞ്ചായത്ത് പ്രസിഡന്റ് : ഇതെന്താ ലക്ഷ്മി മോളും വല്ല്യച്ചന്റെ ഒപ്പം സമ്മാനം മേടിക്കാനെത്തിയതാണോ.

വാസുച്ചേട്ടൻ : അതേ സാറെ, എനിക്കുള്ളതെല്ലാം ഇവൾക്കുള്ളതാ. ഈ സമ്മാനവും എന്റെ ലക്ഷ്മി മോൾക്ക് കൂടി അവകാശപ്പെട്ടതാ. വെള്ളമൊഴിച്ചും വളമിട്ടും കായ്നോക്കിയും എന്റെ തെങ്ങിൻ തോപ്പിലെല്ലാം അവൾ ഓടി നടക്കും. കുഞ്ഞിനാളിലെ അവളുടെ അച്ഛൻ പോയെപ്പിന്നെ അവൾക്കും തെങ്ങും തെങ്ങിൻ തോപ്പുമാ ഏറ്റവും ഇഷ്ടം.

(അത് കേട്ട് കൃഷി ഓഫീസർ ലത, ലക്ഷ്മിയുടെ അരികിൽ ചെന്ന് അവളെ ചേർത്ത് നിർത്തുന്നു.)

കൃഷി ഓഫീസർ : ലക്ഷ്മിക്കുട്ടി എത്രാം ക്ലാസ്സിലാ പഠിക്കുന്നത്.

ലക്ഷ്മി കുട്ടി : ഏഴാം ക്ലാസ്സിലാ മാഡം

കൃഷി ഓഫീസർ : മാഡമോ? അങ്ങനൊന്നും വിളിക്കണ്ട. മോളെന്നെ ലത ചേച്ചി എന്നു വിളിച്ചാ മതി. ഈ പ്രായത്തിലുള്ള ഒരു അനിയത്തിക്കുട്ടി എനിക്കുമുണ്ട്.

ലക്ഷ്മി : (സ്വൽപം നാണത്തോടെ) എന്നാലും.

കൃഷി ഓഫീസർ : ഒരെന്നാലുമില്ല

എന്നിട്ട് പഞ്ചായത്ത് പ്രസിഡന്റിനെ നോക്കി സംസാരിക്കുന്നു.

കൃഷി ഓഫീസർ : സാർ,

(വേദിയിൽ നോക്കിയിട്ട്) എന്നാൽ നമുക്ക് പുരസ്ക്കാരം

വിതരണം ചെയ്താലോ. ഇപ്പോൾ തന്നെ സമയം ലേറ്റായി.

പഞ്ചായത്ത് പ്രസിഡന്റ് : പിന്നെന്താ ലതാ മാഡം. മാഡം തന്നെ പുരസ്ക്കാരം നമ്മുടെ വാസുച്ചേട്ടന് കൊടുത്താട്ടെ.

(സ്വാഗത പ്രസംഗകൻ അവാർഡ് ഫലകം എടുത്ത് പ്രസിഡന്റിനെ ഏൽപിക്കുന്നു. അദ്ദേഹമത് കൃഷി ഓഫീസറേയും അവർ സന്തോഷത്തോടെ അത് വാസുച്ചേട്ടനും കൈമാറുന്നു. വാസുച്ചേട്ടൻ ഇരു കൈയും നീട്ടി അവാർഡ് സ്വീകരിക്കുന്നു. എന്നിട്ടത് ലക്ഷ്മിക്ക് സമ്മാനിക്കുന്നു. അതിൽ എഴുതിയിരിക്കുന്നത് നോക്കിയിട്ട് അവളത് നെഞ്ചോട് ചേർക്കുന്നു. )

അവിടെ കേര കേരളം... എന്ന ഗാനം പതിഞ്ഞ താളത്തിൽ കേൾപ്പിക്കാം,.

പഞ്ചായത്ത് പ്രസിഡന്റ് : (വാസുവേട്ടനെ നോക്കി ചെറു ചിരിയോടെ)

ഈ നാട്ടാരോടു രണ്ട് വാക്ക് വാസുച്ചേട്ടന് പറയാനുള്ള അവസരമാണിത്.

വാസുച്ചേട്ടൻ : എന്റെ സാറെ, ഈ മൈക്കിന്റെ മുന്നിലൊന്നും നിന്നു പറയാനുള്ള കഴിവൊന്നുമെനിക്കില്ല. ഒന്നു പറയുമ്പോൾ അടുത്തത് പറയാനുള്ളത് അങ്ങ് മറന്നു പോകും. (എന്നിട്ട് ലക്ഷ്മിയ ഒന്ന് നോക്കി., തോളിൽ കൈയ്യിട്ടിട്ട് തുടരുന്നു.) എന്റെ ലക്ഷ്മി മോള് പറയും എനിക്ക് പറയാനുള്ളത്. അവൾക്കറിയാം. എന്നേക്കാൾ തെങ്ങിന്റെ ശ്വാസവും ജീവനും ഇവൾ മനസ്സിലാക്കിയിട്ടുണ്ട്.

കൃഷി ഓഫീസർ : (വാസുച്ചേട്ടനെ നോക്കി ചെറു ചിരിയോടെ)

ഈ നാട്ടാരോടു രണ്ട് വാക്ക് വാസുച്ചേട്ടന് പറയാനുള്ള അവസരമാണിത്.

വാസുച്ചേട്ടൻ : എന്നാലങ്ങനാകട്ടെ, പറയൂ മോളേ വല്ല്യച്ചന് പറയാനുള്ളതെല്ലാം നീ പറയൂ. ഞങ്ങൾ കേൾക്കട്ടെ.

ലക്ഷ്മി മൈക്കിനടുത്തു ചെന്നു നിൽക്കുന്നു. ഓഫീസർ മൈക്ക് താഴ്ത്തി വച്ചു കൊടുക്കുന്നു.)

ലക്ഷ്മി : സത്യത്തിൽ കൃഷി ചെയ്യാൻ എനിക്കും ഇഷ്ടമാണ്. വല്യച്ഛന്റെ കൃഷിയോടുള്ള ഈ സമർപ്പണ മനോഭാവം കണ്ടാണ് ഞാൻ വളർന്നത്. പ്രത്യേകിച്ചും തെങ്ങു കൃഷി വല്ല്യച്ഛൻ ജീവിക്കുന്നതും സ്നേഹിക്കുന്നതും എല്ലാം തെങ്ങിന് വേണ്ടിയാണെന്ന് തോന്നിപ്പോകും. പഴയ ഗ്രന്ഥങ്ങളായ കൃഷി ഗീതയിലും, കേരളപ്പഴമയിലുമെല്ലാം തെങ്ങിനെക്കുറിച്ച് പറയുന്നുണ്ടെന്ന് എന്റെ മലയാളം സാറ് പറഞ്ഞിട്ടുണ്ട്. തെങ്ങ് നമ്മുടെ കൽപവൃക്ഷമാണെന്നല്ലെ പറയുന്നത് തന്നെ.

കൃഷി ഓഫീസർ : അതെ മോളെ നമ്മുടെ കൽപ വൃക്ഷം തന്നെയാണ് തെങ്ങ്. തെങ്ങിൽ നിന്ന് ഉപയോഗമില്ലാത്തതായി ഒന്നും തന്നെയില്ലല്ലോ. പഴയ ഗോത്രകാലത്തും സംഘകാലത്തും എല്ലാം തെങ്ങും തെങ്ങുകൃഷിയുമുണ്ടായിരുന്നു. മോൾക്കറിയാമോ കേരളവുമായി ബന്ധപ്പെടുത്തി തെങ്ങിനെക്കുറിച്ച് ആദ്യമായി പറയുന്നത് ടോപ്പോഗ്രാഫിയ ക്രിസ്റ്റിയാന എന്ന ഗ്രന്ഥത്തിൽ കോസമാസ് എന്ന അലക്സാണ്ട്രിയൻ പുരോഹിതനാണ്.

ലക്ഷ്മി : ഇതെനിക്ക് പുതിയൊരറിവാണു , ചേച്ചി.

കൃഷി ഓഫീസർ : തെങ്ങും നാളികേരവുമൊക്കെ നമ്മുടെ സാംസ്ക്കാരിക സമ്പത്താണ്. 1340 ൽ കേരളത്തിലെത്തിയ ചൈനീസ് വ്യാപാരി വാങ് – ട വാൻ നമ്മുടെ കേര സമൃദ്ധിയെക്കുറിച്ച് വിശദമായി പറഞ്ഞിട്ടുണ്ട്. തുടർന്നു വന്നിട്ടുള്ള നിരവധി വിദേശ സഞ്ചാരികളും കേരളത്തിൽ വളരുന്ന തെങ്ങിനെക്കുറിച്ചും നാളികേരത്തെക്കുറിച്ചും കേരകർഷകരെക്കുറിച്ചും എഴുതിയിട്ടുണ്ട്.

ലക്ഷ്മി : അപ്പോൾ നമ്മുടെ കൽപവൃക്ഷത്തെക്കുറിച്ച് വിദേശികൾക്കെല്ലാം നല്ല മതിപ്പായിരുന്നുവല്ലേ.?

കൃഷി ഓഫീസർ : സംശയമുണ്ടോ, എന്നാലിന്ന് നമ്മുടെ വാസുച്ചേട്ടനെ പ്പോലെ കുറച്ചു പേർ മാത്രമേ തെങ്ങുകൃഷിക്ക് ഇത്രയും പ്രാധാന്യം നൽകുന്നുവെന്നുള്ളത് ദുഖകരമാണ്. ഈ കേരനാട് നമ്മുടെ സ്വകാര്യ അഹങ്കാരം കൂടിയാണ്. തെങ്ങും തേങ്ങയുമില്ലെങ്കിൽ മലയാളികളുമില്ല.

കേര കേരളം ചാരുകേരളം എന്ന പല്ലവി വീണ്ടും പതിതാളത്തിൽ പശ്ചാത്തലത്തിൽ മുഴങ്ങുന്നു.

( തുടരും)

കവിത

# നാമകരണം

കെ. വി. രാധാകൃഷ്ണൻ, രാമമംഗലം

ചൊട്ടയിൽ നിന്നുമെടുത്തൊരു പൂങ്കുല
ഒട്ടുമെയതിനൊരു കോട്ടവും തട്ടാതെ
നെൽപ്പറയ്ക്കുള്ളിൽ വിടർത്തിയുറപ്പിച്ചു
നെയ്ത്തിരിയെല്ലാം കൊളുത്തിയഥാവിധി

മുന്നിൽ കവാടത്തിൽ തെങ്ങിൻ കുലകളും
മിന്നും കുരുത്തോല തോരണം ചുറ്റിലും
എല്ലാമൊരുശുഭകാര്യത്തിന്നാരംഭം
നല്ല മുഹൂർത്തം സമാഗതമാകുന്നു.

ഓമൽക്കിടാവിനു പേരിടലാണിന്ന്
ഓർമ്മയിലീദിന മെന്നെന്നും സൂക്ഷിക്കാം.
തേനിൽ പൊന്നും വയമ്പുമുരച്ചു നൽകി,
തനി തങ്കമണിമാലയിട്ടു കഴുത്തിലും.

തൊട്ടിലിൽ നിന്നുമെടുത്തതൻ പൈതലെ
തൊട്ടു തലോടിയാശ്ലേഷിച്ചു സസ്നേഹം.
കാതിലോതിമന്ദം രേവതി യെന്നപേർ
കാരണം കുഞ്ഞു പിറന്ന നാൾ രേവതി.

മറ്റൊരു കാര്യമെടുത്തു പറയട്ടെ.
മുറ്റത്തിതേനാളിൽ നട്ടൊരു തെങ്ങിൻ തൈ
ഓമനക്കുഞ്ഞിനോടൊപ്പം വളരുന്ന–തോരോ
നിമിഷവും സന്തോഷ ദായകം.

# നാളികേര വികസന ബോർഡിന് രാഷ്ട്രഭാഷാ കീർത്തി പുരസ്കാരം




ഹിന്ദി സംസാരഭാഷ അല്ലാത്ത പ്രദേശങ്ങളിൽ, മികച്ച രീതിയിൽ രാഷ്ട്ര ഭാഷ പ്രചരിപ്പിക്കുന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള രാജഭാഷാ കീർത്തി പുരസ്കാരത്തിന് (2021 -22) നാളികേര വികസന ബോർഡ് (മൂന്നാം സ്ഥാനം ) അർഹമായി. സൂറത്തിലെ (ഗുജറാത്) പണ്ഡിറ്റ് ദീൻ ദയാൽ ഉപാദ്ധ്യായ ഇൻഡോർ സ്റ്റേഡിയത്തിൽ 2022 സെപ്റ്റംബർ 14 ന് നടന്ന ചടങ്ങിൽ നാളികേര വികസന ബോർഡ് മുഖ്യ നാളികേര വികസന ഓഫീസർ ഡോ. ഹനുമന്ത് ഗൗഡ ബഹുമാനപ്പെട്ട രാജ്യ സഭാ ഡെപ്യൂട്ടി ചെയർമാൻ ശ്രീ. ഹരിവൻഷ് നാരായൻ സിങ്ങിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി. കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി ശ്രീ.അമിത് ഷാ ചടങ്ങിൽ അധ്യക്ഷനായിരുന്നു.

## നാളികേര വികസന ബോർഡിൽ ഹിന്ദി പക്ഷാചരണം 2022 ഉദ്ഘാടനം ചെയ്തു



നാളികേര വികസന ബോർഡിൽ ഈ വർഷത്തെ ഹിന്ദി പക്ഷാചരണം ഉദ്ഘാടനം ഹിന്ദി ദിനമായ സെപ്റ്റംബർ 14 ന് നടന്നു. ചടങ്ങിൽ അദ്ധ്യക്ഷനായിരുന്ന ബോർഡ് സെക്രട്ടറി ശ്രീ.ആർ മധു, നിലവിളക്കു തെളിച്ച് വാരാഘോഷം ഉദ്ഘാടനം ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഡയറക്ടർ ശ്രീ ഹേമചന്ദ്ര ചടങ്ങിന് ആശംസകൾ നേർന്നു. ഔദ്യോഗിക ഭാഷാവിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി എസ് ബീന സ്വാഗതം ആശംസിച്ചു. ചടങ്ങിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ എല്ലാവരും, കേന്ദ്ര ഗവൺമെന്റിന്റെ ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള ഔദ്യോഗിക ഭാഷാ വകുപ്പ് പുറത്തിറക്കിയ ഔദ്യോഗികഭാഷാപ്രതിജ്ഞ എടുത്തു. ബോർഡ് ചെയർമാന്റെ ഇതു സംബന്ധിച്ച സന്ദേശവും തദവസരത്തിൽ വായിച്ചു

# ഐസിസി ടെക്നിക്കൽ വർക്കിംങ് ഗ്രൂപ്പ് യോഗത്തിൽ മുഖ്യ നാളികേര വികസന ഓഫീസർ പങ്കെടുത്തു



ഐസിസി ടെക്നിക്കൽ വർക്കിംങ് ഗ്രൂപ്പും തായ്‌ലാൻഡ് ഗവൺമെന്റും 2022 സെപ്റ്റംബർ 16 ന് സംയുക്തമായി നടത്തിയ യോഗത്തിൽ നാളികേര വികസന ബോർഡ് മുഖ്യ നാളികേര വികസന ഓഫീസറും ടെക്നിക്കൽ വർക്കിംങ് ഗ്രൂപ്പ് അംഗവുമായ ഡോ. ഹനുമന്ത് ഗൗഡ പങ്കെടുത്തു. വിഡിയോ കോൺഫറൺസിങ്ങിലൂടെ നടന്ന യോഗത്തിന് ഐസിസി എക്സിക്കുട്ടിവ് ഡയറക്ടർ ഡോ. ജെൽഫിന സി അലൊവ് സ്വാഗതം ആശംസിച്ചു.

തായ്‌ലൻഡിൽ കുരങ്ങുകളെ ഉപയോഗിച്ച് നാളികേര വിളവെടുപ്പ് നടത്തുന്നതുമായി ബന്ധപ്പെട്ട വിവാദം ചർച്ച ചെയ്യുന്നതിനാണ് ടെക്നിക്കൽ വർക്കിംങ് ഗ്രൂപ്പ് യോഗം ചേർന്നത്. തായ്‌ലൻഡ് കൃഷി വകുപ്പിന്റെ കീഴിലുള്ള ബാങ്കോക്ക് ഹോർട്ടിക്കൾച്ചർ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ചൂച്ചാട്ട് വറ്റനാവൻ ഇതു സംബന്ധിച്ച വിവരങ്ങളും തന്റെ അനുഭവവും യോഗത്തിൽ അവതരിപ്പിച്ചു. തുടർന്ന് വർക്കിംങ് ഗ്രൂപ്പ് ചെയർമാനും അംഗങ്ങളും വിഷയത്തെ കുറിച്ച് വിശദമായ ചർച്ചകൾ നടത്തി. അസിസ്റ്റന്റ് ഡയറക്ടർ മൃദുല കൊട്ടേക്കാടിന്റെ സംഗ്രഹസൂചനകളോടെ യോഗം സമാപിച്ചു.

# കളമശേരി മെട്രോ സ്റ്റേഷനിൽ നീര വിൽപന കേന്ദ്രം തുടങ്ങി



നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൃശൂർ നാളികേര ഉൽപാദന കമ്പനിയുടെ നീര വിപണന കേന്ദ്രം കളമശേരി ടൗൺ മെട്രോ സ്റ്റേഷനിൽ പ്രവർത്തനം ആരംഭിച്ചു. ഉദ്ഘാടനം സംസ്ഥാന വ്യവസായ നിയമ വകുപ്പ് മന്ത്രി. ശ്രീ പി രാജീവ് 2022 സെപ്റ്റംബർ 21 രാവിലെ 12.30 ന് നിർവഹിച്ചു. നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. കെഎസ് സെബാസ്റ്റ്യൻ, എറണാകുളം പ്രസ് ക്ലബ് പ്രസിഡന്റ് ശ്രീ. ഹരികുമാർ എന്നിവർ പങ്കെടുത്തു.

ഒല്ലൂർ ഉൽപാദക ഫെഡറേഷനാണ് നീര ഉൽപാദിപ്പിച്ച് ഇവിടെ വിതരണം ചെയ്യുന്നത്. ശീതീകരിച്ച ഒരു ലിറ്ററിന് 360 രൂപയാണ് വില. 500 മില്ലി, 250, 200, 100 എന്നീ അളവുകളിലും ലഭ്യമാണ്.

നീര കൂടാതെ വിനാഗിരി, ശുദ്ധമായ വെളിച്ചെണ്ണ, വിർജിൻ കോക്കനട്ട് ഓയിൽ, ഹെയർ ഓയിലുകൾ തുടങ്ങി നാളികേരത്തിന്റെ എല്ലാ മൂല്യവർധിത ഉൽപ്പന്നങ്ങളും ഈ വിപണന കേന്ദ്രത്തിൽ ലഭ്യമാണ്.

# നാറ്റ ന്യൂട്രിക്കോ മേധാവി അബ്ദുള്ളയെ ആദരിച്ചു



നാളികേര വികസന ബോർഡിന്റെ സഹായത്തോടെ നാറ്റ ന്യൂട്രിക്കോ എന്ന സംരംഭം ആരംഭിച്ച് തേങ്ങാ വെള്ളത്തിൽ നിന്നും നാറ്റാ ഡി കൊക്കോ ഉൾപ്പെടെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിച്ച് അന്താരാഷ്ട്ര വിപണികളിൽ വരെ എത്തിക്കുന്ന തളിപ്പറമ്പ് നാടുകാണി സ്വദേശി എം അബ്ദുള്ളയെ നാളികേര ദിനത്തോടനുബന്ധിച്ച് കണ്ണൂർ കെവികെ ആദരിച്ചു. തുടർന്ന് നാളികേരാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ സാധ്യതകൾ എന്ന വിഷയത്തെ കുറിച്ച് കെവികെയുടെ ആഭിമുഖ്യത്തിൽ ഏകദിന ശിൽപശാലയും നടന്നു. നാറ്റ ന്യൂട്രിക്കോ കോക്കനട്ട് ഫുഡ് പ്രോഡക്ട്സ് മേധാവി അബ്ദുള്ള നാളികേരാധിഠിത മൂല്യ വർധന ഉൽപ്പന്നങ്ങളുടെ സംരംഭക സാധ്യതകൾ പ്രയോജനപ്പെടുത്തിയതിനുള്ള കെവികെയുടെ ആദരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സിഎം കൃഷ്ണനനിൽ നിന്ന് ഏറ്റുവാങ്ങി. തുടർന്ന് തന്റെ സംരംഭമായ നാറ്റാ ന്യൂട്രിക്കോയുടെ നാൾ വഴികൾ അബ്ദുള്ള വിശദീകരിച്ചു. പ്രതിസന്ധികളിൽ തളരാതെ ഉറച്ച മനസുമായി സ്വന്തം സംരംഭം വിജയത്തിലെത്തിച്ച അബ്ദുള്ളയെ നേരത്തെ കരിവെള്ളൂർ പഞ്ചായത്തും ആദരിക്കുകയുണ്ടായി.

നാളികേര വികസന ബോർഡിന്റെ ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് (ടിഎംഒസി) വിഭാഗം, കേരള കാർഷിക സർവകലാശാല തുടങ്ങിയ സ്ഥാപനങ്ങളുടെ പിന്തുണ അബ്ദുള്ളയുടെ സംരംഭത്തിന് ലഭിക്കുന്നുണ്ട്.

# തെങ്ങിൻ തോപ്പിൽ ഒക്ടോബറിലെ കൃഷിപ്പണികൾ

സംസ്ഥാനത്തുടനീളം കഴിഞ്ഞ വർഷത്തെ പോലെ സെപതംബർ മാസത്തിലും പൊതുവെ മഴ ലഭിക്കുകയുണ്ടായി. ചില പ്രദേശങ്ങളിൽ ശക്തമായ മഴ തന്നെ കിട്ടി. സെപ്റ്റംബറിൽ അത്ര പതിവില്ലാത്ത ഈ മഴ കേരമേഖലയ്ക്ക് ഒരേ സമയം ഗുണവും ദോഷവും ആണ്. നനയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ ഈ മാസം തെങ്ങിന് ജലസേചനം നല്കേണ്ടതില്ല എന്നതാണ് പ്രയോജനം. പക്ഷെ അനവസരത്തിലെ മഴയും മൂടിക്കെട്ടിയ ദിനാന്തരീക്ഷവും തെങ്ങുകളിൽ രോഗകീട ആക്രമണ സാധ്യത വർധിപ്പിക്കുന്നു. അതിനാൽ കൃഷിക്കാർ ജാഗ്രത പുലർത്തുകയും രോഗ കീടങ്ങളുടെ നിയന്ത്രണത്തിനാവശ്യമായ പ്രതിരോധ നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യണം.

### തൈ നടീൽ


നീർ വാർച്ച കുറഞ്ഞ താഴ്ന്ന പ്രദേശങ്ങളിൽ ഇപ്പോൾ തെങ്ങിൻ തൈകൾ നടാം. തെങ്ങിൻ തൈകൾ നട്ട കുഴികളിൽ വെള്ളം കെട്ടി നിൽക്കാതിരിക്കാൻ ആവശ്യത്തിന് നീർവാർച്ചാ സൗകര്യം ഏർപ്പെടുത്തണം.

### ജലസേചനം

മഴ ലഭിക്കാത്ത മേഖലകളിൽ തൈകൾ നനച്ചു കൊടുക്കണം. കാലവർഷത്തിനു ശേഷം തോട്ടത്തിൽ ആവശ്യത്തിന് ഈർപ്പം ലഭിക്കത്തക്ക വിധം മഴ കിട്ടുന്നില്ലെങ്കിൽ ഒക്ടോബറിൽ കായ്ക്കുന്ന തെങ്ങുകൾക്ക് ജലസേചനം നൽകാം. തടം നനയ്ക്കുന്ന രീതിയാണ് അനുവർത്തിക്കുന്നതെങ്കിൽ തെങ്ങൊന്നിന് നാലു ദിവസത്തിലൊരിക്കൽ 200–250 ലിറ്റർ വെള്ളം ലഭ്യമാക്കണം. തെങ്ങിന് അനുയോജ്യമായ ജലസേചന രീതി കണിക ജലസേചനമാണ്. (തുള്ളി നന) തെങ്ങിന്റെ ചുവട്ടിൽ നിന്നും ഒരു മീറ്റർ അകലത്തിൽ നാലിടത്തായി തടത്തിനകത്ത് ഒരടി നീളവും വീതിയും ആഴവുമുള്ള കുഴികൾ തുല്യ അകലത്തിലായി കുഴിക്കണം. മണൽ മണ്ണാണെങ്കിൽ ആറ് കുഴികൾ വേണം. കുഴികൾ ചകിരിചോറ് ഉപയോഗിച്ച് നിറയ്ക്കുക. കണിക ജലസേചനത്തിനുപയോഗിക്കുന്ന ഡ്രിപ്പറുകൾ/ മൈക്രോട്യൂബുകൾ ഈ കുഴികളുടെ അടിഭാഗത്തെത്തുന്ന വിധം പോളിത്തീൻ കുഴലുകൾ വഴി ഇറക്കി വയ്ക്കണം. ഇങ്ങനെ ഡ്രിപ്പറുകൾ ക്രമീകരിച്ചു വയ്ക്കുന്നതുവഴി ജലസേചനത്തിനുപയോഗിക്കുന്ന വെള്ളം നഷ്ടപ്പെടുന്നത് പരമാവധി ഒഴിവാക്കാം. തെങ്ങൊന്നിന് പ്രതിദിനം 30 – 45 ലിറ്റർ വെള്ളം കണിക ജലസേചനം വഴി ലഭ്യമാക്കണം.

### വളപ്രയോഗം

ജലസേചന സൗകര്യമുള്ള തോട്ടങ്ങളിൽ രണ്ടാം ഗഡുവായി രാസവളങ്ങളുടെ നാലിലൊരു ഭാഗം സെപ്റ്റംബറിൽ നൽകിയിട്ടില്ലെങ്കിൽ ഒക്ടോബറിൽ അവ ചേർത്തു കൊടുക്കണം. നല്ല മഴയുള്ള ദിവസങ്ങളിൽ വളപ്രയോഗം ഒഴിവാക്കാവുന്നതാണ്.



ജൂൺ മാസത്തിൽ നട്ട തെങ്ങിൻ തൈകൾക്ക് ആദ്യത്തെ രാസവള പ്രയോഗം ഒക്ടോബറിൽ നടത്താം. തൈ ഒന്നിന് 100 ഗ്രാം യൂറിയ, 200 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്, 150 ഗ്രാം റോക്ക് ഫോസ്ഫേറ്റ് എന്ന തോതിൽ ചേർത്തു കൊടുക്കണം.

പൊതുവായി നിർദ്ദേശിച്ച അളവിനു പകരം തെങ്ങിൻ തോട്ടത്തിലെ മണ്ണു പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കുന്ന അളവിൽ നൽകാവുന്നതാണ്. ഇതാണ് അഭികാമ്യം

### ഇടയിളക്കൽ

സെപ്റ്റംബറിൽ തെങ്ങിൻ തോട്ടത്തിൽ കളനിയന്ത്രണത്തിനും ഈർപ്പം സംരക്ഷിക്കുന്നതിനുമായി ഇടയിളക്കിയിട്ടില്ലെങ്കിൽ ഒക്ടോബറിൽ ഉഴുതോ കിളച്ചോ ഇടയിളക്കൽ നടത്താം.

തെങ്ങിൻ തോട്ടത്തിൽ ഉഴവ് നടത്തുകയോ കിളക്കുകയോ ചെയ്യുമ്പോൾ തെങ്ങിൻ തടിക്ക് ക്ഷതം പറ്റാതെ സൂക്ഷിക്കണം.

### നഴ്സറി പരിപാലനം

ആവശ്യമെങ്കിൽ നഴ്സറിയിൽ നിന്നും കളകൾ നീക്കം ചെയ്യണം.

അഞ്ചു മാസം കഴിഞ്ഞിട്ടും മുളയ്ക്കാത്ത വിത്തു തേങ്ങകളുണ്ടെങ്കിൽ അവ നഴ്സറിയിൽ നിന്നും നീക്കണം.

ഉണങ്ങിയ പുല്ലോ തെങ്ങോലകളോ ഉപയോഗിച്ച് നഴ്സറിയിൽ പുതയിടണം. അതല്ലെങ്കിൽ പയറു വർഗ്ഗത്തിൽപ്പെട്ട പച്ചിലവളച്ചെടികൾ നഴ്സറിയിൽ വളർത്തിയും പുത നൽകാം.

കഴിഞ്ഞ മാസം നല്ല മഴ ലഭിക്കാത്ത മേഖലകളിലെ നഴ്സറികളിൽ തൈകൾക്ക് ജലസേചനം നൽകണം.

### പുതയിടൽ

തെങ്ങിൻ തടത്തിൽ സെപ്റ്റംബറിൽ പുതയിട്ടിട്ടില്ലെങ്കിൽ ഒക്ടോബറിൽ പുതയിടൽ നടത്തണം. തെങ്ങിൻ തോട്ടത്തിൽ



തന്നെ ലഭ്യമായ ഉണങ്ങിയ തെങ്ങോലകൾ പുതയിടാനായി ഉപയോഗിക്കാം.

## സസ്യ സംരക്ഷണം

തെങ്ങിൻ തോട്ടത്തിൽ ഏതെങ്കിലും കീടമോ രോഗമോ കാണപ്പെട്ടാൽ ഉചിതമായ സസ്യ സംരക്ഷണ നടപടികൾ അനുവർത്തിക്കണം.

## കീട നിയന്ത്രണം

***കൊമ്പൻ ചെല്ലി***

തെങ്ങിന്റെ മണ്ട വൃത്തിയാക്കുമ്പോൾ ചെല്ലിക്കോലുപയോഗിച്ച് കൊമ്പൻ ചെല്ലിയെ കുത്തിയെടുത്ത് നശിപ്പിക്കുക.

വളക്കുഴികളിലും ചെല്ലിയുടെ പുഴുക്കൾ വളരുന്ന മറ്റിടങ്ങളിലും മെറ്റാ റൈസിയം കുമിൾ തളിച്ചു കൊടുക്കുക. ചെല്ലികൾ പെരുകുന്ന ഇടങ്ങളിൽ പെരുവലം എന്ന കള സസ്യം വേരോടെ പിഴുതിടുക.

തെങ്ങിൻ തൈകളിൽ തിരി നാമ്പിനു ചുറ്റുമുള്ള മൂന്ന് ഓലക്കവിളുകളിൽ ഓരോ പാറ്റാഗുളിക (നാലു ഗ്രാം) വീതം നിക്ഷേപിച്ച് മുകളിൽ മണൽ നിറയ്ക്കുക.

വലിയ തെങ്ങുകളിൽ തിരിനാമ്പിനു ചുറ്റുമുള്ള മൂന്നു നാല് ഓലക്കവിളുകളിൽ 250 ഗ്രാം മരോട്ടി/ വേപ്പിൻ പിണ്ണാക്ക് തുല്യ അളവ് മണലുമായി ചേർത്ത് നിറച്ചു കൊടുക്കുക.

ക്ലോറാൻ ട്രിനിലിപ്രോൾ അടങ്ങിയ പച്ച ലേബലിലുള്ള കീടനാശിനി മൂന്നു ഗ്രാം തുണിക്കിഴികളിലാക്കി തിരിനാമ്പിനു ചുറ്റുമുള്ള മൂന്നു നാല് ഓലക്കവിളുകളിൽ നിക്ഷേപിക്കുക.

***ചെമ്പൻ ചെല്ലി***

കീടബാധയേറ്റ ഭാഗം ചെത്തി മാറ്റി ഇമിഡാക്ലോപ്രിഡ്



(0.02%) ഒരു മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി കീടബാധയേറ്റ ഭാഗത്തുകൂടി ഒഴിച്ചു കൊടുക്കുക.

മുൻ കരുതൽ എന്ന നിലയിൽ 1) തെങ്ങിൻ തടിയിൽ മുറിവുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. 2) കൂമ്പു ചീയൽ, കൊമ്പൻ ചെല്ലി എന്നിവയ്ക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുക. 3) പച്ച മടലുകൾ കഴിവതും ഒരു മീറ്റർ എങ്കിലും നീട്ടി മാത്രം വെട്ടുക. 4) ചെല്ലി ബാധ കൊണ്ട് നശിച്ച തെങ്ങുകൾ വെട്ടിക്കീറി തീയിട്ടു നശിപ്പിക്കുക.

***മണ്ടരി***

പരാഗണം കഴിഞ്ഞ അഞ്ച് ഇളം കുലകളിൽ വെളുത്തുള്ളി - വേപ്പെണ്ണ - സോപ്പ് മിശ്രിതം (200 ഗ്രം + 20 മില്ലി ലിറ്റർ + അഞ്ചു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ അസാഡിരാക്ടിൻ (ഒരു ശതമാനം) നാലു മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ പാമോയിൽ (200 മില്ലി ലിറ്റർ) സൾഫർ (അഞ്ചു ഗ്രാം) സോപ്പ് (12 ഗ്രാം) 800 മില്ലി ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി തളിക്കുക.

അസാഡിറാക്ടിൻ (1 %) 10 മില്ലി ലിറ്റർ തുല്യ അളവ് വെള്ളവുമായി ചേർത്ത് വേരിലൂടെ നൽകുന്നതും ഫലപ്രദമാണ്.



***പൂങ്കുലച്ചാഴി***

വേപ്പെണ്ണ - സോപ്പ് എമൽഷൻ (0.5%) പരാഗണം കഴിഞ്ഞ കുലകളിൽ തളിക്കുക. (അഞ്ചു മില്ലി ലിറ്റർ വേപ്പെണ്ണ + എട്ടു ഗ്രാം ബാർസോപ്പ് ഒരു ലിറ്റർ വെള്ളത്തിൽ)

***വെള്ളീച്ച***

രാസകീടനാശിനികളൊന്നും ഉപയോഗിക്കരുത്.

കരിംപൂപ്പൽ ഇളകിപ്പോകാൻ ഒരു ശതമാനം വീര്യത്തിൽ സ്റ്റാർച്ച് (കഞ്ഞിപ്പശ) തളിക്കുക.

അത്യാവശ്യ ഘട്ടത്തിൽ 0.5 % വീര്യത്തിൽ വേപ്പെണ്ണ എമൽഷൻ തളിക്കാം.

## രോഗനിയന്ത്രണം.

***കൂമ്പു ചീയൽ***

കൂമ്പു ചീയൽ ബാധിച്ച് അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് ബോർഡോ കുഴമ്പ് പുരട്ടിയ ശേഷം മഴ വെള്ളം വീഴാത്ത വിധത്തിലും എന്നാൽ വായു സഞ്ചാരം കിട്ടത്തക്ക വിധത്തിലും പോളിത്തീൻ സഞ്ചികൊണ്ട് നാമ്പ് മൂടണം.

ചുറ്റുമുള്ള തെങ്ങുകൾക്ക് ഒരു ശതമാനം വീര്യത്തിലുള്ള ബോർഡോ മിശ്രിതം തളിക്കുക.

തെങ്ങിൻ തോട്ടത്തിൽ നീർ വാർച്ച ഉറപ്പാക്കുക.

***ചെന്നീരൊലിപ്പ്***

തെങ്ങിൻ തടിയോട് ചേർത്ത് ചുവട്ടിൽ ചപ്പ് കൂട്ടിയിട്ട് കത്തിക്കുന്നത് ഒഴിവാക്കുക.

രോഗം ബാധിച്ച ഭാഗത്ത് ട്രൈക്കോഡർമ്മ ടാൽക് മിശ്രിതം കുഴമ്പു രൂപത്തിലാക്കി തേച്ച് പിടിപ്പിക്കുക.

തോട്ടത്തിൽ നീർവാർച്ചാ സൗകര്യം ഉറപ്പുവരുത്തുക.

ജൈവ വളങ്ങൾക്കൊപ്പം അഞ്ചു കിലോ ഗ്രാം വേപ്പിൻ പിണ്ണാക്ക് 100 ഗ്രാം ട്രൈക്കോഡർമ്മ ചേർത്ത് ഇട്ടു കൊടുക്കുക.







***ഓല ചീയൽ***

നാമ്പോലയുടേയും അതിനു താഴെയുള്ള രണ്ട് ഓലകളുടേയും അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് നശിപ്പിക്കുക. അതിനു ശേഷം ഹെക്സാകൊണാസോൾ 5 ഇ.സി. രണ്ടു മില്ലി ലിറ്റർ അളവിൽ 300 മില്ലി ലിറ്റർ വെള്ളത്തിൽ കലക്കി നാമ്പോലയുടെ കവിളിൽ ഒഴിച്ചു കൊടുക്കുക. അല്ലെങ്കിൽ സ്യൂഡോമോണാസ് ഫ്ളൂറസൻസ്, ബാസിലസ് സബ്ടിലിസ് ടാൽക് മിശ്രിതം 50 ഗ്രാം 500 മില്ലി ലിറ്റർ കലക്കി ഒഴിച്ചു കൊടുക്കുക.

***തഞ്ചാവൂർ വാട്ടം***

രോഗം ബാധിച്ച് പൂർണ്ണമായും നശിച്ച തെങ്ങുകൾ വേരോടെ പിഴുതു നശിപ്പിക്കുക.

രോഗം ബാധിച്ച തെങ്ങിനു ചുറ്റും 60 സെന്റി മീറ്റർ ആഴത്തിലും 30 സെന്റി മീറ്റർ വീതിയിലുമായി കിടങ്ങ് കുഴിച്ച് മറ്റു തെങ്ങുകളിലേക്ക് രോഗം പടരുന്നത് തടയുക.

ട്രൈക്കോഡർമ്മ ചേർത്ത വേപ്പിൻ പിണ്ണാക്ക് തെങ്ങൊന്നിന് അഞ്ച് കിലോ ഗ്രാം എന്ന തോതിൽ ചേർത്തു കൊടുക്കുക. തെങ്ങിൻ തടം നനച്ചു കൊടുക്കുകയും ഓലകളും ചപ്പു ചവറുകളുമുപയോഗിച്ച് പുതയിടുകയും ചെയ്യുക.

***മച്ചിങ്ങ പൊഴിച്ചിലും ഇളംകായ് കൊഴിച്ചിലും***

കനത്ത മഴയും തുടർന്നുള്ള വെയിലും വിളകളിൽ നിരവധി കീടങ്ങളുടെയും രോഗങ്ങളുടെയും ആക്രമണത്തിന് കാരണമാകുന്നുണ്ട്. അടുത്ത കാലത്തായി കേര കർഷകർക്ക് നേരിടേണ്ടി വന്ന ഒരു പ്രശ്നമാണ് ചില പ്രദേശങ്ങളിലെ തെങ്ങുകളിൽ വ്യാപകമായി കണ്ട മച്ചിങ്ങ



പൊഴിച്ചിലും ഇളംകായ് കൊഴിച്ചിലും. കീടരോഗബാധയും, പോഷക മൂലകങ്ങളുടെ അഭാവവും മച്ചിങ്ങ പൊഴിച്ചിലിനും ഇളംകായ് കൊഴിച്ചിലിനും കാരണമാകാം. ആഗസ്റ്റ് മാസത്തിൽ ലഭിച്ച മഴയ്ക്കു ശേഷമാണ് ഈ പ്രശ്നം പ്രധാനമായും അനുഭവപ്പെട്ടത്. സെപ്റ്റംബറിലും കനത്ത മഴ തുടരുന്ന സാഹചര്യം രോഗബാധ വർദ്ധിപ്പിക്കുന്നു. പ്രധാനമായും മണ്ഡരി, പൂങ്കുലച്ചാഴി എന്നീ കീടങ്ങളുടെ ആക്രമണവും ഫൈറ്റോഫ്ത്തോറ പാമിവോറ, ലാസിയോഡിപ്ലോഡിയ തിയോബ്രോമെ എന്നീ കുമിളുകളുടെ ആക്രമണവും തെങ്ങിൽ മച്ചിങ്ങ പൊഴിച്ചിലിനും ഇളം കായ് കൊഴിച്ചിലിനും കാരണമാകുന്നു. ഫൈറ്റോഫ്ത്തോറ കുമിൾ ബാധ കൂടുതലായും കാലവർഷ സമയത്താണ് കണ്ടുവരുന്നത്. ഫൈറ്റോഫ്ത്തോറ മൂലം തിളച്ച വെള്ളം വീണ് പൊള്ളലേറ്റ പോലുള്ള പാടുകൾ കാണുന്നു. എന്നാൽ ലാസിയോഡിപ്ലോഡിയ ബാധ കൂടുതലും കാണപ്പെടുന്നത് മണ്ഡരി, പൂങ്കുലച്ചാഴി എന്നീ കീടങ്ങളുടെ ആക്രമണമുള്ള തോട്ടങ്ങളിൽ പ്രധാനമായും കാലവർഷത്തിന്റെ അവസാനത്തോടെയാണ്. ഈ കുമിൾ ബാധ മൂലം മോടഭാഗം തവിട്ടുനിറത്തിൽ അഴുകിയിരിക്കും.

***നിയന്ത്രണ മാർഗ്ഗങ്ങൾ***

1. മഴക്കാലാരംഭത്തിൽ തന്നെ തെങ്ങിന്റെ മണ്ട വൃത്തിയാക്കുക

2. ഫൈറ്റോഫ്ത്തോറ കുമിൾ രോഗബാധ കാണുന്ന തേങ്ങാക്കുലകളിൽ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക

3. ലാസിയോ ഡിപ്ലോഡിയ എന്ന കുമിൾ മൂലമാണ് ഇളം കായ്കൾ കൊഴിയുന്നതെങ്കിൽ, കാർബോഡാസിയം 50% WP ഒരു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി രോഗം ബാധിച്ച തെങ്ങിൻ കുലകളിൽ തളിക്കുക. ഒരു മാസത്തിന് ശേഷം ഇത് ആവർത്തിക്കുക.

മണ്ഡരി/പൂങ്കുലച്ചാഴി ബാധയെക്കെതിരെ തേങ്ങാക്കുലകളിൽ 2% വീര്യത്തിലുള്ള വേപ്പെണ്ണ ലായനി തളിക്കുക. കൂടാതെ ഓലക്കവിളുകളിൽ നിന്നും പൂങ്കുലച്ചാഴികളെ അകറ്റുന്നതിന് വേപ്പെണ്ണ ലായനി ഓലക്കവിളുകളിലും തളിക്കണം. ■

# കമ്പോള അവലോകനം

## ആഭ്യന്തര വില നിലവാരം

**വെളിച്ചെണ്ണ**

കേരളത്തിലെ കൊച്ചി, ആലപ്പുഴ വിപണികളിൽ 2022 ഓഗസ്റ്റ് മാസം ക്വിന്റലിന് 14400 രൂപയ്ക്ക് ആരംഭിച്ച വെളിച്ചെണ്ണ വ്യാപാരം മാസാവസാനം 200 രൂപ നഷ്ടത്തിൽ ക്ലോസ് ചെയ്തു. കോഴിക്കോട്ട് ക്വിന്റലിന് 14800 രൂപയിൽ ആരംഭിച്ച വെളിച്ചെണ്ണ വ്യാപാരം മാസാവസാനം 350 രൂപ നഷ്ടത്തിലും ക്ലോസ് ചെയ്തു.

തമിഴ്നാട്ടിലെ കാങ്കയം വിപണിയിൽ കഴിഞ്ഞ മാസത്തിൽ ക്വിന്റലിന് 11867 രൂപയ്ക്കാരംഭിച്ച വെളിച്ചണ്ണ വ്യാപാരം മാസാവസാനം ക്വിന്റലിന് 11600 രൂപയിൽ അവസാനിച്ചു. നഷ്ടം ക്വിന്റലിന് 267 രൂപ. 2022 ഓഗസ്റ്റ് മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:

പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.08.2022 | 14400 | 14400 | 14800 | 11867 |
| 06.08.2022 | 14400 | 14400 | 14800 | 11933 |
| 13.08.2022 | 14400 | 14400 | 14800 | 11867 |
| 20.08.2022 | 14400 | 14400 | 14600 | 11600 |
| 27.08.2022 | 14200 | 14200 | 14600 | 11533 |
| 31.08.2022 | 14200 | 14200 | 14450 | 11600 |

**ഭക്ഷ്യയോഗ്യമായ കൊപ്ര**

കോഴിക്കോട് വിപണിയിൽ 2022 ഓഗസ്റ്റ് മാസത്തിൽ രാജാപൂർ കൊപ്രയുടെ വ്യാപാരം ക്വിന്റലിന് 13600 രൂപയ്ക്ക് ആരംഭിച്ച് മാസാവസാനം ക്വിന്റലിന് 13050 രൂപയ്ക്ക് ക്ലോസ് ചെയ്തു. നഷ്ടം ക്വിന്റലിന് 550 രൂപ. രാജാപ്പൂർ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 2 ൽ:

പട്ടിക 2 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 01.08.2022 | 13600 |
| 06.08.2022 | 13400 |
| 13.08.2022 | 14100 |
| 20.08.2022 | 13000 |
| 27.08.2022 | 13100 |
| 31.08.2022 | 13050 |

**ആട്ടുകൊപ്ര**

കേരളത്തിലെ കൊച്ചി വിപണിയിൽ 2022 ഓഗസ്റ്റ് മാസം ആട്ടു കൊപ്രയുടെ വ്യാപാരം ക്വിന്റലിന് 8450 രൂപയ്ക്കും, ആലപ്പുഴ വിപണിയിൽ ക്വിന്റലിന് 8300 രൂപയ്ക്കും കോഴിക്കോട്ട് 8850 രൂപയ്ക്കുമാണ് ആരംഭിച്ചത്. മാസാവസാനം കൊച്ചി വിപണിയിൽ ക്വിന്റലിന് 8300 രൂപയ്ക്കും ആലപ്പുഴയിൽ ക്വിന്റലിന് 8250 രൂപയ്ക്കും കോഴിക്കോട് ക്വിന്റലിന് 8550 രൂപയ്ക്കും വ്യാപാരം അവസാനിച്ചപ്പോൾ കൊച്ചിയിൽ ക്വിന്റലിന് 150 രൂപയുടെയും ആലപ്പുഴയിൽ ക്വന്റലിന് 50 രൂപയുടെയും കോഴിക്കോട് ക്വിന്റലിന് 300 രൂപയുടെയും വീതം നഷ്ടം രേഖപ്പെടുത്തി.

തമിഴ്നാട്ടിലെ കാങ്കയം നാളികേര വിപണിയിൽ കഴിഞ്ഞ മാസം ക്വിന്റലിന് 7900 രൂപയിൽ ആരംഭിച്ച കൊപ്ര വ്യാപാരം, മാസാവസാനം ക്വിന്റലിന് 150 രൂപ നഷ്ടത്തിൽ 7750 രൂപയ്ക്കു ക്ലോസ് ചെയ്തു.

പട്ടിക 3 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.08.2022 | 8450 | 8300 | 8850 | 7900 |
| 06.08.2022 | 8450 | 8300 | 8850 | 7950 |
| 13.08.2022 | 8450 | 8300 | 8800 | 7900 |
| 20.08.2022 | 8450 | 8300 | 8700 | 7700 |
| 27.08.2022 | 8300 | 8250 | 8650 | 7700 |
| 31.08.2022 | 8300 | 8250 | 8550 | 7750 |

**ഉണ്ടക്കൊപ്ര**

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ 2022 ഓഗസ്റ്റ് മാസത്തിൽ ഉണ്ടക്കൊപ്രയുടെ വ്യാപാരം ക്വിന്റലിന് 14400 രൂപയിൽ ആരംഭിച്ച് 13900 രൂപയിൽ അവസാനിച്ചു. നഷ്ടം ക്വിന്റലിന് 500 രൂപ. ഉണ്ടകൊപ്രയുടെ വാരാന്ത്യ വില നിലവാരം പട്ടിക 4 ൽ ::

പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില തിപ്തൂർ വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 01.08.2022 | 14400 |
| 06.08.2022 | 14400 |
| 13.08.2022 | 14400 |
| 20.08.2022 | 13500 |
| 27.08.2022 | 13300 |
| 31.08.2022 | 13900 |

**കൊട്ടത്തേങ്ങ**

കോഴിക്കോട് വിപണിയിൽ 2022 ഓഗസ്റ്റ് മാസത്തിൽ ക്വിന്റലിന് 11000 രൂപയിൽ ആരംഭിച്ച കൊട്ടത്തേങ്ങ വ്യാപാരം മാസാവസാനം ക്വിന്റലിന് 10750 രൂപയ്ക്കു ക്ലോസ് ചെയ്തു. നഷ്ടം ക്വിന്റലിന് 250 രൂപ. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:



| പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ ) | |
|---|---|
| 01.08.2022 | 11000 |
| 06.08.2022 | 11000 |
| 13.08.2022 | 11000 |
| 20.08.2022 | 11000 |
| 27.08.2022 | 10750 |
| 31.08.2022 | 10750 |

**നാളികേരം**

കേരളത്തിലെ നെടുമങ്ങാട് വിപണിയിൽ 2022 ഓഗസ്റ്റ് മാസത്തിൽ പച്ചതേങ്ങയുടെ വ്യാപാരം ആയിരത്തിന് 13000 രൂപയിൽ ആരംഭിച്ച് മാസാവസാനം അതെ വിലയിൽ തന്നെ അവസാനിച്ചു. തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ ടണ്ണിന് 22000 രൂപയ്ക്ക് ആരംഭിച്ച വ്യാപാരം മാസാവസാനം 21500 രൂപയ്ക്കു ക്ലോസ് ചെയ്തു. നഷ്ടം ടണ്ണിന് 500 രൂപ.

കർണാടകത്തിലെ ബാംഗളൂർ വിപണിയിൽ കഴിഞ്ഞ മാസം പച്ചതേങ്ങയുടെ വ്യാപാരം ആയിരത്തിന് 19000 രൂപയിൽ ആരംഭിച്ച് മാസാവസാനം 17500 രൂപയ്ക്കു അവസാനിച്ചു. നഷ്ടം ആയിരത്തിന് 1500 രൂപ. കർണാടകത്തിലെ മംഗലാപുരം വിപണിയിൽ 2022 ജൂലൈ മാസം പച്ചതേങ്ങയുടെ വ്യാപാരം ടണ്ണിന് 28000 രൂപയിൽ ആരംഭിച്ച് മാസാവസാനം 26000 രൂപയ്ക്കു ക്ലോസ് ചെയ്തു. നഷ്ടം ടണ്ണിന് 2000 രൂപ. പച്ചതേങ്ങ വ്യാപാരത്തിന്റെ വാരാന്ത്യ വില നിലവാരം പട്ടിക 6 ൽ:

പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ

| | നെടുമങ്ങാട് (ആയിരത്തിന്)[1] | പൊള്ളാച്ചി (മെട്രിക് ടണ്ണിന്)[2] | ബംഗളുരു ഗ്രേഡ് 1 (ആയിരത്തിന്)[3] | മാംഗ്ലൂർ, ബ്ലാക്ക് കോക്കനട്ട് (മെട്രിക് ടണ്ണിന്)[2] |
|---|---|---|---|---|
| 01.08.2022 | 13000 | 22000 | 19000 | 28000 |
| 06.08.2022 | 13000 | 22000 | 17000 | 28000 |
| 13.08.2022 | 13000 | 22500 | 20000 | 28000 |
| 20.08.2022 | 13000 | 22500 | 20000 | 26000 |
| 27.08.2022 | 13000 | 21500 | 17500 | 26000 |
| 31.08.2022 | 13000 | 21500 | 17500 | 26000 |

## അന്താരാഷ്ട്ര വില നിലവാരം

**വെളിച്ചെണ്ണ**

പ്രധാന നാളികേര ഉൽപാദക രാജ്യങ്ങളിലെ അന്താരാഷ്ട്ര ആഭ്യന്തര വിപണികളിൽ വെളിച്ചെണ്ണ വിലയിൽ നേരിയ മാന്ദ്യമാണ് രേഖപ്പെടുത്തിയത്. വെളിച്ചെണ്ണയുടെ കഴിഞ്ഞ മാസത്തെ അന്താരാഷ്ട്ര ആഭ്യന്തര വില നിലവാരം പട്ടിക 7 ൽ:

പട്ടിക 7 : വെളിച്ചെണ്ണ ഉത്പാദക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | അന്താരാഷ്ട്ര വില നിലവാരം | ആഭ്യന്തര വില നിലവാരം | | | |
|---|---|---|---|---|---|
| | ഫിലിപ്പൈൻസ്/ ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്) | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 06.08.2022 | 1397 | 1351 | NR | 1926 | 1497 |
| 13.08.2022 | 1395 | NR | NR | 1940 | 1489 |
| 20.08.2022 | 1333 | NR | NR | 1773 | 1455 |
| 27.08.2022 | NR | NR | NR | 1800 | 1447 |

**തേങ്ങ**

പ്രമുഖ നാളികേര ഉത്പാദക രാജ്യങ്ങളായ ഫിലിപ്പീൻസ് ഇന്തോനേഷ്യ, ശ്രീലങ്ക, ഇന്ത്യ, എന്നിവിടങ്ങളിലെ ആഭ്യന്തര വിപണികളിൽ 2022 ഓഗസ്റ്റ് മാസം രേഖപ്പെടുത്തിയ നാളികേരത്തിന്റെ വില നിലവാരം പട്ടിക 8 ൽ :

പട്ടിക 8 : നാളികേരത്തിന്റെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
|---|---|---|---|---|
| 06.08.2022 | 151 | 144 | 173 | 276 |
| 13.08.2022 | 151 | 146 | 179 | 282 |
| 20.08.2022 | 149 | 145 | 181 | 282 |
| 27.08.2022 | NR | 148 | 178 | 270 |

*പൊള്ളാച്ചി

**കൊപ്ര**

ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക, ഇന്ത്യ എന്നീ രാജ്യങ്ങളിലെ ആഭ്യന്തര വിപണികളിൽ കൊപ്ര വിലയിൽ നേരിയ മാന്ദ്യമാണ് പ്രകടമായത്. ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക, ഇന്ത്യ എന്നീ രാജ്യങ്ങളിലെ വിവിധ ആഭ്യന്തര വിപണികളിലെ കഴിഞ്ഞ മാസത്തെ കൊപ്രയുടെ വാരാന്ത്യ വില നിലവാരം പട്ടിക 9 ൽ :

പട്ടിക 9 : കൊപ്ര ഉത്പാദക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ)

| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
|---|---|---|---|---|
| 06.08.2022 | 698 | 657 | 984 | 997 |
| 13.08.2022 | 694 | 664 | 928 | 991 |
| 20.08.2022 | 675 | 610 | 967 | 966 |
| 27.08.2022 | NR | 639 | 941 | 966 |

*കാങ്കയം

*NR - Not Reported

[1]Source: Epaper, Kerala Kaumudi, 2 Star market bulletin, *** Krishimarata vahini

# നാളികേര വികസന ബോർഡ്

ചെയർമാൻ
ഡോ. എൻ വിജയലക്ഷ്മി ഐഎഎസ്
ഫോൺ : 0484 – 2375216

മുഖ്യ നാളികേര വികസന ഓഫീസർ
ഡോ. ബി ഹനുമന്ത് ഗൗഡ
ഫോൺ: 0484 – 2375999

സെക്രട്ടറി
ശ്രീ. ആർ. മധു
ഫോൺ : 0484 – 2377737

Government of India,
Ministry of Agriculture and Farmer's Welfare
P.B. No.1012, Kera Bhavan, SRV Road
(Near SRV High School),
Kochi – 682 011, Kerala, India.
Email : kochi.cdb@gov.in
Website: https://www.coconutboard.gov.in
Office:0484-2376265, 2377267,
PABX : 2377266, 2376553, Fax:91 484-2377902

## മേഖലാ ഓഫീസുകൾ

**കർണ്ണാടകം**
ഡയറക്ടർ,
റീജിയണൽ ഓഫീസ്, നാളികേര വികസന ബോർഡ്, ഹുളിമാവ്, ബന്നാർഗട്ട റോഡ് (ഹോർട്ടി കൾച്ചർ ഫാമിനു സമീപം, ഗവൺമെന്റ് ഓഫ് കർണ്ണാടക) ബാംഗ്ലൂർ സൗത്ത് താലൂക്ക്, ബാംഗ്ലൂർ 560 076 കർണ്ണാടക. ഫോൺ : (080) 26593750, 26593743
ഫാക്സ് : 08026594768
E-mail: ro-bnglr@coconutboard.gov.in

**ആസ്സാം**
ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
ഹൗസ് ഫെഡ് (6–ാം നില), വയർലസ്സ് ബസ്സിദ റോഡ്, ലാസ്റ്റ് ഗേറ്റ്, ദിസ്പൂർ, ഗുവാഹത്തി – ആസ്സാം. ഫോൺ : (0361) 2220632
ഫാക്സ് : (0361) 2229794
E-mail: ro-guwahati@coconutboard.gov.in

**തമിഴ്നാട്**
ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
നമ്പർ : 47, ഡോ. രാമസ്വാമി സാലൈ
കെ. കെ. നഗർ, ചെന്നൈ,
600 078, തമിഴ്നാട്. ഫോൺ: (044) 23662684, 23663685 ഫാക്സ് :(044) 22673684,
E-mail: ro-chennai@coconutboard.gov.in

**ബീഹാർ**
ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
ഫുൽവാരി റോഡ്, ജഗദേവ് പഥ്,
പാറ്റ്ന – 800 014, ബീഹാർ.
ഫോൺ: 0612 – 2972020
ഫാക്സ് : 0612 – 2272742
E-mail: ro-patna@coconutboard.gov.in

## സ്റ്റേറ്റ് സെന്ററുകൾ

**ആൻഡമാൻ നിക്കോബാർ ദ്വീപുകൾ**
ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്, ഹൗസ് എംബി നമ്പർ.54, ഗുരുദ്വാര ലെയിൻ, പോസ്റ്റോഫീസിനു സമീപം, ബി.എസ്.എൻ.എൽ. ക്വാർട്ടേഴ്സിന് എതിർവശം, പോർട്ട് ബ്ലെയർ 744 101, സൗത്ത് ആൻഡമാൻ.ഫോൺ: (03192) 233918
E-mail: sc-andaman@coconutboard.gov.in

**ആന്ധ്രാ പ്രദേശ്**
ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് സെന്റർ,
നാളികേര വികസന ബോർഡ്, ഡോർ നമ്പർ.No.4-123,
രജുള ബസാർ, രാമവാരപ്പാട് പി.ഒ, ന്യൂ സില പരിഷത്ത് ഹൈ സ്കൂൾ, വിജയവാഡ 521108, കൃഷ്ണ ജില്ല,
ആന്ധ്രാപ്രദേശ്, ടെലി ഫാക്സ് : 0866 2972723
E-mail: sc-vijayawada@coconutboard.gov.in

**മഹാരാഷ്ട്ര**
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്,
ഫ്ളാറ്റ് നമ്പർ. 203, 2–ാം നില, യൂകാലിപ്സ് ബിൽഡിംഗ്,
ഗോഡ് ബന്തർ റോഡ്, താനെ 400 610. മഹാരാഷ്ട്ര.
ഫോൺ : 02265100106
E-mail: sc-thane@coconutboard.gov.in

**ഒഡീഷ**
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്,
പിട്ടാപ്പള്ളി, കുമാർബസ്ത പി.ഒ.,
ഖുർദ ജില്ല 752 055 ഒഡീഷ.
ഫോൺ: 8280067723
E-mail: sc-pitapalli@coconutboard.gov.in

**വെസ്റ്റ് ബംഗാൾ**
ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്,
DA-94 -സെക്ടർ I, സോൾട്ട് ലേയ്ക്ക് സിറ്റി,
കൊൽക്കത്ത, 700 064.വെസ്റ്റ് ബംഗാൾ
ഫോൺ : (033) 23599674 ഫാക്സ് : (033) 23599674
E-mail: sc-kolkata@coconutboard.gov.in

**ഗുജറാത്ത്**
സ്റ്റേറ്റ് സെന്റർ,
നാളികേര വികസന ബോർഡ്, ബി വിംഗ്,
ഫസ്റ്റ് ഫ്ളോർ, ബാഹുമലി ഭവൻ, സ്റ്റേറ്റ് ഹൈവേ 31,
ദുരുവേഷ് നഗർ, ഷഷികുഞ്ജ്, ജുനഗഢ്, 362001.
ഗുജറാത്ത്. ഫോൺ : 02852990230

**മാർക്കറ്റ് ഡെവലപ്മെന്റ് കം ഇൻഫർമേഷൻ സെന്റർ**
ഡെപ്യൂട്ടി ഡയറക്ടർ,
മാർക്കറ്റ് ഡെവലപ്മെന്റ് കം ഇൻഫർമേഷൻ സെന്റർ, നാളികേര വികസന ബോർഡ്, 120, ഹർഗോവിന്ദ് എൻക്ലേവ്, ന്യൂഡൽഹി 110 092. ഫോൺ : (011) 22377805
ഫാക്സ് : (011) 22377806
E-mail: mdic-delhi@coconutboard.gov.in

**സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (സി.ഐടി) ടെക്നോളജി ഡെവലപ്മെന്റ് സെന്റർ ആന്റ് ക്വാളിറ്റി ടെസ്റ്റിംഗ് ലാബോറട്ടറി**
ഡെപ്യൂട്ടി ഡയറക്ടർ, ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, ക്വാളിറ്റി ടെസ്റ്റിംഗ് ലാബോറട്ടറി & സിഐടി,
നാളികേര വികസന ബോർഡ്, കീൻപുരം,
സൗത്ത് വാഴക്കുളം, ആലുവ, എറണാകുളം ജില്ല.
പിൻ 683 105. കേരള. ഫോൺ : (0484) 2679680
E-mail : cit-aluva@coconutboard.gov.in

**ഫീൽഡ് ഓഫീസ്, തിരുവനന്തപുരം**
ഫീൽഡ് ഓഫീസ്,
നാളികേര വികസന ബോർഡ്,
അഗ്രികൾച്ചറൽ അർബൻ, ഹോൾസെയിൽ മാർക്കറ്റ് (വേൾഡ് മാർക്കറ്റ്)
ആനയറ പി.ഒ., തിരുവനന്തപുരം
പിൻ – 695 029 കേരള. ഫോൺ : 0471 2741006
E-mail fo-tvprm@coconutboard.gov.in

## വിത്ത് ഉൽപാദന പ്രദർശന തോട്ടങ്ങൾ

**ആന്ധ്രാപ്രദേശ്** : അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, വേഗിവാഡ, (വില്ലേജ്) പി.ഒ.തടികലപ്പുടി (വഴി), വെസ്റ്റ് ഗോദാവരി (ജില്ല) ആന്ധ്രാപ്രദേശ് – 534 452.
ഫോൺ : 8331869886 ഇ–മെയിൽ : f-vegiwada@coconutboard.gov.in

**ആസ്സാം** : ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, അഭയാപുരി, ബോങ്കായ്ഗോൺ, , ആസ്സാം – 783 384. ഫോൺ : 9957694242,
ഇ–മെയിൽ : f-abhayapuri@coconutboard.gov.in

**കർണ്ണാടക**:ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ലോക്സാര പി.ഒ., മാൺഡ്യ ജില്ല, കർണ്ണാടക – 571 478. ഫോൺ :08232298015
ഇ–മെയിൽ : f-mandya@coconutboard.gov.in

**കേരള**: അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, നേര്യമംഗലം, കേരള. പിൻ 686 693.ഫോൺ: (0485) 2554240
ഇ–മെയിൽ : f-neriamangalam@coconutboard.gov.in

**ഒഡീഷ**:ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, പിട്ടാപ്പള്ളി, കുമാരബസ്ത പി.ഒ., ഖുർദ ജില്ല – 752 055, ഒഡീഷ. ഫോൺ : 8280067723
ഇ–മെയിൽ : f-pitapalli@coconutboard.gov.in

**ബീഹാർ**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, സിംഗേശ്വർ പി.ഒ, പിൻ 852 128, മധേപുര ജില്ല, ബീഹാർ ഫോൺ : (06476) 283015
ഇ–മെയിൽ : f-madhepura@coconutboard.gov.in

**ഛത്തീസ്ഖർ**:അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, കൊണ്ടഗോൺ 494 226, ബാസ്താർ ജില്ല, ഛത്തീസ്ഖർ.
ഫോൺ: (07786) 242443 ഫാക്സ്: (07786) 242443
ഇ–മെയിൽ: f-kondagaon@coconutboard.gov.in

**മഹാരാഷ്ട്ര**: അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ദപോലി വില്ലേജ്, സത്പതി പി.ഒ., പാൽഗാർ ജില്ല, പിൻ – 401405, മഹാരാഷ്ട്ര.
ഫോൺ : (02525) 256090 മൊബൈൽ :07767948448 & 7776940774
ഇ–മെയിൽ : f-palghar@coconutboard.gov.in

**തമിഴ്നാട്**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ദാലി, തിരുമൂർത്തി നഗർ പി.ഒ., ഉദുമൽപെട്ട്,തമിഴ്നാട് – 642 112 ഫോൺ : (04252) 265430
ഇ–മെയിൽ : f-dhali@coconutboard.gov.in


**ത്രിപുര**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ഹിച്ചാച്ചെറ, സഖ്ബാരി പി.ഒ., ജോലാബാരി വഴി, സാബ്റൂം, സൗത്ത് ത്രിപുര, ത്രിപുര പിൻ :799141 ഇ–മെയിൽ : f-hitchachara@coconutboard.gov.in

**പശ്ചിമ ബംഗാൾ**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഫുളിയ ശാഖയ്ക്ക് സമീപം, എൻ.എച്ച് 34, ബെലേമാഥ് പി.ഒ. നദിയ, പശ്ചിമ ബംഗാൾ 741402, ഫോൺ : (03473) 234002
ഇ–മെയിൽ : f-fulia@coconutboard.gov.in

2022 സെപ്റ്റംബർ
പുസ്തകം 14
ലക്കം 9
വില: 4 രൂപ

Registered No: KL/EKM/719/2021-23
**Licence No. KL/CR/EKM/WPP-21/2021-23**
**Licensed to Post Without Prepayment**
RNI No. KERMAL/2009/32819

**ഇന്ത്യൻ നാളികേര ജേണൽ**
**Date of Publication - 25/9/2022**




## 5 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് വെറും 99 രൂപയ്ക്ക്

**ലഭിക്കുന്ന പരിരക്ഷ**
- മരണം
- അംഗവൈകല്യം
- അപകടാനുബന്ധ തൊഴിൽ നഷ്ടം
- ചികിത്സാ ചിലവുകൾക്ക് ആശ്വാസം

## ആർക്കെല്ലാം അംഗമാകാം ?

**തെങ്ങുകയറ്റ**
**നാളികേര വിളവെടുപ്പ്**
**നീര ഉൽപാദന**
**തൊഴിലാളികൾ**

## പ്രായപരിധി – 18 – 65

അപേക്ഷാ ഫാറത്തിന്
നാളികേര വികസന ബോർഡിന്റെ വെബ് സൈറ്റ്
www.coconutboard.gov.in സന്ദർശിക്കുക

# വരൂ...
# കേരസുരക്ഷ ഇൻഷുറൻസ്
# പദ്ധതിയിൽ അംഗമാകൂ

**നാളികേര വികസന ബോർഡ് സംരംഭം.**
**പങ്കാളി – ഒറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്**

**തെങ്ങുകയറ്റ തൊഴിലാളികൾക്കും**
**നാളികേര വിളവെടുപ്പുകാർക്കും**
**പ്രയോജനകരമായ**
**അപകട ഇൻഷുറൻസ് പദ്ധതി**

**മുൻകൂട്ടി ആലോചിക്കൂ**
**സംരക്ഷണവും സുരക്ഷയും ഉറപ്പാക്കൂ**

കൂടുതൽ വിവരങ്ങൾക്ക്
ദയവായി ബന്ധപ്പെടുക
0484 2377266 (എക്സ്റ്റൻഷൻ 255)
നാളികേര വികസന ബോർഡ്,
കേരഭവൻ
എസ് ആർ വി റോഡ്, കൊച്ചി – 11


Printed and published by Mini Mathew, on behalf of Coconut Development Board, Printed at M/s KBPS, Kakkanad, Kochi-30 and published at Coconut Development Board, Govt. of India,
Ministry of Agriculture and Farmer’s Welfare, Kera Bhavan, Kochi-11, Editor: Deepthi Nair S.